2014 ഡിസംബർ 25
വാല്യം 07
ലക്കം 24

# ബിലീവേഴ്സ് ജേണൽ

RNI. NO. KERMAL/2008/26530 POSTAL Reg. No. KL/TLA 225/2012 - 14 Annual Subscription Rs.150/- Pages:12

# ഐ.പി.സിയിൽ എന്ത് പ്രതിസന്ധി?

ജെയ്സ് പാണ്ടനാട്


കെ.ഇ.എബ്രഹാം


കെ.സി.ചെറിയാൻ


കെ. സി. ഉമ്മൻ


റ്റി.ജി.ഉമ്മൻ


പി.എം.ഫിലിപ്പ്

**കുമ്പനാട്:** സമീപകാലത്ത് ഉണ്ടായ ചില സംഭവവികാസങ്ങളുടെ വെളിച്ചത്തിൽ ഐ.പി.സി പ്രസ്ഥാനം ആകമാനം ഗുരുതരമായ പ്രതിസന്ധിയിലാണെന്ന് പ്രചാരവേല ചിലർ ഏറ്റെടുത്തിയിരിക്കുകയാണ്. വ്യക്തിപരവും ഒറ്റപ്പെട്ടതുമായ പ്രശ്നങ്ങളെ പർവ്വതീകരച്ചും സാമാന്യവല്ക്കരിച്ചും കാണിച്ച് വിശ്വാസി സമൂഹത്തിൽ ഭീതി സൃഷ്ടിക്കുന്ന തരത്തിലുള്ള 'സെൻസേഷൻ' വാർത്താവിശകലനം ഗൗരവമുള്ളതല്ല.

ഭാരതത്തിന്റെ ഏറ്റവും വലിയ പെന്തെക്കോസ്തു മുന്നേറ്റമാണ് ഇന്ത്യാ പെന്തെക്കോസ്ത് ദൈവസഭ. 1930 വരെ കേരളത്തിലെ പെന്തെക്കോസ്ത് സഭയക്ക് ഒരു ധാർമ്മിക അഖണ്ഡത ഉണ്ടായിരുന്നു. 1920കളിൽ സമുദായങ്ങളിലെ എപ്പിസ്ക്കോപ്പൽ ബന്ധത്തെ പൊട്ടിച്ചെറിഞ്ഞ് പെന്തെക്കോസ്തിലേക്ക് ചേക്കേറിയവരുടെ നയപ്രഖ്യാപനം അവരുടെ കൂട്ടായ്മകൾ കെട്ടുപാടുകളില്ലാത്തതും സ്വതന്ത്രവുമാണെന്നായിരുന്നു. 1930ൽ സായ്പിന്റെ വിദേശ മേൽകോയ്മയെ തള്ളി പറഞ്ഞ് 'അപ്പോസ്തലിക വിശ്വാസം', പ്രാദേശിക സഭകളുടെ സ്വാതന്ത്ര്യം; തുടങ്ങിയ വിശ്വാസപ്രഖ്യാപനങ്ങൾ ഉയർത്തിപ്പിച്ച പൂർവ്വികരുടെ കൂട്ടായ്മയാണ് ഐ.പി.സിയുടെ രൂപികരണത്തിന് തുടക്കം. പാസ്റ്റർമാരായ കെ.ഇ. ഏബ്രഹാം, കെ.സി.ഉമ്മൻ, കെ.സി.ചെറിയാൻ, റ്റി.ജി.ഉമ്മൻതുടങ്ങിയ മഹാരഥന്മാരായ പിതാക്കന്മാർ ദാർശനീകമായി അടിത്തറയിട്ട പ്രസ്ഥാനം. വ്യക്തമായ സൈദ്ധാന്തിക അടിത്തറയും ചിട്ടയായ ജീവിതരീതിയും സമ്പന്നമായ പൈതൃകവും വിശുദ്ധീകരണത്തിലധിഷ്ഠിതമായ ആത്മനിറവിൽ ജീവിതവും പെന്തെക്കോസ്തിനെ വ്യതിരിക്തമാക്കി. പെന്തെക്കോസ്തിനെ പൂർണ്ണമായും പ്രതിഫലിപ്പിക്കുന്ന കൂട്ടായ്മകൾ. അന്നത്തെ പെന്തെക്കോസ്തിന്റെ ശക്തി വിശുദ്ധിയും സാഹോദര്യവും സാക്ഷീകരണവും ആയിരുന്നു. സ്ത്രീധനം, പലിശ, ആഡംബരം, ധൂർത്ത് തുടങ്ങിയ സാമൂഹിക പ്രശ്നങ്ങൾക്കെതിരെ ധീരമായ നിലപാട് സ്വീകരിച്ചു. ആൾക്കൂട്ടത്തിന്റെയും പണക്കൊഴുപ്പിന്റെയും വലിപ്പത്തിലല്ല അവർ സത്വം കണ്ടെത്തിയത്. ജീവിതമായിരുന്നു പെന്തെക്കോസ്തിന്റെ ആത്മാവ്. ബാഹ്യവും ആന്തരീകവുമായ ഉപേക്ഷണം അവർ ഏറ്റെടുത്തു ആളുകൾ പങ്കുവെച്ചു. ഇതായിരുന്നു ഐ.പി.സിയുടെ കരുത്തും വിഭവശേഷിയും.

1930 മുതൽ 1953 വരെയുള്ള 23 വർഷങ്ങൾ ഐ.പി.സിയുടെ വളർച്ച ദ്രുതഗതിയിലായി. 'സ്ട്രക്ച്ചർ' പിതാക്കന്മാർക്ക് ഒരു പ്രശ്നമല്ലായിരുന്നു. ദൈവത്തിന്റെ പരമാധികാരത്തിൽ അവർ വിശ്വസിച്ചു. രാജ്യവും രാജാവും ഒന്നുമില്ലാതിരുന്ന യിസ്രായേൽ നീണ്ട പത്തൊൻപതു നൂറ്റാണ്ടുകാലത്തെ തിരോധാന

04

## 33–ാം പെന്തക്കോസ്തുകോൺഫ്രൻസ് ഹോട്ടൽഹയാട്ട് റീജൻസിയിൽ



ജെയിംസ് മുളവന
പബ്ലിസിറ്റികൺവീനർ

**നോ**ർത്തമേരിക്കൻ മലയാളി പെന്തെക്കോസ്തു കോൺഫ്രൻസിന്റെ 33-മതു സമ്മേളനം സൗത്ത് കരോലിനായിലെ ഗ്രീൻവിൽ സിറ്റിയിലെ ഹോട്ടൽ ഹയാട്ട് റീജൻസിയിൽ നടക്കും.

അമേരിക്കയിലെഏതു പട്ടണത്തിൽ നിന്നും ഒരു പകൽ ദിനയാത്രകൊണ്ട് എത്തിച്ചേരാവുന്ന സമ്മേളന നഗരിയിലേക്ക് ഏറ്റവും മെച്ചമായ യാത്രാ ക്രമീകരണങ്ങളാണ് സംഘാടകർ ചെയ്തിരിക്കുന്നത്.

33-ാമത് സമ്മേളനത്തിന് മുന്നോടിയായി ദേശീയ വ്യാപകമായി അമേരിക്കയിലെ ഓരോ സംസ്ഥാനങ്ങളിലേയും തിരഞ്ഞെടുക്കപ്പെടുന്ന പട്ടണങ്ങൾ കേന്ദ്രമാക്കി 2015 ജനുവരി 1 മുതൽ 3 വരെയുള്ള ദിവസങ്ങളിൽ പ്രത്യേക സമ്മേളനം നടക്കും. കോൺഫ്രൻസിന്റെ മുൻഭാരവാഹികൾ, സംസ്ഥാന പ്രതിനിധികൾ, അതാതു പട്ടണങ്ങളിലെ സഭാ പാസ്റ്റർമാർ, പ്രത്യേകം തിരഞ്ഞെടുക്കപ്പെടുന്ന പ്രാദേശിക സഭാ പ്രതിനിധികൾ എന്നിവർ കൂടിവരുന്ന ഈ യോഗത്തിൽ ഇതുവരെയുള്ള കോൺഫ്രൻസിന്റെ പുരോഗതികളെ വിലയിരുത്തുന്നതോടൊപ്പം പുതുതായി ആവിഷ്കരിക്കപ്പെടേണ്ട കോൺഫ്രൻസ് സംവിധാനങ്ങളെക്കുറിച്ചും, കാലാനുസൃതമായി ഉൾക്കൊള്ളേണ്ട മാറ്റങ്ങളെക്കുറിച്ചുമുള്ള ചർച്ചകൾ നടക്കും. അതാതുസംസ്ഥാനങ്ങളിലെ പ്രതിനിധികൾ പ്രസ്തുത യോഗത്തിന് അദ്ധ്യക്ഷത വഹിക്കും.

കരോലിനാ സംസ്ഥാനത്തു വെച്ചു നടത്തപ്പെടുന്ന ആദ്യ സമ്മേളനമാണിത്.

കുട്ടികൾക്കുവേണ്ടി നടത്തുവാൻ

09

## ഇന്ത്യൻ അസംബ്ലീസ് ഓഫ് ഗോഡ് നാഷണൽ കോൺഫറൻസ് രജിസ്ട്രേഷൻ കിക്ക് ഓഫ് ചെയ്തു



**ചിക്കാഗോ:** 2015 ജൂലൈ 16 മുതൽ 19 വരെ ചിക്കാഗോയിൽ നടക്കുന്ന മലയാളി അസംബ്ലീസ് ഓഫ് ഗോഡ് സഭകളുടെ 19-മത് നാഷണൽ കോൺഫറൻസിന്റെ രജിസ്ട്രേഷൻ കിക്ക് ഓഫ് ഡിസംബർ 7ന് ചിക്കാഗോയിലെ ഷില്ലർപാർക്കിലുള്ള ഇന്റർനാഷണൽ ക്രിസ്ത്യൻ അസംബ്ലീയിൽ വച്ച് നടത്തപ്പെട്ടു. നാഷണൽ ലോക്കൽ കമ്മിറ്റികളുടെയും നിരവധി വിശ്വാസികളുടെയും സാന്നിദ്ധ്യത്തിൽ ബ്രദർ ജോണി വർഗീസിൽ നിന്നും രജിസ്ട്രേഷൻ ഫോം സ്വീകരിച്ച് നാഷണൽ കൺവീനർ പാസ്റ്റർ ജോർജ് കെ. സ്റ്റീഫൻ ഉദ്ഘാടനം ചെയ്തു. മറ്റ് പലരുടെയും സാമ്പത്തിക സഹകരണങ്ങളും അന്ന് ലഭ്യമാകുകയുണ്ടായി.

നാഷണൽ സെക്രട്ടറി ഫിലിപ്പ് ദാനിയേൽ, ട്രഷറർ സാബു യോഹന്നാൻ, യൂത്ത് കോർഡിനേറ്റർ ആശിഷ്

04

## സാക്ഷി



പെന്തെക്കോസ്തിൽ കോടതി വ്യവഹാരം സാധാരണമാകുന്നു.

1 കൊരിന്ത്യർ 6-ാം അദ്ധ്യായം ഇവരുടെ ബൈബിളിൽ ഇല്ല.

## ബിലീവേഴ്സ് ജേണൽ വായനക്കാരുടെയും പ്രതിനിധികളുടെയും ശ്രദ്ധയ്ക്ക്

ബിലീവേഴ്സ് ജേണൽ 8-ാം വർഷത്തിലേക്ക് പ്രവേശിക്കുകയാണ്. കഴിഞ്ഞ 7 വർഷക്കാലം ബിലീവേഴ്സ് ജേണലിന് നൽകിയ പിന്തുണയ്ക്കായി നന്ദി പറയുന്നു. തുടർന്നും വായനക്കാരുടെ പിന്തുണയും പ്രാർത്ഥനയും അപേക്ഷിക്കുന്നു. പ്രിന്റിംഗും അനുബന്ധചെലവുകളും വളരെ വർദ്ധിച്ചതിനാൽ ഈ പ്രവർത്തനത്തെ സ്നേഹിക്കുന്നവർ വരിസംഖ്യ കുടിശിക അടച്ച് ഈ ശുശ്രൂഷയെ സഹായിച്ചാലും. കുമ്പനാട് കൺവൻഷനിൽ ബിലീവേഴ്സ് ജേണൽ സ്റ്റാൾ സന്ദർശിച്ച് വരിസംഖ്യ അടയ്ക്കുവാൻ ശ്രദ്ധിക്കുമല്ലോ.

**ബിലീവേഴ്സ് ജേണൽ പ്രതിനിധികളുടെ ഐ.ഡി കാർഡ് പുതുക്കുന്നതിനാൽ എല്ലാ പ്രതിനിധികളും ഡിസംബർ 31–ന് മുമ്പായി ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്.**

**ഫോൺ:** 9447368795
9947743346

## ബിലീവേഴ്സ് ജേണൽ പ്രയർ ലൈൻ

**നിങ്ങളുടെ പ്രാർത്ഥനാവിഷയങ്ങൾക്കായി 24 മണിക്കൂറും പ്രയർ ഹെൽപ് ലൈൻ ആരംഭിച്ചിരിക്കുന്ന വിവരം സസന്തോഷം അറിയിക്കുന്നു. നിങ്ങളുടെ പ്രാർത്ഥനാവിഷയങ്ങൾ താഴെ പറയുന്ന ടെലിഫോൺ നമ്പറുകളിലോ ഇ–മെയിൽ വിലാസത്തിലോ അറിയിക്കാവുന്നതാണ്.**

**ഫോൺ: 9947743346**
**9526602670**

**Email:**
**beljournprayer@gmail.com**

ബിലീവേഴ്സ് ജേണൽ

പത്രാധിപ സമിതി

രക്ഷാധികാരി
റവ. ജോർജ്ജ് വി. മേക്കാട്ട്

ചെയർമാൻ
രാജൻ ആര്യപ്പള്ളിൽ

വൈസ് ചെയർമാൻ
വിൽസൺ ജോർജ്ജ്

ചീഫ് എഡിറ്റർ
പാസ്റ്റർ സാംകുട്ടി മാത്യു

മാനേജിംഗ് എഡിറ്റർ
എം.വി. ഫിലിപ്പ്

ഗൾഫ് എഡിറ്റർ
പാസ്റ്റർ ബിജു ജോയി

കോർഡിനേറ്റർ
പാസ്റ്റർ കെ. ജെ. മാത്യു

മലബാർ കോർഡിനേറ്റർ
പാസ്റ്റർ സജി നെടുങ്കണ്ടം

ബിലീവേഴ്സ് ജേണൽ
വാർഷിക വരിസംഖ്യ
ഇന്ത്യയിൽ: 150 രൂപ
യു.എസ്.എ. & കാനഡ: $ 40
യു.കെ: £ 20
ഗൾഫ് രാജ്യങ്ങൾ: 1500 രൂപ

വരിസംഖ്യ അയയ്ക്കേണ്ട വിലാസം
ബിലീവേഴ്സ് ജേണൽ
P.O.Box:31
Manjadi .P.O.,
Thiruvalla - 689 105
Kerala, India

BELIEVERS JOURNAL
P.O.Box: 620742
Atlanta, GA 30362
USA

Mob: 09447368795 (INDIA)
Ph: 001 - 678 - 571 - 6398 (USA)

E- mail
beljourn@gmail.com

Website
www.beljourn.com
www.beljourn.in

### അറിയിപ്പ്

ബിലീവേഴ്സ് ജേണലിൽ വരുന്ന ലേഖനങ്ങളിലെയും പതിവു പംക്തികളിലെയും ആശയങ്ങളുടെയും അഭിപ്രായങ്ങളുടെയും ഉത്തരവാദിത്വം എഴുത്തുകാർക്കുമാത്രമാണ്.

പത്രാധിപർ

# വിശ്വാസികളെ ജുഡീഷ്യൽ ആക്ടിവിസത്തിലേക്ക് തള്ളിവിടരുത്




ഐ. പി. സി., ചർച്ച് ഓഫ് ഗോഡ് സഭകളിൽ നേതൃത്വത്തിനെതിരെയും ഭരണഘടനക്കെതിരെയും ഇന്ന് കോടതി വ്യവഹാരം നടക്കുകയാണ്. ഐ. പി. സിയിലെ ചില കേസുകളിന്മേൽ വന്ന വിധി കാരണം നേതൃത്വം അങ്കലാപ്പിൽ ആയിരിക്കുന്നു എന്നതാണ് യാഥാർത്ഥ്യം. ഐ. പി. സി. ജനറൽ സെക്രട്ടറി പാസ്റ്റർ കെ. സി. ജോൺ സ്ഥാനം ഒഴിയേണ്ടി വന്നതും ഇത്തരം ഒരു വിധിമൂലമാണ്. സെന്റർ പാസ്റ്ററുമാരുടെ സ്ഥലംമാറ്റം, ഏരിയാ രൂപീകരണം, അസ്സോസിയേറ്റ് സെന്റർ പാസ്റ്റർ പദവി തുടങ്ങിയവയിലെല്ലാം സഭയ്ക്കെതിരായാണ് വിധി വന്നിരിക്കുന്നത്. ഇത് ഒട്ടധികം ആശങ്ക നേതൃത്വത്തിനുണ്ടാക്കിയിട്ടുണ്ട്. ഇതിനു പിന്നാലെ ചർച്ച് ഓഫ് ഗോഡ് കേരളാ സ്റ്റേറ്റ് നേതൃത്വത്തിനെതിരെ ആക്ഷൻ കൗൺസിലിന്റെ നേതൃത്വത്തിൽ ക്രിമിനൽ, സിവിൽ കേസുകൾ ഫയൽ ചെയ്തുകഴിഞ്ഞിരിക്കുന്നു. ഐ. പി. സിക്കെതിരായ വിധിപോലെ ഒരു വിധി ഉണ്ടായാൽ സ്റ്റേറ്റ് ഓവർസിയർ സ്ഥാനം ഒഴിയേണ്ടി വരുമെന്നാണ് ആക്ഷൻ കൗൺസിലുമായി ബന്ധപ്പെട്ടവർ പറയുന്നത്. ആത്മീയ പ്രസ്ഥാനങ്ങളും അതിലെ അംഗങ്ങളും കോടതി വ്യവഹാരത്തിനായി തുനിയുന്നത് ഭൂഷണമല്ല. എന്നാൽ എന്തുകൊണ്ടാണ് ഇങ്ങനെ സംഭവിക്കുന്നത് എന്ന് നമ്മൾ സ്വയപരിശോധന നടത്തേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. സഭയ്ക്കുള്ളിൽ പറഞ്ഞുതീർക്കേണ്ട വിഷയങ്ങൾ അതിന് അവസരം ലഭിക്കാതെ വരുമ്പോഴാണ് ജനം കോടതികളെ അഭയം തേടുന്നത്. അർത്ഥാൽ വിശ്വാസികളെ ജുഡീഷ്യൽ ആക്ടിവിസത്തിലേക്ക് തള്ളിവിടുന്നതിന്റെ ഉത്തരവാദിത്വത്തിൽ നിന്ന് കാലാകാലങ്ങളിൽ ഭരണം നടത്തിയവർക്ക് ഒഴിഞ്ഞുമാറാൻ ആവില്ല. വ്യക്തിതാൽപര്യം, സ്വജന പക്ഷപാതം, അഴിമതി, ഭരണഘടനാലംഘനം ഇവയെല്ലാം നടത്തുന്ന നേതൃത്വമാണ് ഒരു പരിധിവരെ ഇന്നത്തെ വിഷയങ്ങൾക്ക് കാരണം. പ്രസ്ഥാനത്തിന്റെ നന്മയെ ആഗ്രഹിക്കുന്നവർ കാലാകാലങ്ങളിൽ അനീതിക്കെതിരെ ശബ്ദം ഉയർത്തുമ്പോൾ അതിനെ പുച്ഛിച്ചു തള്ളുകയും അവഗണിക്കുകയും ചെയ്യുന്ന പതിവാണ് പെന്തെക്കോസ്ത് നേതൃത്വം കാലങ്ങളായി ചെയ്തുവരുന്നത്.

ശൂന്യതയിൽ നിന്ന് ചുരുങ്ങിയ കാലം കൊണ്ട് ശതകോടീശ്വരന്മാരായി മാറുകയും ബിസിനസ്സ് സാമ്രാജ്യങ്ങൾ കെട്ടിപ്പടുക്കയും ചെയ്ത പെന്തെക്കോസ്ത് നേതാക്കന്മാർ ഇതൊന്നും നേരായ മാർഗ്ഗത്തിൽ ഉണ്ടാക്കിയതല്ല എന്നത് നഗ്നമായ സത്യമാണ്. വിശ്വാസികളുടെ ആത്മീയ ഉന്നമനത്തിനായി ശുശ്രൂഷ ചെയ്യേണ്ട ദൈവദാസന്മാർ ഇന്ന് ആത്മീയതയുടെ മറവിൽ അടക്കിഭരിക്കുകയാണ്. ഇന്നത്തെ പെന്തെക്കോസ്ത് ഭരണക്രമങ്ങളെല്ലാം വിശുദ്ധവേദപുസ്തകത്തിലെ വ്യവസ്ഥകൾക്ക് എതിരാണ്. ഭൗതിക വിഷയങ്ങൾ കൈകാര്യം ചെയ്യുന്നതും ആത്മീയ വിഷയങ്ങൾ കൈകാര്യം ചെയ്യുന്നതും ആദിമനൂറ്റാണ്ടിൽ ഒരേ ആളുകളല്ലായിരുന്നു. ആത്മീയ നേതൃത്വം വചനധ്യാനത്തിലും പ്രാർത്ഥനയിലും ഉറ്റിരുന്ന് സഭയെ ശക്തമായി നയിക്കുകയായിരുന്നു. ഈ മനോഭാവത്തോടെ ആരംഭിച്ച പെന്തെക്കോസ്ത് സഭകൾ കാലങ്ങൾ കഴിഞ്ഞപ്പോൾ തന്ത്രത്തിൽ അധികാരമെല്ലാം ആത്മീയനേതാക്കൾ പിടിച്ചടക്കി. വിശ്വാസികളെയും സാധാരണ ശുശ്രൂഷകരെയും രണ്ടാംകിട പൗരന്മാരായി പരിഗണിക്കുന്ന നിലയിലേക്ക് കാര്യങ്ങൾ മാറി. അധികാരം ചിലരിൽ കേന്ദ്രീകരിച്ചപ്പോൾ അഴിമതിയും സ്വജനപക്ഷപാതവും സർവ്വസാധാരണമായി.

ആത്മീയ നേതൃത്വം തീരുമാനം എടുക്കാതെ വരുമ്പോൾ കോടതികൾ വിധി പ്രസ്താവിക്കുന്നു. 1കൊരി.6 -ാം അദ്ധ്യായത്തിൽ പൗലോസ് ചോദിക്കുന്ന ചോദ്യം ഇന്ന് വളരെ പ്രസക്തമാണ്. "നിങ്ങളിൽ ഒരുത്തന് മറ്റൊരുത്തനോട് ഒരു കാര്യം ഉണ്ടെങ്കിൽ വിശുദ്ധന്മാരുടെ മുമ്പാകെ അല്ല അഭക്തന്മാരുടെ മുമ്പിൽ വ്യവഹാരത്തിനു പോകുവാൻ തുനിയുന്നുവോ? നിങ്ങൾക്ക് ലജ്ജയ്ക്കായി ഞാൻ ചോദിക്കുന്നത് ഇങ്ങനെ സഹോദരന്മാർക്ക് മദ്ധ്യേ കാര്യം തീർപ്പാൻ പ്രാപ്തിയുള്ള ഒരു ജ്ഞാനിയും നിങ്ങളുടെ ഇടയിൽ ഇല്ലയോ?"

കോടതി വ്യവഹാരവും പിളർപ്പുകളുമെല്ലാം ആത്മാക്കളെ നഷ്ടപ്പെടുത്തുന്നതിനും പ്രസ്ഥാനത്തിന്റെ വില സമൂഹമദ്ധ്യേ കുറയ്ക്കുന്നതിനും മാത്രമേ ഉപകരിക്കൂ. ഇതിനെല്ലാം പരിഹാരം ആദ്യം നേതൃത്വത്തിലുള്ളവരും പിന്നെ ബാക്കിയുള്ളവരും മാനസാന്തരപ്പെടണം എന്നുള്ളതുമാത്രമാണ്. നിങ്ങൾ എന്നെ കമ്മ്യൂണിസ്റ്റാക്കി എന്നതുപോലെ വിശ്വാസികളെ ജുഡീഷ്യൽ ആക്ടിവിസത്തിലേക്ക് തള്ളിവിടാതിരിക്കേണ്ട കടമ നേതൃത്വത്തിനുണ്ട് എന്നുള്ളതും മറക്കണ്ട.

## വേദ പഠനം

# ഇടയ ലേഖനങ്ങൾ
## (The Pastoral Epistles)

– തുടർച്ച–



എഡിസൺ തോമസ്
വേങ്ങൂർ, 9961336353

### ഹുമനയോസും അലക്സന്തരും–

ഇതിൽ ആദ്യത്തെ പേര് നമുക്ക് അത്ര പരിചിതമല്ല. ആ പേരിന്റെ അർത്ഥം വിവാഹദേവനായ ഹുമയനെ ബാധിക്കുന്നതു എന്നാണ്. ഇയാളെപ്പറ്റി വീണ്ടും 2 തിമോ: 2:18–ൽ പറയുന്നുണ്ട്. എന്ത് കുഴപ്പമാണ് ഇയാൾ ഒപ്പിക്കുന്നത്. ആദ്യം പറയുന്നിടത്തു മനസ്സാക്ഷി ഇല്ലാതെ പെരുമാറി വിശ്വാസക്കപ്പൽ തകർത്തു എന്നാണ്. മനസ്സാക്ഷി ശരിയായ കാര്യങ്ങളെ മനസ്സിലാക്കി, തെറ്റായ കാര്യങ്ങളെ ഒഴിവാക്കുന്നതിനു നൽകിയിരിക്കുന്നതാണ്. ആത്മാവിന്റെ കുഴലാണ് മനസ്സാക്ഷി. കള്ളമനസാക്ഷി ഉള്ളവനായി നടക്കുന്നവനാണ് ഹുമനയോസ്. വിശ്വാസികളുടെ കൂട്ടത്തിൽ ഇത്തരക്കാരെ ഇക്കാലത്തും ധാരാളം കാണുന്നുണ്ട്. പരിശുദ്ധാത്മാവിന്റെ സഹായത്താൽ കള്ളമനസ്സാക്ഷി നീക്കി നല്ല മനസ്സാക്ഷിയാക്കണം അതു നന്മയിലേക്കും നയിക്കും. കള്ളമനസ്സാക്ഷി തിന്മയിലേക്കും നയിക്കും. കൂടാതെ മറ്റൊരു ദോഷം കൂടി ഹുമനയോസിനുണ്ട് ഭക്തിവിരുദ്ധമായ വൃഥാലാപങ്ങളിലേർപ്പെട്ട്, അനേകരുടെ വിശ്വാസം മറിച്ചു കളയുന്നു. അവന്റെ സംസാരം അനേകരുടെ ഭക്തി കെടുത്തുവാൻ മതിയായതായിരുന്നു.

അലക്സന്തർ ഈ പേര് അക്കാലത്ത് സാധാരണയായിരുന്നു. സംരക്ഷിക്കുന്നവൻ എന്നാണ് ഈ പേരിന്റെ അർത്ഥം. അതായത് വിശ്വാസത്തെ സംരക്ഷിക്കുകയാണാവശ്യം. അതിനു വിപരീതമായ കാര്യമാണ് ഇയാൾ ചെയ്തുവന്നിരുന്നത്. വിശ്വാസക്കപ്പൽ തകർന്നുപോയി എന്നാണ് ഇവനെപ്പറ്റി വായിക്കുന്നത്. മറ്റൊരു അലക്സന്തരെപ്പറ്റി 2തിമോഥെയൊസിന്റെ 4:14,15–ൽ വായിക്കുന്നു. അവൻ അപ്പോസ്തലനും ദുഃഖകാരണമായി. നല്ല പേരാണ് പക്ഷെ കൂട്ടുവിശ്വാസികൾക്കു ദോഷം ചെയ്തു. ഹുമനയൊസിനെയും അലെക്സാന്തരെയും സാത്താനെ ഏല്പിച്ചിരിക്കുന്നു എന്നു പറഞ്ഞാൽ സദാ കൂട്ടായ്മയിൽ നിന്നും തല്ക്കാലം പിരിച്ചു നിർത്തി എന്നത്രെ അർത്ഥം. ഇതൊരു ശൈലിയാണ്. അക്കാലത്ത് യഹൂദസിനഗോഗുകളിൽ നിലവിലിരുന്ന ഒരു സമ്പ്രാദയമാണ് ഇത്. ഒരു യഹൂദൻ തിന്മപ്രവർത്തിച്ചു എന്നറിഞ്ഞാൽ ഒന്നാമത് അവനെ ശാസിക്കും. അനുസരിച്ചില്ലെങ്കിൽ മുപ്പതു ദിവസത്തേക്കു സുന്നഗോഗിനു പുറത്താക്കും. അനുതപിക്കാതെ തുടർന്നാൽ ദൈവത്തിന്റെയും മനുഷ്യരുടെയും കൂട്ടായ്മയിൽ നിന്ന് അവനെ മുടക്കും. അങ്ങനെയുള്ള അനുഭവത്തെയാണ് സാത്താനു ഏല്പിക്കുക എന്ന പ്രയോഗം കൊണ്ട് ഉദ്ദേശിക്കുന്നത്. സഭ ദൈവത്തിന്റേത്, സഭയ്ക്കുപുറത്തു ഭരണം നടത്തുന്നത് സാത്താൻ അതുകൊണ്ട് സഭയിൽ നിന്നു പുറത്താക്കപ്പെടുന്നവർ സാത്താന്റെ ഭരണത്തിനു ഏല്പിക്കപ്പെടുകയാണ്. മനുഷ്യനു നേരിടുന്ന വേദനകളും ദുരിതങ്ങളും സാത്താനാലാണ് ഉണ്ടാകുന്നത് എന്നു ചിന്തിച്ചിരുന്നു കാലത്ത് ആത്മാവ് വീണ്ടെടുക്കപ്പെടേണ്ടതിനു ജനത്തെ ദണ്ഡനത്തിനു സാത്താനെ ഏല്പിക്കുന്നു എന്നും ഇതിനെക്കുറിച്ച് ചിന്തിക്കുന്നവരുണ്ട്. വിശ്വാസവും നല്ല മനസ്സാക്ഷിയും ഇല്ലാതെ ജീവിക്കുന്നവരേ എന്നെന്നേക്കുമായി തള്ളിക്കളയാതെ അവർ വിനയപ്പെട്ട് അനുതപിക്കുന്നതിനു സഹായകമായി ദണ്ഡനത്തിനു ഏല്പിക്കുന്നു എന്ന ചിന്തയും ശരി. അത്യന്തിക ശിക്ഷയല്ല രക്ഷയാണ് പൗലോസ് ഉദ്ദേശിക്കുന്നത്. അവർ ശരിയായി അനുതപിച്ചു മടങ്ങി വരേണം എന്നത്രേ ഈ നടപടിയുടെ ഉദ്ദേശ്യം. ഉപദേശപിശക്ക്, ജീവിതപിശക്ക് തുടർമാനമായി ഭിന്നത ഉണ്ടാക്കുക എന്നീ മൂന്നു കാരണങ്ങളാൽ മാത്രമേ സഭാ കൂട്ടായ്മയിൽ നിന്നും ഒരു വ്യക്തിയെ മാറ്റി നിറുത്തുവാൻ പ്രമാണമുള്ളു 1കൊരി:5:5, 1തിമോ1:1920, തീത്തോ: 3:10–11.

അവർ ദൂഷണം പറയാതിരിപ്പാൻ–ദൂഷണത്തോടുള്ള ബന്ധത്തിൽ ഒരു സംഭവകഥ കേൾക്കുക, ആ വീട്ടിലെ മാതാവ് അവരുടെ രണ്ടാമത്തെ കുഞ്ഞിന്റെ ജനനത്തോടെ രോഗിണിയായിത്തീർന്നു. എങ്കിലും ഭവനത്തിൽ സ്നേഹത്തിന്റെ അന്തരീക്ഷം നിലനിന്നിരുന്നു. എല്ലാ ദിവസവും വൈകുന്നേരം പിതാവ് ജോലി കഴിഞ്ഞുവരുമ്പോൾ ഭാര്യയും കുഞ്ഞുങ്ങളും പിതാവിനെ സന്തോഷത്തോടെ സ്വീകരിക്കുന്നത് അയൽക്കാർക്കു ഒരു പതിവു കാഴ്ചയായിരുന്നു. പക്ഷെ ഒരു ദിവസം ഇപ്രകാരം ഒരു നുണകഥ പ്രചരിച്ചു. ആ ഭർത്താവ് തന്റെ ഭാര്യയോട് അവിശ്വസ്തത കാണിച്ചിരിക്കുന്നു എന്നുള്ള കള്ളകഥ തികച്ചും അടിസ്ഥാനരഹിതമായ കാര്യം ചെവിക്കു ചെവി കൈമാറി, ചൂടപ്പം പോലെ എല്ലായിടത്തും വ്യാപിച്ചു. ഒടുവിൽ ഭാര്യയുടെ ചെവിയയിലുമെത്തി. അത് അവൾക്കു താങ്ങാവുന്നതിലധികമായിരുന്നു. ഒരു ദിവസം വൈകുന്നേരം ഭർത്താവ് വീട്ടിൽ വന്നപ്പോൾ പതിവുപോലെ വീട്ടിന്റെ വാതില്ക്കൽ അദ്ദേഹത്തെ സ്വീകരിക്കാൻ ആരും ഉണ്ടായിരുന്നില്ല. അവിടെയെല്ലാം നിശബ്ദത തളം കെട്ടി നിൽക്കുന്നു. വാസ്തവത്തിൽ എന്തു സംഭവിച്ചു. തന്റെ ഭാര്യ മകളെ കൊന്നിട്ട് ജീവിതം അവസാനിപ്പിച്ചു കഴിഞ്ഞിരുന്നു. അയാൾ നിരാശയിൽ തളർന്നു. അയാളുടെ നിഷ്കളങ്കത എല്ലാവർക്കും അറിയാമായിരുന്നു. പക്ഷെ ദൂഷണം പറയുന്നവരുടെ നാവ് അതിന്റെ പ്രവർത്തി നിർവ്വഹിച്ചു കഴിഞ്ഞിരുന്നു. അതെ മരണ

09

# എനിയ്ക്കും പറയാനുണ്ട്

ഒരു ക്രൈസ്തവ പത്രപ്രവർത്തകൻ എന്ന നിലയിൽ ധാരാളം അനുഭവങ്ങൾ വായനക്കാരുമായി പങ്കുവെക്കുവാൻ എനിയ്ക്കുമുണ്ട്. സഭാനേതാന്മാരുടെ രാഷ്ട്രീയക്കളികൾക്കിടയിൽ പലപ്പോഴും മൗനമാകാറുണ്ട്. വിദ്വാനാണെന്നു തോന്നിയതുകൊണ്ടല്ലെന്നു മാത്രം. സ്റ്റേജുകളിലും എഴുത്തിലും ഒക്കെ തിളങ്ങിനിൽക്കുന്ന പല ശ്രേഷ്ഠന്മാരെയും അടുത്തറിയുവാൻ ഇടയായതും ഈ പത്രപ്രവർത്തനം മൂലമാണ്. നെഞ്ചിലേറ്റി നടന്ന വിഗ്രഹങ്ങൾ പലതും വീണുടഞ്ഞിരിക്കുന്നു. ആത്മീയരെന്നു കരുതിയ പലരുടെയും തന്ത്രങ്ങൾ അടുത്തറിഞ്ഞപ്പോൾ അന്തംവിട്ടുപോയി. മാധ്യമങ്ങൾ പോലും പക്ഷംപിടിച്ച് വാദിച്ച് ചിലരെ ശിക്ഷിക്കുകയും ചിലരെ രക്ഷിക്കുകയും ചെയ്യുന്നത് അത്ഭുത കാഴ്ചയായി. കുമ്പനാടും മുളക്കുഴയും പുനലൂരുമെല്ലാം രാഷ്ട്രീയക്കളികളുടെ കൂത്തരങ്ങുകളായപ്പോൾ സെക്കുലർ രാഷ്ട്രീയക്കാർ പോലും പിറകിലായി. കുതികാൽ വെട്ടിയും പാരവെച്ചും മുന്നേറുന്ന നേതാക്കന്മാർ വെളുക്കെച്ചിരിച്ച് കഴുത്തറുക്കുന്ന കാഴ്ചയും വിസ്മയമാണെനിക്ക്. അതിനുശേഷമായി സ്റ്റേജിൽ കാട്ടുന്ന ഇന്ദ്രജാലം അതിലേറെ അത്ഭുതവും.

മറുവശത്ത് പത്രക്കാരുടെ തമാശകൾ വേറെ. സഭയുടെ കാവൽ പടയാളിയും നിയന്ത്രിക്കുന്നയാളും ആത്മാവും ശരീരവും താനാണെന്നു ഭാവിക്കുന്ന പത്രക്കാർ. കൈക്കൂലി, ഭീഷണി തുടങ്ങിയവയിലൂടെ സമ്പാദിച്ചു കൂട്ടുകയും ചെയ്തിട്ട് വിശുദ്ധിയുടെ ആൾരൂപമായി സ്വയം അവതരിപ്പിക്കുന്ന പത്രക്കാരും എനിക്കത്ഭുതമാണ്. പ്രവാചകന്മാരും ഗായകരും പ്രസംഗകരും എല്ലാം കൂടി പെന്തെക്കോസ്തിന്റെ അരങ്ങിൽ തിമിർത്താടുകയാണ്. ന്യൂജനറേഷനും ഓൾഡു ജനറേഷനും എല്ലാം തിമിർത്താടുന്ന അരങ്ങ്. ഞാനും ഇവിടെ കാഴ്ചക്കാരനായിട്ട് മൂന്നു പതിറ്റാണ്ട് കഴിയുന്നു.മൂന്നു പതിറ്റാണ്ടിന്റെ യാത്രയിൽ കാഴ്ചകൾ ഒരുപാടുകണ്ടു. അനേക ദൈവഭൃത്യന്മാരെ അടുത്തു കണ്ടു. ചിലർ കരയിച്ചു; ചിലരുടെ അനുഭവങ്ങളും ജീവതവും. ചിലർ ചിരിപ്പിച്ചു; ചിലർ ഭയപ്പെടുത്തി.

ചില നിലപാടുകൾ ധാരാളം ശത്രുക്കളെ നേടിത്തന്നപ്പോൾ കൂടെ നിൽക്കാൻ ഒരു പിടി സ്നേഹിതരെയും ലഭിച്ചു. പത്രപ്രവർത്തനം ചങ്കുറപ്പു വേണ്ട മേഖലയാണ്. സത്യം പറയുവാനുള്ള തൻേടവും നഷ്ടം സഹിപ്പാനുള്ള മനസ്സും ഉണ്ടാകണം. സ്നേഹിതർ പോലും തെറ്റിദ്ധരിക്കുമ്പോൾ മനസിടറാതെ പിടിച്ചു നിൽക്കാനാവണം. പക്ഷഭേദമില്ലാതെ പോരാടാനും മുഖം നോക്കാതെ എഴുതാനും ഒരുങ്ങുമ്പോൾ ഒളിയമ്പുകളും പ്രതീക്ഷിക്കണം. ആത്മീയരുടെ യുദ്ധതന്ത്രങ്ങൾ കണ്ട് ഉറച്ചു നിൽക്കണം. ഇത്രയും എഴുതിയത് ക്രൈസ്തവ പത്രപ്രവർത്തകൻ എന്ന നിലയിലെ ചിന്തകളാണ്.

ഞാൻ ജനിച്ചു വളർന്നത് ഒരു കർഷക കുടുംബത്തിലാണ് എന്റെ വല്ല്യപ്പച്ചൻ നല്ലൊരു കൃഷിക്കാരനായിരുന്നു. കർഷകൻ എന്നതിനേക്കാൾ വേദപുസ്തകത്തെക്കുറിച്ച് സാമാന്യം നല്ല അറിവുള്ള വ്യക്തിയായിരുന്ന എന്റെ വല്ല്യപ്പച്ചൻ. സ്വയം സൃഷ്ടിച്ച കഥകൾ മറ്റുള്ളവരോട് പറയുക എന്നതായിരുന്നു പ്രധാന ഹോബി. കേൾവിക്കാരുടെ എണ്ണമോ പ്രായമോ ഒന്നും അദ്ദേഹത്തിനു പ്രശ്നമല്ലായിരുന്നു. ബൈബിൾ കഥകളുടെ സ്വതന്ത്രാവിഷ്കാരമായിരുന്നു തന്റെ മിക്ക കഥകളും. തന്റെ സാരോപദേശകഥകൾക്ക് എന്നും കേൾവിക്കാരെയും തനിക്കു ലഭിച്ചു. തന്റെ കഥകളും ആശയങ്ങളും പറഞ്ഞു ഫലിപ്പിക്കുവാനുള്ള പ്രത്യേക കഴിവ് തനിക്കുണ്ടായിരുന്നു. കേൾവിക്കാരുടെ പ്രതികരണത്തേക്കാൾ തന്റെ ആശയങ്ങൾ പ്രകടിപ്പിക്കുക എന്നതിനായിരുന്നു താൻ പ്രാധാന്യം നൽകിയിരുന്നത്. കേൾവിക്കാരുടെ പ്രതികരണത്തിലെ ഗുണദോഷവശങ്ങളോ അസഹിഷ്ണതയോ പ്രശംസയോ ഒന്നും തനിക്ക് പ്രശ്നമേയല്ലായിരുന്നു. പൂമാലയും കല്ലേറുമല്ല നോക്കേണ്ടത് എന്നായിരുന്നു തന്റെ നിലപാട്. അതിനാൽ തന്റെ ആശയങ്ങൾ കഥാരൂപേണ താൻ പറഞ്ഞു. അതിന്റെ പ്രതികരണമോ ഫലമോ താൻ തിരഞ്ഞില്ല. തനിക്കു പറയാനുള്ളത് നിർവിഘ്നം പറഞ്ഞു കൊണ്ടേയിരുന്നു. തന്റെ മനഃസാക്ഷിക്കനുസൃതമായ ഈ പ്രകീയ മരണത്തോളം താൻ നിർവ്വഹിച്ചു. പറയാനുള്ളത് സധൈര്യം പറയുക.....

വിവിധ വിഷയങ്ങളുമായി ബന്ധപ്പെട്ട് ഞാനും ഒരു പംക്തി ആരംഭിക്കുന്നു.

**‘എനിയ്ക്കും പറയാനുണ്ട്’.**



**പാസ്റ്റർ സാംകുട്ടി മാത്യു**
**ചീഫ് എഡിറ്റർ**

## നമുക്ക് ചുറ്റും!

# “ആടാം പാടാം Yo! Yo!!”



**ബിനു വടക്കുംചേരി**

തലമുറകളെ നേർവഴിയിലേക്ക് നയിച്ചവരും നയിക്കേണ്ടവരുമായവർ കാലത്തിന്റെ കുത്തൊഴുക്കിൽ നവയുഗ യുവജനങ്ങളെ ആകർഷിക്കാൻ ആടാനും പാടാനും അവസരമൊരുക്കി യുവജന ക്യാമ്പുകൾ നിത്യവേദിയാക്കി മാറ്റുകയാണ്. നാനാവർണ്ണ ലേസർ രശ്മികളുടെ മറവിൽ നിയന്ത്രണങ്ങൾ ഒന്നുമില്ലാതെ ചാടിമറിയുന്നത് ആത്മീയമാണോ എന്ന് അനുവാചകർ ചിന്തിച്ചാലും. ഇന്ത്യയ്ക്ക് അകത്തും പുറത്തുമായി ഇന്ന് പട്ടണങ്ങളിൽ നടത്തപ്പെടുന്ന ഇത്തരം ക്യാമ്പുകളിൽ അനേക യുവജനങ്ങൾ പങ്കെടുക്കുന്നു എന്നത് ശ്രദ്ധേയമാണ്. ഫ്ളാറ്റുകൾക്കുള്ളിൽ സ്വതന്ത്രത നഷ്ടപ്പെട്ടവർക്ക് അടിപൊളിയായി തോന്നുന്ന ഇത്തരം ക്യാമ്പുകളെ അറിഞ്ഞോ അറിയാതെയോ പ്രൊമോട്ട് ചെയ്യുന്നത് സഭകളിലെ ശുശ്രൂഷകർ തന്നെയെന്നതാണ് ദുഃഖസത്യം. വരാൻ പോകുന്ന വേനൽക്കാല ക്യാമ്പുകൾക്കുള്ള ഒരുക്കങ്ങൾ ഏറെകുറെ പൂർത്തികരിച്ചെന്ന് സോഷ്യൽ മാധ്യമത്തിൽ പ്രചരിപ്പിക്കുന്ന ബ്രോഷറുകളിൽ നിന്നും മനസ്സിലാക്കാം. വചനത്തിനു പ്രധാന്യത കൊടുക്കാതെ ആരാധനയെന്നു (വ്യാജേന) പറഞ്ഞു വെറും ‘ഡാൻസിംഗ്’ മാത്രമുള്ള ഇത്തരം കൂട്ടായ്മകൾ യുവജനങ്ങളുടെ ആത്മീയവർധനയ്ക്ക് മുഖാന്തരമോ എന്ന് മാതാപിതാക്കൾ തിരിച്ചറിയേണ്ടിരിക്കുന്നു.

അഞ്ചപ്പവും രണ്ടുമീനും ബാലന്റെ കൈയിൽ കൊടുത്തുവിട്ട മാതാപിതാക്കൾക്ക് നല്ല ബോധമുണ്ടായിരുന്നു തന്റെ മകനെ അയച്ചിരിക്കുന്നത് ‘വചനം കേൾക്കാനെന്ന്’. ബാലൻ കേട്ടതായ വചനങ്ങൾ എല്ലാം തന്നെ അവന്റെ ജീവിതത്തിൽ അനുഗ്രഹമായി തീർന്നു. അതുകൊണ്ടു തന്നെയാണ് തന്റെ കൈയിലുള്ള ആഹാരം ‘മറ്റുള്ളവർക്ക്’ കൊടുക്കുവാൻ അവനെ പ്രേരിപ്പിച്ചത്. തന്റെ ഉള്ളിൽ ക്രിയചെയ്ത വചനം നിമിത്തം കർത്താവിന്റെ കൈകളിലേക്ക് പൂർണ്ണമനസ്സോടെ സമർപ്പിച്ചപ്പോൾ, അത്ഭുതമായി മാറി. ഒരു വലിയ ജനതയുടെ വിശപ്പിനെ ശമിപ്പിക്കാൻ അത് ഇടയാക്കി.

വാസ്തവത്തിൽ നമ്മുടെ കുഞ്ഞുങ്ങൾക്ക് ഓർമ്മവെച്ചനാൾ മുതൽ കേൾക്കുന്നതാണ് ‘വചനം’. ഒരു ഇരുപതു വയസു പ്രായമുള്ള യൗവനക്കാരന് ഓർമ്മവെച്ച നാൾ മുതൽ കണക്കാക്കിയാൽ ചുരുങ്ങിയത് വർഷത്തിൽ 52 പ്രസംഗം വീതം 14 വർഷം കൊണ്ട് കേട്ടിരിക്കാം.വചന കേൾവിയുടെ അഭാവമല്ല മറിച്ച് അതൊന്നും ഏറ്റെടുക്കുവാൻ ഈ തലമുറ തയ്യാറാകുന്നില്ല എന്നതാണ് വാസ്തവം. അതിനു മറ്റൊരു കാരണം കൂടി ഉണ്ട് ഇതിൽ 100 തവണ ഉയർത്ത ലാസർ തുടങ്ങി, അബ്രഹാം, ജോസഫ്, ദാവീദ്, ഏലിയാവ്, ദാനിയേൽ തുടങ്ങിയവരുടെ വിഷയങ്ങൾ അവരിൽ ആവർത്തന വിരസത വരുത്തിയേക്കാം. ഇവിടെയാണ് ഇത്തരം ക്യാമ്പുകളുടെ മുതലെടുപ്പ്. ദൈവീകവചനങ്ങൾ ഗ്രഹിക്കേണ്ടവണ്ണം ഗ്രഹിക്കാതെയും, ദൈവീക ശബ്ദം തിരിച്ചറിയാതെയും പോകുന്ന തലമുറകൾക്ക് ആത്മീയ അധഃപതനത്തിനും കാരണമാകും എന്നതിൽ രണ്ടു പക്ഷമില്ല.

കർത്താവിന്റെ അരികിലേക്ക് വചന ധ്യാനത്തിന് പറഞ്ഞയച്ച മാതാപിതാക്കൾ ഈ കാലത്തിലെ മാതാപിതാക്കൾക്ക് ഒരു ഉത്തമ മാതൃകയാണ്. അതിനു തയ്യാറാകുന്ന പക്ഷം വചനത്തിൽ വേരുറച്ച നിങ്ങളുടെ കുട്ടികളെയാകാം നാളെ അനേകരുടെ ആത്മീയ വിശപ്പ് അകറ്റാനായി ദൈവം ഉപയോഗിക്കുക. അപ്പോൾ തന്നെ വചനപ്രധാന്യതയില്ലാതെ മാതാപിതാക്കളുടെ അസാന്നിധ്യത്തിൽ അരങ്ങേറുന്ന അനിയന്ത്രണമായ ഇത്തരം നൃത്തവേദികളിലേക്ക് സ്വന്തം മക്കളെ പറഞ്ഞുവിടുന്നതിനു മുമ്പായി പ്രിയ മാതാപിതാക്കളെ ഒന്ന് ചിന്തിക്കുക, സൂക്ഷിക്കുക അപകടം പതിയിരിക്കുന്നു.




# ആരാധനാലയത്തിനു നേരെ ആക്രമണം: വാഹനങ്ങൾ കത്തി നശിച്ചു

**ഡി. കുഞ്ഞുമോൻ**



**തിരുവനന്തപുരം:** അസംബ്ലീസ് ഓഫ് ഗോഡ് ചെമ്പലിപ്പാട് സഭയുടെ ആരാധനാലയത്തിനു നേരെ സുവിശേഷ വിരോധികളുടെ ആക്രമണം. ആക്രമണത്തിൽ കാറും ഇരുചക്രവാഹനങ്ങളും കത്തി നശിച്ചു. നവം.29 ശനിയാഴ്ച അതി രാവിലെ ഒരു മണിക്കായിരുന്നു സംഭവം.

തീരദേശ പ്രദേശമായ ചെമ്പലിപ്പാട് നളന്ദ ജംഗ്ഷനിൽ 10 വർഷമായി അസംബ്ലീസ് ഓഫ് ഗോഡ് സഭാ പ്രവർത്തനം നടന്നു വരുന്നു. സ്വന്തമായി സ്ഥലമില്ലാത്തതിനാൽ ഖത്തറിൽ ജോലി ചെയ്യുന്ന സഭാംഗമായ ബ്രദർ ജോണിക്കുട്ടിയുടെ വീട്ടിലാണ് ആരാധന തുടക്കം മുതൽ നടന്നു വരുന്നത്. ഈ വീട്ടിനോട് ചേർന്നുള്ള മറ്റൊരു വീട്ടിൽ പാസ്റ്ററും താമസിച്ചു വരുന്നു. ആരംഭം മുതൽ സഭാ പ്രവർത്തനത്തിനു എതിർപ്പ് ഉണ്ടായിരുന്നു. നാല് വർഷം മുമ്പ് ഇവിടത്തെ ആരാധനയ്ക്ക് എതിരായി ഒരു കൂട്ടംപേർ പരാതിയും നൽകിയിരുന്നു. എന്നാൽ അന്വേഷണ ഉദ്യോഗസ്ഥർ ആരാധന തുടരുവാൻ അനുവദിച്ചിരുന്നു. എങ്കിലും ഭീഷണി നില നിന്നു. അങ്ങനെയിരിക്കെയാണ് ഇപ്പോഴത്തെ ആക്രമണം. കാർ പോർച്ചിൽ പാർക്ക് ചെയ്തിരുന്ന ബ്രദർ ജോണിക്കുട്ടിയുടെ കാറും 2 ഇരുചക്ര വാഹനങ്ങളും പൂർണ്ണമായും പാസ്റ്റർ ബാബുരാജിന്റെ വാനും ബൈക്കും ഭാഗികമായും അഗ്നിക്കിരയായി. വാഹനത്തിൽ അഗ്നിപടർന്നപ്പോൾ ടൈൽസ് പൊട്ടിത്തെറിച്ചു. ഈ ശബ്ദം കേട്ടാണ് പാസ്റ്ററും നാട്ടുകാരും ഉണർന്നത്. ഇത് വൻ നഷ്ടം ഒഴിവാക്കി. 12 ലക്ഷം രൂപയുടെ നാശനഷ്ടം ഉണ്ടായതായി കണക്കാക്കപ്പെടുന്നു.

പ്രതികൂലത്തിന്റെ നടുവിലും ഇവിടെ സഭാപ്രവർത്തനം വളർന്നുകൊണ്ടിരിക്കുന്നു. 80 പേർ ഇപ്പോൾ കൂടിവരുന്നു. അസംബ്ലീസ് ഓഫ് ഗോഡ് ആറ്റിങ്ങൽ സെക്ഷനിലെ സഭയാണ് ചെമ്പലിപ്പാട്. പാസ്റ്റർ ബാബുരാജ് 7 വർഷമായി ശുശ്രൂഷിക്കുന്നു. സ്വന്തമായി ഒരു സ്ഥലം ഇവിടെ ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

ചോദ്യോത്തര വേദി

# പെന്തെക്കോസ്തു യോഗങ്ങളിലെ ആരാധനാ നൃത്തം



ജോർജ്ജ് ഫിലിപ്പ്
തെക്കേക്കര

**ചോദ്യം:** ആധുനീവൽക്കരിക്കപ്പെട്ട പെന്തെക്കോസ്തുസഭകളിൽ, ഞായറാഴ്ച ദിവസത്തെ സഭായോഗങ്ങളിൽ പാട്ടുപാടുന്നതും നൃത്തം ചെയ്യുന്നതുമാണ് ആത്മീയ ആരാധനയായി കണക്കാക്കപ്പെടുന്നത്. അടുത്തിരിക്കുന്ന ആൾക്ക് കൈ കൊടുത്തും കൈ ഉയർത്തിയും, അന്യോന്യം കൈ മുട്ടിയും മുന്നേറുന്ന നൃത്തം, വിയർത്ത് കുളിച്ച് ആനന്ദമൂർച്ഛയോടെ ആടിതീർക്കുന്നതോടുകൂടി 'പ്രെയ്സ് & വർഷിപ്പി'നു നേതൃത്വം കൊടുക്കുന്നവർ തങ്ങളുടെ ആരാധനയുടെ ഭാഗം ഭംഗിയായി നിവർത്തിച്ചതായി കരുതുന്നു. പ്രായമായവർ ആദ്യമൊക്കെ ഇതിനോട് എതിർപ്പ് പ്രകടിപ്പിച്ചിരുന്നെങ്കിലും, മാറുന്ന ലോകത്ത് യുവജനങ്ങളെ ദൈവസഭയിലേക്ക് ആകർഷിക്കാനും അടുപ്പിക്കാനും നിലനിർത്താനും, മറ്റു ന്യൂജനറേഷൻ സഭായോഗരീതിയിലേക്ക് മാറണം എന്ന് അവരും കരുതുവാൻ തുടങ്ങിയിരിക്കുന്നു. പ്രതികരിക്കുമല്ലോ!

**– ജേക്കബ് എം. സി., ജയ്പൂർ, രാജസ്ഥാൻ**

**ഉത്തരം:** അപ്പൊസ്തലിക ലേഖനങ്ങളിൽ നിന്ന്, കർത്താവിന്റെ കല്പനയാൽ ആദിമ വിശ്വാസികളുടെ സഭാ യോഗങ്ങളിൽ എന്തൊക്കെയാണ് നടന്നിരുന്നുവെന്ന് ഒന്ന് പരിശോധിക്കാം.

1) വിശ്വാസികളെല്ലാം ദൈവത്തോടും മനുഷ്യരോടും നിരപ്പുപ്രാപിച്ചിട്ടാണു സഭായോഗങ്ങളിൽ പങ്കെടുത്തിരുന്നത്. വിശ്വാസികളെല്ലാം സ്വയം ശോധനചെയ്ത് തിരുവത്താഴത്തിൽ ഭാഗഭാക്കാകാൻ കൂടിയായിരുന്നു സഭായോഗത്തിൽ വന്നിരുന്നത്. വാഗ്ദത്തപ്രകാരമുള്ള കർത്താവിന്റെ സാന്നിധ്യം അവർ യോഗങ്ങളിൽ ഭയഭക്തിപൂർവ്വം പ്രതീക്ഷിച്ചിരുന്നു. ആയതിനാൽ, രാജകീയ പുരോഹിതവർഗ്ഗം കൂടി വന്നിരുന്നപ്പോഴൊക്കെയും ക്രമമായും ഉചിതമായും വെളിപ്പാടിന്റെയും പ്രവചനത്തിന്റെയും അന്യഭാഷയുടെയും ഉപദേശത്തിന്റെയും പ്രകാശനങ്ങൾ ഉണ്ടായിരുന്നു. സഭായോഗങ്ങൾ നിരീക്ഷിക്കുവാൻ വേണ്ടി അവിശ്വാസികൾ ആരെങ്കിലും സഭായോഗത്തിൽ പങ്കെടുത്താൽ അവർക്കും ദൈവത്തിന്റെ സാമിപ്യം സഭായോഗത്തിൽ അനുഭവപ്പെടുമായിരുന്നു (1കൊരി. 14:26–40).

ദൈവാത്മാവിൽ നിറഞ്ഞ് പാടാനും സ്തുതിക്കാനും പരസ്പരം പഠിപ്പിക്കാനും കഴിഞ്ഞിരുന്നു (കൊല. 3:16; എഫെസ്യർ 5:18). അന്യോന്യം സ്നേഹിക്കാനും സഹായിക്കാനുമുള്ള ഉത്സാഹം വർദ്ധിച്ച് പരസ്പരം പ്രബോധിപ്പിക്കാൻ കഴിഞ്ഞിരുന്നു (എബ്രായർ 10:24).

ഈ ഉപദേശങ്ങൾ ഭയഭക്തിയോടുകൂടി കർത്താവിന്റെ മഹത്വത്തിനുവേണ്ടി സഭായോഗങ്ങളിൽ അനുഷ്ഠിച്ചില്ലെങ്കിൽ, കർത്താവിന്റെ സാമിപ്യം അവിടെയുണ്ടാകില്ല. എല്ലാ ഹൃദയങ്ങളെയും പരിശോധിക്കുന്ന കർത്താവ്, തന്നെ ബഹുമാനിക്കാത്ത ഇടങ്ങളിൽ, രണ്ടാംതര പൗരനായി ഒരിക്കലും ഇരിക്കയില്ല. അങ്ങനെയുള്ള യോഗങ്ങളിലാണ് വ്യക്തിപരമായി ആരെങ്കിലും മാനസാന്തരപ്പെടുന്നുണ്ടോ എന്നറിയാൻ വേണ്ടി വാതിലിൽ മുട്ടുന്നത് (വെളിപ്പാട് 3:20). വ്യക്തിപരമായി മാനസാന്തരപ്പെടുന്നവരിലും കർത്താവിനോട് പ്രതിബദ്ധതയുള്ളവരിലും കർത്താവനുഗ്രഹം ചെരിയുന്നു. അവർ **മഹാസമാധാനം** അനുഭവിക്കുന്നു (സങ്കീ. 119:165). അവരുടെ സാക്ഷ്യങ്ങളാണ് സഭയിൽ കേൾക്കേണ്ടത്. അപ്പൊസ്തലിക ഉപദേശത്തിന്റെ പിൻബലമില്ലാതെ ഏകാധിപത്യപരമായോ ജനാധിപത്യപരമായോ സഭായോഗം നടത്തിയാൽ, ദൈവീക ചൈതന്യം ഇല്ലാതാകും. സഭായോഗങ്ങൾ ചൈതന്യമില്ലാതായാൽ, ജീവനില്ലാതെയാൽ, ഏറ്റവും കൂടുതൽ മുഷിപ്പനുഭവപ്പെടുന്നത് യുവജനങ്ങൾക്കാണ്. യുവജനങ്ങൾ ജീവനുള്ളിടവും യാഥാർത്ഥ്യവുമായ കാര്യങ്ങൾ തപ്പി നടക്കുകയാണ്. അങ്ങനെയാണ് നിത്യജീവിതത്തിലെ പാപത്തെക്കുറിച്ചും, നീതിയെക്കുറിച്ചും, ന്യായവിധിയെക്കുറിച്ചും ബോദ്ധ്യം വരുത്താത്ത, യേശുക്രിസ്തുവിനോട് അനുരൂപപ്പെടുക എന്ന ലക്ഷ്യം മറന്ന്, നൃത്തത്തിനും, വീടിനും കാറിനും, റബർ തോട്ടത്തിനും, ലോകത്തിൽ മാന്യനാകാനുവേണ്ടിയും ഒരു വ്യാജ ദൈവത്തെ കണ്ടെത്താൻ ഇടവരുന്നത്.

വിശുദ്ധ സഭായോഗം സ്നേഹവും ഭക്തിയുമുള്ള കൂട്ടായ്മയാകുന്നു. സഭായോഗങ്ങളെല്ലാം പ്രവചന പ്രബോധന നിലവാരത്തിലേക്ക് വരികയാണെങ്കിൽ, ഏതെങ്കിലും അവിശ്വാസിയോ അഭക്തനോ സഭായോഗത്തിനു വന്നാൽ, അവൻ ആരോടും ഇതുവരെ പറഞ്ഞിട്ടില്ലാത്ത, അവന്റെ ഹൃദയരഹസ്യങ്ങളെല്ലാം വെളിപ്പെടുകയും, സാഷ്ടാംഗം വീണ് ദൈവം വാസ്തവമായി നിങ്ങളുടെ ഇടയിൽ ഉണ്ട് എന്ന് ഏറ്റ് പറഞ്ഞ് ദൈവത്തെ ആരാധിക്കും (1കൊരി.14:25). ഇതിനു പകരമായി, വ്യാഖ്യാനമില്ലാതെ ഭാഷാവരം കുറെ നേരം പ്രകടിപ്പിച്ചാൽ ഭ്രാന്തന്മാരുടെ സംഘമെന്നേ കേൾവിക്കാർ കരുതുകയുള്ളൂ (1കൊരി. 14:24).

തങ്ങളുടെ യോഗങ്ങളിൽ, കൂട്ടായ്മകളിൽ ദൈവീക സാമിപ്യം മറ്റുള്ളവർക്ക് അനുഭവപ്പെടുന്നില്ലെങ്കിൽ, യുവജനങ്ങളെ കുറ്റം പറഞ്ഞിട്ട് എന്ത് കാര്യം? പുറത്തുള്ളവരെ വിധിക്കാൻ നിങ്ങൾക്ക് എന്നവകാശം? നിങ്ങൾ നിങ്ങളെത്തന്നെയല്ലയോ വിധിക്കേണ്ടത്? (1കൊരി.5:12).

ശരീരം കൊണ്ട് അദ്ധ്വാനിച്ചാൽ മാത്രമേ പണ്ട് ജീവിക്കാൻ സാധിക്കുമായിരുന്നുള്ളൂ. അതുകൊണ്ട് പഴയകാലഘട്ടത്തിൽ ആശ്വാസത്തിനായി ഇരുന്നാണ് സഭായോഗം നടന്നിരുന്നത് (1 കൊരി. 14:30). ഈ കാലഘട്ടത്തിൽ ശരീരദ്ധ്വാനം തരംതാണ പ്രവർത്തിയായിട്ടാണ് കാണുന്നത്. യുവജനങ്ങൾക്ക് വ്യായാമം കുറവാണ്. രോഗം വരുമ്പോഴാണ് വ്യായാമം തുടങ്ങുന്നതു തന്നെ. സഭായോഗത്തിലെങ്കിലും വ്യായാമം ചെയ്ത് അല്പം വിയർപ്പൊഴുക്കാൻ അവരാഗ്രഹിക്കുന്നു. ഡാൻസും വ്യായാമവും കയറി വന്നത് അങ്ങനെയാകാം, പുതിയനിയമത്തിൽ ഒരിടത്തുപോലും നൃത്തം ആരാധനയുടെ ഭാഗമായി പരാമർശിക്കപ്പെട്ടിട്ടില്ല. യേശുവോ അപ്പൊസ്തലന്മാരോ ആരാധനാനൃത്തം ചെയ്തതായി തെളിവുകളില്ല. ചന്തസ്ഥലത്തിരുന്ന് കുഴലൂതുകയും നൃത്തം ചെയ്തതും ചന്തസ്ഥലത്തെ കുട്ടികളാണ് (ലൂക്കോസ് 7:31,32). ഹെരോദാവിന്റെ മുമ്പിൽ നൃത്തം ചെയ്തത് 'ജന്മദിന വിരുന്നി'നുള്ള ലൗകികമായ ഒരു സന്തോഷപ്രകടനമായിരുന്നു (മത്തായി 14:6). ധൂർത്ത പുത്രന്റെ മടങ്ങിവരവിൽ നൃത്തഘോഷം ഉണ്ടായെങ്കിലും അത് ആരാധനയോട് ബന്ധപ്പെട്ടല്ല (ലൂക്കോസ് 15:25,26). പഴയനിയമത്തിലും നൃത്തം ആരാധനയുടെ ഭാഗമാണെന്ന് ദൈവം മോശെയിലൂടെ സംസാരിച്ചിട്ടില്ല. യിസ്രായേൽ ജനതയുടെ യാഗങ്ങളെക്കുറിച്ചും, ഉത്സവങ്ങളെക്കുറിച്ചും, അനുദിന ജീവിതത്തെക്കുറിച്ചുള്ള പ്രമാണങ്ങളെക്കുറിച്ചുള്ള ചെറിയ വിശദാംശങ്ങൾ വരെ മോശെയിലൂടെ സംസാരിക്കുമ്പോൾ നൃത്തത്തെക്കുറിച്ചൊന്നും പറഞ്ഞിട്ടില്ല.

ചെങ്കടൽ കടന്ന ജനം സന്തോഷാധികൃത്താൽ മിര്യാമിന്റെ നേതൃത്വത്തിൽ നൃത്തം ചെയ്തു (പുറ.15:20,21). ദാവീദു ഫെലിസ്ത്യനെ തകർത്തശേഷം മടങ്ങി വരുമ്പോൾ സ്ത്രീകൾ നൃത്തം ചെയ്തതായി കാണുന്നു (1 ശമു.18:6,7). യഹോവയുടെ പെട്ടകം യെരുശലേമിലേക്ക് മടങ്ങി വന്നപ്പോൾ ദാവീദ് നൃത്തം ചെയ്തതായി വായിക്കുന്നു (2ശമു.6:14,16). ദാവീദു മാത്രമാണ് നൃത്തം ചെയ്തത്. യിസ്രായേൽ ജനം നൃത്തം ചെയ്തില്ല. ഏലിയാവ് ബാലിന്റെ പ്രവാചകന്മാരെ നേരിട്ടപ്പോൾ, ബാൽ പ്രവാചനകന്മാരും നൃത്തം ചെയ്തതായി വായിക്കുന്നു (1 രാജ. 18:26). സാക്ഷ്യത്തിന്റെ പലകകളുമായി മോശെ പർവ്വതത്തിൽ നിന്ന് ഇറങ്ങി വന്നപ്പോൾ മോശെ കണ്ടത് കാളക്കുട്ടിയെയും നൃത്തവും ആയിരുന്നു (പുറ. 32:19). നൃത്തം പുതിനിയമ ആരാധനയുടെയും പഴയനിയമ ആരാധനയുടെയും ഭാഗമല്ല. യുവജനങ്ങളുടെയും മദ്ധ്യവയസ്ക്കരുടെയും വ്യായാമക്കുറവുകൊണ്ടും ഭക്തിക്കുറവുകൊണ്ടും 20–ാം നൂറ്റാണ്ടിൽ കയറിവന്നൊരു പ്രതിഭാസമാണ്. മാത്രമല്ല ഇന്നത്തെ യുവജനങ്ങൾ നല്ലൊരു ശതമാനവും രക്ഷിക്കപ്പെടാതെ സ്നാനപ്പെട്ട് ശുശ്രൂഷ ചെയ്യുന്നവരാണ്. ശുശ്രൂഷയ്ക്ക് ധൈര്യപ്പെടുന്ന യുവജനങ്ങളിൽ നല്ലൊരു ശതമാനവും ഒരു പ്രാവശ്യം പോലും ബൈബിൾ വായിച്ചിട്ടില്ലാത്തവരാണ്. "യഹോവയുടെ പുസ്തകത്തിൽ അന്വേഷിച്ചു വായിച്ചു നോക്കുവീൻ; അവയിൽ ഒന്നും കാണാതിരിക്കയില്ല; ഒന്നിനും ഇണ ഇല്ലാതിയിരിക്കയില്ല. അവന്റെ വായല്ലോ കല്പിച്ചത്; അവന്റെ ആത്മാവാകുന്നു അവയെ കൂട്ടിവരുത്തിയത്" (യെശയ്യാവ് 34:16).

## 01 ഐ.പി.സിയിൽ എന്ത് ...

ത്തിനുശേഷം വീണ്ടും ശക്തി പ്രാപിച്ചത് എന്തുകൊണ്ടാണ്? രാജഭരണത്തിന്റെ ഒരു മുഖസ്ഥാപിത ചട്ടക്കൂട്ടും ഇല്ലാതെ ന്യായാധിപന്മാരിലൂടെ ദൈവം ഭരിച്ചില്ലെ? 'വെട്ടുകിളിക്ക് രാജാവില്ലെങ്കിലും അവ അണിഅണിയായി' പുറപ്പെടുന്നു. ആത്മാവിനു പ്രവർത്തിക്കാൻ ഇടം നല്കിയ സഭ ശക്തിയോടെ വളർന്നു.

1930–കളിൽ സഭാവളർന്നപ്പോൾ കുമ്പനാട്ട് വച്ച് നടന്ന തെന്നിന്ത്യാ പെന്തെക്കോസ്ത് ദൈവസഭയുടെ ശുശ്രൂഷകന്മാരുടെ യോഗത്തിൽ ഒരു മേഖലയിലുള്ള സഭകൾക്കെല്ലാം കൂടെ ഒരു പൊതു ശുശ്രൂഷകൻ (സെന്റർ പാസ്റ്റർ) എന്ന ആശയം മുന്നോട്ടു വന്നപ്പോൾ, എപ്പിസ്കോപ്പസിയിലേക്കുള്ള തിരിച്ചു പോക്കാണന്നു പറഞ്ഞു പലശുശ്രൂഷകരും അതിനെ എതിർത്തു. ഒടുവിൽ, സെന്റർ ശുശ്രൂഷകൻ അധികാരിയല്ലെന്നും, മാസയോഗം എവിടെയാണെന്ന് എല്ലാസഭകൾക്കും കത്തിട്ട് അറിയിക്കുക തുടങ്ങിയ ചില്ലറസേവനങ്ങൾ ചെയ്യാൻ ഒരാളെ ചുമതലപ്പെടുത്തുന്നു എന്നേയുള്ളു എന്നും പാസ്റ്റർ കെ.ഇ. എബ്രഹാം പറഞ്ഞപ്പോഴാണ് എന്ന് രംഗം ശാന്തമായത്. എന്നാൽ ഇന്ന് കാര്യങ്ങൾ എവിടെ എത്തി നിൽക്കുന്നു എന്നറിയാൻ കണ്ണുതുറക്കുക പോലും വേണ്ട. അധികാരവും ചട്ടക്കൂടും ഭരണഘടനയും അല്ലായിരുന്നു അവരെ നയിച്ചത് പെന്തെക്കോസ്തിന്റെ ആത്മാവായിരുന്നു.

അതുകൊണ്ടാണ് പ്രതിസന്ധികൾക്ക് ഐ.പി.സിയെ തകർക്കാൻ കഴിയാതിരുന്നത്.

1953 സെപ്തംബറിൽ ഐ.പി.സിയിൽ ഭിന്നത ഉണ്ടായി. സഭാ രണ്ടായി പിളർന്ന് ഭരണപരമായ അഭിപ്രായവ്യത്യാസം ഉണ്ടായി. കുമ്പനാട് ഹെബ്രോൻ സഭയിൽ ആരംഭിച്ച പ്രശ്നം വലുതായി വളർന്നു. നേതാക്കന്മാർ രണ്ടും ചേരികളിലായി നിലയുറപ്പിച്ചു. പണാപഹരണം മുതൽ ദുർനടപ്പുവരെ ഇരുവിഭാഗവും അന്യോന്യം ആരോപിച്ചു. 1953 അവസാനത്തോടെ പിളർപ്പ് പൂർണ്ണമായി. ഐ.പി.സിയുടെ പേരിൽ രണ്ട് ജനറൽ കൺവൻഷൻ, രണ്ട് കൗൺസിൽ, രണ്ട് ബൈബിൾ സ്കൂളുകൾ, രണ്ട് മാസികൾ (സിയോൻ കാഹളവും, പ്രബോധിനിയും) സെന്റുകൾ പിളർന്നു. രണ്ട് മാസയോഗങ്ങൾ നടന്നു. ഒരു വിഭാഗത്തിന്റെ പ്രസിഡന്റ് പാസ്റ്റർ കെ.ഇ ഏബ്രഹാമും മറുവിഭാഗം പ്രസിഡന്റ് പാസ്റ്റർ പി.എം. സാമുവേലും ആയി.

രണ്ട് കൂട്ടരും മിനിസ്റ്റേഴ്സ് കൗൺസിൽ ലിസ്റ്റ് ഏലൂർ രജിസ്ട്രാർ ഓഫീസിലേക്ക് അയച്ചു. രജിസ്ട്രാർ ലിസ്റ്റ് സ്വീകരിക്കാതെ കോടതയുടെ തീരുമാനത്തിന് വിഷയം വിട്ടു. പ്രശ്നം വഷളായി അന്യോന്യം പ്രസ്താവനകളും ലഘുലേഖകളും എഴുതി. ഉണ്ണൂണ്ണിസാർ പറയുന്നത് ഇപ്രകാരമാണ് "ഞാൻ സ്വീഡനിൽ നിന്നും കൊണ്ടുവന്ന് കൊടുത്ത പേനകൊണ്ട് എനിക്കെതിരെ ഊമക്കത്ത് എഴുതി. ഞാൻ കൊടുത്ത വാച്ച് കെട്ടിക്കൊണ്ട് എനിക്കെതിരെ മുദ്രാവാക്യം വിളിച്ചു". എന്നാൽ 1957 ഡിസംബർ 23–ാം തീയതി മർത്തോമാ സഭയിലെ കുഞ്ഞപ്പി ഉപദേശിയുടെ മധ്യസ്ഥതയിൽ ഭിന്നതകൾ പറഞ്ഞു തീർത്തു. 1958 ജനുവരിയിലെ കൺവൻഷൻ ഒരുമിച്ചു നടത്തി. ഈ പ്രശ്നത്തിന്റെ സമയം പാസ്റ്റർ പി. ജെ.തോമസ് ഐ.പി.സി വിട്ടുപോയി. സമുദായത്തിൽ നിന്നും പെന്തെക്കോസ്തിലേക്കുള്ള ഒഴുക്ക് നിലച്ചു. പെന്തെക്കോസ്തിൽ ചേരാൻ താല്പര്യം കാണിച്ച മർത്തോമ്മാ സഭയിലെ പത്യോപദേശസംഘം 'പിളർപ്പ് കാരണം' ഇവാഞ്ചലിക്കൽ സഭയുണ്ടാക്കി. പിളർപ്പിൽ നഷ്ടപ്പെട്ടത് സാക്ഷ്യവും ആത്മാക്കളുമായിരുന്നു.

1958–ലെ ജനറൽ കൺവൻഷനിൽ നിരപ്പിന്റെ ശുശ്രൂഷ നടന്നു. പാസ്റ്റർ പി.എം ഫിലിപ്പ് പ്രസംഗപീഠത്തിൽ പ്രസംഗിച്ചുകൊണ്ടു നിൽക്കവെ പാസ്റ്റർ കെ. ഇ. ഏബ്രഹാമിന്റെ പാദങ്ങളിൽ പിടിച്ചുനിലവിളിച്ചുകൊണ്ട് ക്ഷമാപണം നടത്തി. രണ്ടുപേരും കെട്ടിപ്പിടിച്ചു കരഞ്ഞു. ഈ കരച്ചിൽ പന്തൽ മുഴുവൻ കൂട്ടക്കരച്ചിലായി മാറി.

എന്നാൽ 1962 മാർച്ച് സഭ വീണ്ടും പിളർന്നു. നാലുവർഷം കഴിഞ്ഞ് 1966ൽ വീണ്ടും സഭ യോജിച്ചു. ഈ വിധത്തിലുണ്ടായ രണ്ടു പിളർപ്പുകൾ ഐ. പി. സി.യുടെ വളർച്ചയ്ക്ക് മങ്ങൽ ഏൽപ്പിച്ചെങ്കിലും സഭ ഈ പ്രതിസന്ധി അതിജീവിച്ചു. പിളർപ്പിന്റെ ഈ എട്ടു വർഷങ്ങളിൽ സഭയ്ക്കുള്ളിൽ അനാത്മികർ നുഴഞ്ഞുകയറി. നേതൃത്വങ്ങൾ കൈയടക്കി. അവർ പിന്നീട് പല സന്ദർഭങ്ങളിലും പ്രതിസന്ധിയുണ്ടാക്കാൻ ശ്രമിച്ചു. അവരിൽ പലരുടെയും സ്ഥാനങ്ങൾ ഇളകിയതാണ് കാരണം. സ്വന്തസ്ഥാനമാനങ്ങൾ ഇളകുമ്പോൾ പ്രശ്നങ്ങൾ സൃഷ്ടിക്കാനുള്ള പ്രവണത ആദ്യം മുതലെ ഉള്ളതാണ്.

വലിയ രണ്ടു പിളർപ്പുകളെ അതിജീവിച്ച പ്രസ്ഥാനമാണ് ഐ. പി. സി. തീയിൽ കുരുത്ത ഈ പ്രസ്ഥാനം വെയിലത്തു വാടില്ല. സഭാ വ്യക്തികേന്ദ്രീകൃതമല്ല. സഭയെ ആരുടെയും പോക്കറ്റിൽ ഒതുക്കാനും കഴിയുകയില്ല. ആരെങ്കിലും പുറത്തുപോയാലോ പ്രസ്ഥാനത്തെ തള്ളിപറഞ്ഞാല്ലോ ഈ പ്രസ്ഥാനം ഒലിച്ചു പോകുമെന്ന പ്രചാരണം ശുദ്ധ ഭോഷ്ക്കാണ്. ഏതെങ്കിലും നേതാക്കന്മാരുടെ 'ഇമേജ്' എന്ന മണൽകൂനകളിൽ മേൽ പണിയപ്പെട്ടിരിക്കുന്നത്. സഭയുടെ അടിസ്ഥാനം ക്രിസ്തുവാണ്. ആ പാറമേൽ പണിത സഭയെ തകർക്കാൻ ആർക്കും സാധ്യമല്ല. സാത്താൻ ചില 'കളകളെ' സഭയിൽ നട്ടുപിടിപ്പിച്ചിട്ടുണ്ട് അവരാണ് പ്രശ്നങ്ങൾക്ക് കാരണം പ്രതിസന്ധി സഭയ്ക്കല്ല; മറിച്ച് വാമനത്വം പ്രാപിച്ചതും സ്വീകാര്യത നഷ്ടപ്പെട്ടതുമായ കേദാര്യ കൂടാരങ്ങൾക്കാണ്. പെന്തെക്കോസ്തിന് പ്രതിസന്ധിയില്ല; ഐ.പി.സിയ്ക്കും.

## 01 ഇന്ത്യൻ അസംബ്ലീസ് ഓഫ് ഗോഡ് ....

ജേക്കബ്, ലോക്കൽ സെക്രട്ടറി രാജൻ എബ്രഹാം, ചിൽഡ്രൻസ് മിനിസ്ട്രി കോർഡിനേറ്റർ റീന രാജൻ, പബ്ലിക്ക് റിലേഷൻ കോർഡിനേറ്റർ സാബു മത്തായി എന്നിവർ ഇതുവരെയുള്ള പുരോഗതികളെ വിലയിരുത്തുകയും തുടർന്നുള്ള പ്രവർത്തനങ്ങളെ വിശദീകരിക്കുകയും ചെയ്തു.

ചിക്കാഗോ പട്ടണത്തിന്റെ ചുറ്റുപാടുമുള്ള വിവിധ സഭകളുടെ പ്രതിനിധികളും ശുശ്രൂഷകരുമായ പാസ്റ്റർജോസഫ് കെ. ജോസഫ്, വില്ലി എബ്രഹാം, ജോർജ് തോമസ്, സണ്ണി മാത്യു, വൈ യോഹന്നാൻ, ബ്രദർ ജോൺ മത്തായി, ബ്രദർ വർഗീസ് ചാക്കോ എന്നിവർ ആശംസകൾ അറിയിക്കുകയും ബ്രദർ യോഹന്നാന്റെ മാത്യുവിന്റെ പ്രാർത്ഥനയോടും പാസ്റ്റർ ജോർജ് സ്റ്റീഫന്റെ കൃതജ്ഞതയോടും അശീർവാദത്തോടും കൂടെ യോഗം പര്യവസാനിക്കുകയും ചെയ്തു.

ചിക്കാഗോ നഗരത്തിന്റെ പ്രാന്തപ്രദേശമായ ലംബാടിലുള്ള വെസ്റ്റിൻ ഹോട്ടൽ അമേരിക്കയിലും കാനഡായിലുമുള്ള ദൈവവിശ്വാസികളുടെ സംഗമവേദിയായി തയ്യാറാക്കപ്പെടുന്നു. വിശാലമായ താമസ സൗകര്യം, വിപുലമായ പരിപാടികൾ, ഭക്ഷണം, കാര്യക്ഷമമായ യാത്രാസൗകര്യങ്ങൾ എന്നിവയുടെ ക്രമീകരണങ്ങൾ ലോക്കൽ, നാഷണൽ കമ്മിറ്റി ചെയ്തുവരുന്നു. വിശദവിവരങ്ങൾക്ക് www.agifna2015.com

# പുതുവർഷയോഗം ആവശ്യമോ?



ചെറിയാൻ കെ.വി, അറ്റ്ലാന്റാ

സമയം എന്ന പ്രതിഭാസം ദൈവസൃഷ്ടികളായ വെളിച്ചങ്ങളിൽ കൂടി നമുക്കു തിരിച്ചറിയാവുന്നതും ദൈവീകദാസത്തത്തിന്റെ കീഴിൽ നിലനിൽകുന്നതുമാകുന്നു.

ഉൽപ്പത്തി പുസ്തകം 1-ാം അദ്ധ്യായം 14-ാം വാക്യത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത് “പകലും രാവും വേർപിരിവാൻ ആകാശവിതാനത്തിൽ വെളിച്ചങ്ങൾ ഉണ്ടാകട്ടെ; അവ അടയാളങ്ങളായും, കാലം, ദിവസം, സംവത്സരം എന്നിവ തിരിച്ചറിയാനായും ഉതകട്ടെ. ഭൂമിയെ പ്രകാശിപ്പിപ്പാൻ ആകാശവിതാനത്തിൻ അവ വെളിച്ചങ്ങളായിരിക്കട്ടെ എന്നു ദൈവം കല്പിച്ചു; അങ്ങനെ സംഭവിച്ചു”. ഈ സംഭവം നടന്നത് അല്ലെങ്കിൽ ദിവസം വെളിപ്പെട്ടുവന്നത് നാലാം ദിവസം ആകുന്നുവെന്ന് 19-ാം വാക്യത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു.

ഉല്പത്തി 1:1-13 വരെയുള്ള വാക്യങ്ങളിൽ ഒന്നാം ദിവസം, രണ്ടാം ദിവസം, മൂന്നാം ദിവസം എന്നിങ്ങനെയുള്ള വാക്കുകൾ കാണുന്നു. ഇവ 24 മണിക്കൂറുകൾ ഉൾപ്പെട്ടതായ മൂന്ന് ദിവസങ്ങളെ ചൂണ്ടിക്കാണിക്കുന്നു എന്നു ഞാൻ വിശ്വസിക്കുന്നു. ഈ 72 മണിക്കൂറുകളിൽ രാവും പകലും വേർപിരിഞ്ഞിരുന്നില്ല. രാവും പകലും വേർപിരിക്കാതെ തന്നെ അവ കൃത്യമായ ദിവസങ്ങളായി കാണുവാനും കണക്കു കൂട്ടുവാനും ദൈവത്തിനു കഴിഞ്ഞു. ആയതിനാൽ സമയം കണ്ടുപിടിക്കുവാനും, കണക്കു കൂട്ടുവാനും ദൈവത്തിനും സൂര്യനോ, ചന്ദ്രനോ മറ്റ് യാതൊരു ഉപാധികളോ ആവശ്യമില്ല പ്രത്യുത അവയെല്ലാം മനുഷ്യരായ നമുക്കുവേണ്ടി സൃഷ്ടിച്ചതും കല്പിച്ചാക്കിയതുമാകുന്നു. സമയം എന്നതിന്റെ Reference point ആയി വെളിച്ചങ്ങൾ സകല മനുഷ്യർക്കും മുൻപിൽ പ്രകാശിക്കുന്നു.

ഇപ്രകാരം ദിവസം, കാലം, സംവത്സരം എന്നിവ തിരിച്ചറിയത്തക്കവിധം ദൈവം കൽപ്പിച്ചാക്കിയിരുന്നതിനാൽ, അതിനോടുള്ള ബന്ധത്തിൽ നിർവ്വഹിക്കേണ്ടതായ വ്യക്തമായ ഉത്തരവാദിത്വങ്ങളും ദൈവം എബ്രായർക്ക് നൽകി.

ഒരാഴ്ചയുടെ ഏഴു ദിവസത്തിൽ ആദ്യത്തെ ആറു ദിവസം അധ്വാനിച്ചു വേലചെയ്യുവാൻ ദൈവം ആവശ്യപ്പെടുന്നു എങ്കിലും ഏഴാം ദിവസം വേല ചെയ്യുവാൻ ദൈവം അനുവാദം തരുന്നില്ല. ഏഴാം ദിവസം പ്രത്യേക ദിവസം ആയിരിക്കേണം എന്നു ദൈവം കല്പിച്ചു. ലേവ്യപുസ്തകം 23-ാം അദ്ധ്യായം, 25-ാം അദ്ധ്യായം എന്നിവയിൽ പ്രത്യേക ദിവസങ്ങൾ, മാസങ്ങൾ, വർഷങ്ങൾ എന്നിവയിൽ നിർവ്വഹിക്കേണ്ടതായ ഉത്തരവാദിത്വങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. ഇവയെല്ലാം കൃത്യസമയത്ത് നിർവ്വഹിക്കുവാൻ കഴിയുന്നതിന്റെ ഒരു കാരണം ആ ദിവസം, മാസം, വർഷം എന്നിവ സംശയാതീതമായി തിരിച്ചറിയത്തക്കവിധം ദൈവം ആക്കിവച്ചിരിക്കുന്നതിനാലണ്. ആയതിനാൽ അവയെ പ്രത്യേക പരിഗണയോടുകൂടി അവർ കണ്ടിരുന്നുവല്ലോ.

യിസ്രായേൽ ജാതിയോടുള്ള ബന്ധത്തിൽ പല സംഭവങ്ങളും പ്രത്യേകാൽ ദൈവം അവർക്കനുഭവിച്ച മിസ്രയീം വാസം, വീണ്ടെടുപ്പ്, മരുഭൂയാത്ര എന്നിവമാത്രമല്ല ബാബേൽ പ്രവാസം, മടക്കയാത്ര യെരുശലേമിന്റെ പുനരുദ്ധാരണം ഇവയെല്ലാം സമയ ബന്ധിതമായിരുന്നു.

യിസ്രായേലിന്റെ മഹത്വവും സകലജാതികളുടെയും പുകഴ്ചയുമായ യേശുക്രിസ്തുവിന്റെ ജനനം, ഇഹലോകവാസം, കഷ്ടാനുഭവം, ക്രൂശുമരണം അടക്കം ഉയർപ്പ് എന്നിവയും മുൻ നിർണ്ണയിച്ച കൃത്യസമയത്തു തന്നെ നിവർത്തിച്ചുവല്ലോ.

എന്നാൽ നമ്മുടെ സമയത്തെക്കുറിച്ച് നാം അറിഞ്ഞിരിക്കേണ്ടതായ പരമപ്രധാന സത്യം 91-ാം സങ്കീർത്തനം 12-ാം വാക്യത്തിലുണ്ട്. “ഞങ്ങൾ ജ്ഞാനമുള്ളോരു ഹൃദയം പ്രാപിക്കത്തക്കവണ്ണം ഞങ്ങളുടെ നാളുകളെ എണ്ണുവാൻ ഉപദേശിക്കേണമേ” എന്താകുന്നു ഈ വാക്യത്തിന്റെ അർത്ഥം? ഈ സങ്കീർത്തനതിലെ10-ാം വാക്യം കൂടി ശ്രദ്ധിച്ചാൽ നമുക്കു ഈ വാക്യത്തിന്റെ അർത്ഥവും, പ്രസക്തിയും, പ്രയോഗികതയും മനസ്സിലാകും.

മനുഷ്യന്റെ ആയുസ്സ് 70 അല്ലെങ്കിൽ 80 വർഷം. നാം നല്ല ആരോഗ്യത്തോടു കൂടി കഴിയുന്ന സമയം, ശരീരത്തിലെ എല്ലാ അവയവങ്ങളും നന്നായി പ്രവർത്തിക്കുന്ന കാലം, ആ വർഷങ്ങൾ ചുരുക്കമായിരിക്കുന്നു. അതൊരു ചെറിയ സംഖ്യയാകുന്നു. ആ സംഖ്യയത്രേ എഴുപത് അല്ലെങ്കിൽ എൺപത്, ഒന്നാം ക്ലാസിൽ പഠിക്കുന്ന വിദ്യാർത്ഥിക്കുപോലും എൺപതു വരെയുള്ള സംഖ്യ എണ്ണുവാനും, ഗുണിക്കുവാനും അറിയാം. എന്നാൽ ഈ ചുരുങ്ങിയ എൺപതുവർഷം കൊണ്ട് ധാരാളം കാര്യങ്ങളിൽ ഇടപെടുവാൻ കഴിയും. നാം ഉൾപ്പെട്ടതായ കുടുംബം, ജോലി, സുഹൃത്തുക്കൾ, സംഘടനകൾ, ഇതര ആത്മീകവും ഭൗതീകവുമായ ഉത്തരവാദിത്വങ്ങൾ, കടപ്പാടുകൾ, ബാധ്യതകൾ എന്നിവ എണ്ണി നോക്കിയാൽ 700 അല്ലെങ്കിൽ 800 വർഷം ജീവിച്ചാലും ചെയ്യുവാൻ സാധിക്കുന്ന കാര്യങ്ങൾ.

അങ്ങനെയെങ്കിൽ 70-80 വർഷം കൊണ്ട് നമുക്ക് എന്തു ചെയ്യുവാൻ സാധിക്കും.?

പ്രാഥമികമായി, ദൈവഹിതപ്രകാരം മുൻഗണനാ ക്രമത്തിൽ ഓരോ ദിവസവും നമുടെ ഉത്തരവാദിത്വങ്ങൾ നിർവ്വഹിക്കുക No എന്നു പറയിടണ്ടത്ത് No പറയുക. എല്ലായിടത്തും എല്ലാകാര്യങ്ങളിലും നാം ഇടപെട്ട് നമുടെ സമയം ചിലവഴിക്കുവാൻ ദൈവം നമ്മെക്കുറിച്ചാഗ്രഹിക്കുന്നില്ല എന്നു ഗ്രഹിക്കുക. മുൻപെ (ആദ്യം) അവന്റെ രാജ്യവും നീതിയും അന്വേഷിക്കുക.

നാം അങ്ങനെ ചെയ്താൽ, സകലവും നിവർത്തിയായി എന്നു പറഞ്ഞ യേശുക്രിസ്തുവിന്റെ ദാസനായ പൗലോസിനോടു ചേർന്ന് “ഓട്ടം തികച്ചു” എന്നു സംതൃപ്തിയോടെ പറയുവാൻ കഴിയും.

നാം നഷ്ടമാക്കിയ വർഷങ്ങൾ തിരികെ കൊണ്ടുവരുവാൻ നമുക്ക് കഴിയുകയില്ല. ആയതിനാൽ അതിനെക്കുറിച്ച് നിരാശപ്പെട്ട് നാം തകർന്നു പോകാരുത്. എന്നാൽ നമ്മുടെ ദൈവത്തിന് സമയത്തോടു മുൻപോട്ടും പിൻപ്പോട്ടും പോകുവാൻ കൽപ്പിക്കുവാൻ കഴിയും.

ആ അധികാരം കൈയ്യാളുന്ന നമ്മുടെ ദൈവത്തിൽ നാം ആശ്രയിക്കുക. 2രാജാ20:9ൽ രേഖപ്പെടുത്തിയിരിക്കുന്നത് ഹിസ്കിയാവിന്റെ ജീവതത്തോട് 15 വർഷം കൂട്ടുകയും കൊട്ടാരത്തിലെ സമയസൂചികയിൽ നിന്നും 10 പടികുറയ്ക്കുകയും ചെയ്തു.

ആയതിനാൽ നമ്മുടെ ഇഹലോക ജീവിതത്തോടു സമയം കൂട്ടുവാൻ അധികാരമുള്ള ദൈവത്തിൽ നാം ആശ്രയിക്കുകയും ധൈര്യപ്പെടുകയും ചെയ്യുക. നഷ്ടമായ വർഷങ്ങളിലെ നന്മകൾ ഇരട്ടിയായി വീണ്ടും തരുവാൻ ദൈവത്തിനു കഴിയും എന്ന് ഇയ്യോബിന്റെ ചരിത്രം പഠിപ്പിക്കുന്നുണ്ട്.

ലൂക്കോസ് 13-ാം അദ്ധ്യായത്തിൽ യേശുകർത്താവ് തന്റെ തിരുവായ് കൊണ്ട് പ്രസ്താവിച്ച ഒരു ഉപമയുണ്ട്.

മൂന്നു വർഷമായി ഒരു തോട്ടത്തിൽ ഒരു ഫലവും പുറപ്പെടുവിക്കാതെ നിൽക്കുന്ന ഒരത്തിവൃക്ഷം ഉണ്ടായിരുന്നു. മൂന്നു വർഷമായി ഫലം പുറപ്പെടുവിക്കാത്തതിനാൽ ആ മരം വെട്ടിക്കളയുവാൻ ഉടമസ്ഥൻ തോട്ടക്കാരനോട് ആവശ്യപ്പെട്ടു. എന്നാൽ ഒരു വർഷം കൂടി ആ വൃക്ഷത്തിനാവശ്യമായവ എല്ലാം നൽകി ഫലം നൽകുമോ എന്ന് കാത്തിരിക്കാം എന്ന് തോട്ടക്കാരൻ യജമാനനെ കൊണ്ടു അംഗീകരിപ്പിച്ചു.

ഒരു വർഷം എന്ന കാലാവധി വളരെ പ്രാധാന്യം അർഹിക്കുന്നതാണ് എന്ന് എന്റെ ഒരു സ്നേഹിതൻ ഒരിക്കൽ പറയുകയുണ്ടായി. ആയതിനാൽ ഒരു വർഷം എന്ന നാഴികക്കല്ല് നമ്മുടെ ആയുസ്സിനോടുള്ള ബന്ധത്തിൽ വളരെ വിലയേറിയതായി എണ്ണുക. പുതിയ വർഷത്തിൽ നാം മാനസാന്തരപ്പെട്ട് നമ്മിൽ നിന്നും ദൈവം പ്രതീക്ഷിക്കുന്ന ഫലം തന്നെ പുറപ്പെടുവിക്കുവാൻ നമ്മളെ പ്രതിഷ്ഠിക്കുക.

2014 എന്ന് നാം പേർവിളിക്കുന്ന വർഷം ഗ്രിഗേറിയൻ കലണ്ടർ അടിസ്ഥാനമാക്കിയതാണ്. ആയതിനാൽ അതിന്റെ അടിസ്ഥാനത്തിൽ നാം എന്തുകൊണ്ട് പുതുവർഷപ്രാർത്ഥന നടത്തണം എന്ന ചോദ്യം പൊതുവായുള്ളതാണല്ലോ?.

നമ്മുടെ ജന്മദിനം, വിദ്യാഭ്യാസം, വിവാഹം, യാത്രകൾ എന്നിവയെല്ലാം ഈ കലണ്ടർ അടിസ്ഥാനമാക്കി ഉപയോഗിക്കുന്നതിനാൽ പുതുവർഷയോഗത്തിനും ഈ കലണ്ടർ തന്നെ അടിസ്ഥാനമാക്കുന്നതിന് അനുയോജ്യം എന്നു ഞാൻ ചിന്തിക്കുന്നു.

2014ന്റെ നാലാം പാദത്തിൽ നാം എത്തിയിരിക്കുന്ന ഈ സമയം, കലാപം, യുദ്ധം, വെള്ളപ്പൊക്കം, അപകടങ്ങൾ, വിവിധ കെടുതികൾ എന്നിവ മുഖാന്തിരം എത്രയോ പേർ ലോകം വിട്ടു പോയി. എന്നാൽ നമ്മുടെ ആയുസ്സ്. ഈ വർഷം ദൈവം കരങ്ങളിൽ കൃപയാൽ ഭദ്രമായിരുന്നു.

ഇതോടൊപ്പം തന്നെ നാം നോക്കിപ്പാർക്കേണ്ടതായ ഒരു ഭാവി പ്രത്യാശയുണ്ട്. അതെന്തെന്നാൽ വാച്ച്

നൈറ്റ് കൂടിവരവുകൾ ഇല്ലാത്തതായ ഒരുകാലം വരും. ഈ ആകാശവും ഭൂമിയും മാറിപ്പോകും, രാത്രി

ഉണ്ടാകയില്ല നഗരത്തിൽ പ്രകാശിപ്പാൻ സൂര്യനും ചന്ദ്രനും അവിടെ ആവശ്യമില്ല. ദൈവതേജസ്സ് അതിനെ പ്രകാശിപ്പിച്ചും കുഞ്ഞാട് അതിന്റെ വിളക്കുമാകുന്നു എന്ന് വെളിപ്പാട് പുസ്തകം 21-ൽ കാണുന്നുവല്ലോ. ഈ പ്രത്യാശയോടെ 22015 എന്ന പുതിയവർഷത്തിലേക്ക് പ്രവേശിക്കുവാൻ ദൈവം നമ്മെ അനുവദിക്കുന്നുവെങ്കിൽ ആ വിലയേറിയ സമയം ദൈവദാസനോടും ദൈവമക്കളോടും ചേർന്ന് ദൈവത്തെ സ്തുതിച്ചും നന്ദി പറഞ്ഞും കൊണ്ട് ആ സമയം ചിലവഴിക്കുന്നത് എത്ര നന്ന്. നാം നമ്മോടു തന്നെ ചോദിക്കുക.

പുതുവർഷ യോഗം ആവശ്യമോ?


## ബിലീവേഴ്സ് ജേണൽ പരസ്യനിരക്കുകൾ

| കളർ | | ബ്ലാക്ക് & വൈറ്റ് | |
|---|---|---|---|
| 2 Page | - 30000 | 2 Page | - 20000 |
| 1Page | - 16000 | 1Page | - 12000 |
| 1/2 Page | - 9000 | 1/2 Page | - 6000 |
| 1/4 Page | - 5000 | 1/4 Page | - 5000 |
| മിനിമം | - 2000 | മിനിമം | - 1000 |

വിവാഹപരസ്യം – 1 ലക്ഷം 500, 2 ലക്ഷം 750
ബാക്ക് പേജ് പരസ്യത്തിന് 25% അധികം,
ഫ്രണ്ട് പേജ്– 100% അധികം

Address

Believerse Journal
P.O. BOX: 31, Manjadi P.O.,
Thiruvalla - 689 105

Email: beljourn@gmail.com
Website: www.beljourn.com / www.beljourn.in
Phone : 09447368795


# ഗിൽഗാൽ ബിബ്ലിക്കൽ സെമിനാരി ബിരുദദാന സമ്മേളനം നടത്തി




**ഷാർജ:** ദൈവവചന പഠനം നന്മയിലേക്കു നയിക്കുമെന്നു ചർച്ച് ഓഫ് ഗോഡ് സഭാ ജനറൽ ഓവർസീയർ റവ. ഡോ. മാർക്ക് വില്യംസ് പറഞ്ഞു. വർഷിപ്പ് സെന്ററിൽ പ്രവർത്തിക്കുന്ന ഗിൽഗാൽ ബിബ്ലിക്കൽ സെമിനാരിയിലെ ആറാമതു ബാച്ചിലെ 34 വിദ്യാർത്ഥികളുടെ ബിരുദദാന ചടങ്ങ് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

സെമിനാരി ഡയറക്ടർ റവ. കെ. ഒ. മാത്യു അദ്ധ്യക്ഷത വഹിച്ചു. റവ. സുശീൽ മാത്യു, മിഡിൽ ഈസ്റ്റ് ആന്റ് യൂറോപ്പ് സൂപ്രണ്ട് ഡോ. പോൾ ഷിംദ്ഗാൾ, അക്കാദമിക് ഡീൻ റവ. തോമസ് ജോർജ്, റവ. വാൻസ് മാസങ്ങിൽ, അജ്മാൻ വൈ. എം. സി. എ. പ്രസിഡന്റ് സാജൻ വേളൂർ, റവ. ടി. എം. ജോയൽ, ക്രിസ്റ്റഫർ, റവ. ബനഡിക്റ്റ് ആന്റണി, പാസ്റ്റർ വിൽസൻ ജോസഫ്, പാസ്റ്റർ ഷാൻ മാത്യു, ആനന്ദ തോമസ്, സുഗന്ധി, റവ. സൈമൺ എം. വി, റവ. ജോർജ്ജ് വറുഗീസ് എന്നിവർ പ്രസംഗിച്ചു.

# ഡാളസ്സിലെ പെന്തെക്കോസ്ത് സഭകളിലൂടെ...

## ഐ.പി.സി. ശാലോം ഡാളസ്



2011 ജനുവരിയിൽ പാസ്റ്റർ സി. ജി തോമസിന്റെ നേതൃത്വത്തിൽ ആരംഭിച്ചതാണ് ഐ.പി.സി. ശാലോം ഡാളസ്- തുടർന്ന് പാസ്റ്റർ വീയപുരം ജോർജുകുട്ടി സഭാ ശുശ്രൂഷകനായി ചുമതലയേറ്റു. ഒരു വർഷത്തിനകം തന്നെ 1 1/2 ഏക്കർ സ്ഥലവും എല്ലാവിധ സൗകര്യങ്ങളുമുള്ള ചർച്ച് ബിൽഡിംഗും വാങ്ങുവാൻ ഇടയായി. ഐ.പി.സി. ജനറൽ ജോയിന്റ് സെക്രട്ടറി പാസ്റ്റർ സാം ജോർജ് ഈ സഭയുടെ അംഗമാണ്.

വിലാസം

**IPC SHALOM, 1901 SYLVAN Dr, GARLAND, TX 75040**
**PH: 214 603 8271**

## ബെഥേൽ പെന്തെക്കോസ്തൽ അസംബ്ലി നോർത്ത് ഡാളസ്

2011 ഏപ്രിൽ ആരംഭം കുറിച്ചതാണ് ബെഥേൽ പെന്തെക്കോസ്തൽ അസംബ്ലി നോർത്ത് ഡാളസ്. സുവിശേഷീകരണത്തോടൊപ്പം ജീവകാരുണ്യ പ്രവർത്തനങ്ങൾക്കും മുൻതൂക്കം കൊടുക്കുന്ന സഭയാണ് ഇത്. പാസ്റ്റർ സന്തോഷ് പൊടിമല സഭയുടെ സീനിയർ പാസ്റ്ററായി പ്രവർത്തിക്കുന്നു. പാസ്റ്റേഴ്സ് ബഞ്ചമിൻ തോമസ്, സാമുവേൽ എം. സാമുവേൽ, ജോസഫ് തോമസ് എന്നിവർ സഹശുശ്രൂഷകരായി പ്രവർത്തിക്കുന്നു.

വിലാസം

2542, Country Club Rd., Lucas TX 75002
Website: www.bpanorthdallas.org

## പാസ്റ്റർ സന്തോഷ് ബെഞ്ചമിൻ പൊടിമല



പെന്തെക്കോസ്തിലെ നാലാം തലമുറക്കാരനാണ് പാസ്റ്റർ സന്തോഷ് പൊടിമല. ബെഥേൽ പെന്തെക്കോസ്ത് അസംബ്ലിയുടെ സീനിയർ ശുശ്രൂഷകനായ ഇദ്ദേഹം ഭാരതത്തിലും അമേരിക്കയിലും സുവിശേഷപ്രവർത്തനങ്ങൾക്കു പുറമേ ജീവകാരുണ്യ പ്രവർത്തനരംഗത്തും സജീവമാണ്. "സേക്രട്ട് ഹാൻസ് ഓഫ് ഹോപ്പ്" എന്ന ജീവകാരുണ്യ സംഘടനയുടെ പ്രസിഡന്റായ ഇദ്ദേഹം "ഹോം ലസ്സ്" ആളുകൾക്കായി വിവിധ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നു. പ്രസിദ്ധമായ ബെയ്ലർ ഹോസ്പിറ്റൽ ചാപ്ലയിൻ കൂടിയാണ്. പൊടിമല പാസ്റ്റർ ബഞ്ചമിൻ തോമസിന്റെയും പൊന്നമ്മ തോമസിന്റെയും മകൻ. PYCD യുടെ പ്രസിഡന്റാണ്.

ഭാര്യ: സൂസൻ
മക്കൾ: സ്നേഹ, സേത്ത്

Website: wwwicaministries com, www.sacredhandsofhope.org

## ഫിലെദൽഫിയ പെന്തെക്കോസ്തൽ ചർച്ച് ഓഫ് ഡാളസ് (ഐ.പി.സി)

1996-ൽ പാസ്റ്റർ സാമുവേൽ ഐസക്ക് ആദ്യ ശുശ്രൂഷകനായി ആരംഭം കുറിച്ചതാണ് ഈ സഭ. പാസ്റ്റർ ജോസഫ് ദാനിയേൽ (അനിയൻകുഞ്ഞ്), പാസ്റ്റർ തോമസ് ജോർജ്ജ് എന്നിവർ ശുശ്രൂഷകരായിരുന്നു.

ഇപ്പോൾ ഡോക്ടർ ഷിബു ശമുവേൽ ശുശ്രൂഷകനായിയിരിക്കുന്നു.

ജോ മാത്യൂസ് (സെക്രട്ടറി), സാം തോമസ് (ട്രഷറർ). സൂസൻ ജോർജ്ജ് (സണ്ടേസ്കൂൾ), ഗ്ലാഡ്വിൻ വർഗ്ഗീസ് (യൂത്ത്), സൂസൻ ഷിബു(സോദരീ സമാജം) എന്നിവർ വിവിധ ചുമതല വഹിക്കുന്നു. എല്ലാ ഞായറാഴ്ചത്തെയും സഭായോഗം ലോവ് സ്ട്രീം ഉണ്ട്.

വിലാസം

2915 Broadway Bivd, Garland, TX 75041
PH: 972 926 9977
website: www.ppcdchurch org.

## ന്യൂഗാർലന്റ് ചർച്ച് ഓഫ് ഗോഡ്

1987 -ൽ പാസ്റ്റർ വൈ.സഖര്യാ ആരംഭിച്ചതാണ് ഈ സഭ. 2006 മുതൽ പാസ്റ്റർ ജോൺസൺ സഖര്യാ ഈ സഭയുടെ സീനിയർ ശുശ്രൂഷകനായി പ്രവർത്തിച്ചു വരുന്നു. പാസ്റ്റർ ഫിനോയി ലിൻസേ ജോൺസൺ ഈ സഭയുടെ അസോ. പാസ്റ്ററായി പ്രവർത്തിക്കുന്നു. പാസ്റ്റേഴ്സ് വിനോദ് ജേക്കബ്, റ്റി വർഗ്ഗീസ് എന്നിവർ സഭയുടെ ശുശ്രൂഷകളിൽ പങ്കാളിത്വം വഹിക്കുന്നു.

സെക്രട്ടറി: പാസ്റ്റർ ഫിനോയ് ജോൺസൺ
ട്രഷറർ: ജയിംസ് സഖര്യാ
യൂത്ത് : സിസ്റ്റർ ഫ്ളോസി ജോൺസൺ
ലേഡീസ്വിംഗ്: ലില്ലിക്കുട്ടി ജോൺസൺ

വിലാസം:

9206 Markville Dr, Dallas TX 75 231

## പാസ്റ്റർ വീയപുരം ജോർജുകുട്ടി



വീയപുരം സ്വദേശിയായ പാസ്റ്റർ ജോർജുകുട്ടി കുമ്പനാട് ഹെബ്രോൻ ബൈബിൾ കോളജിലെ (1973-74) പഠന ശേഷം കേരളത്തിലും ബോംബെയിലും വിവിധ സഭകളുടെ ശരശ്രൂഷകനായിരുന്നു. തുടർന്ന് ഷാർജ്ജ, ന്യൂയോർക്ക്, ചിക്കാഗോ, ഡാളസിലെ ഐ.പി.സി റ്റാബർ നാക്കിൾ, ഐ.പി.സി. കാൽവറി എന്നീ സഭകളുടെ ശുശ്രൂഷകനായിരുന്നു. ഇപ്പോൾ ഐ.പി.സി. ശാലോം സഭാശുശ്രൂഷകൻ, പ്രഭാഷകൻ, ഗ്രന്ഥകാരൻ എന്നീ നിലകളിൽ പ്രസിദ്ധനായ ഇദ്ദേഹം വിജയകരമായ കുടുംബജീവിതം, സിയോൻ സഞ്ചാരി കയറിയിറങ്ങേണ്ട മലകളും താഴ്വരകളും, ക്രിസ്തുവിന്റെ വരവും അനന്തര സംഭവങ്ങളും, മദ്യപാനം നരകത്തിലേക്കുള്ള എളുപ്പവഴി തുടങ്ങിയ ഗ്രന്ഥങ്ങളുടെ രചയിതാവാണ്.

ഭാര്യ: കുഞ്ഞുമോൾ, മക്കൾ: ബ്ലെസ്സി, പ്രെയ്സി, സ്റ്റാൻലി.
തന്റെ പ്രസംഗങ്ങൾ YOU TUBE ൽ ലഭ്യമാണ്.
**Visit www.you Tube/ veeyapuram georgekutty.**

## പാസ്റ്റർ സാം ജോർജ്ജ്



ഐ. പി. സിയിലെ സീനിയർ ശുശ്രൂഷകനായ പത്തനാപുരം ശാലോ (ഈട്ടിവിള)മിൽ പാസ്റ്റർ ഇ.സി ജോർജ്ജിന്റെ മകൻ. മികച്ചപ്രസംഗകനായ ഇദ്ദേഹം ഐ.പി.സി. ജനറൽ സെക്രട്ടറി ഇൻചാർജ്ജ് എന്ന നിലയിൽ സ്തുത്യർഹമായ പ്രവർത്തനം കാഴ്ചവെയ്ക്കുന്നു. കർണാടകയിൽ ഐ.പി.സി പ്രവർത്തനത്തിന് ശക്തമായ മുന്നേറ്റമുണ്ടാകുവാൻ കഴിഞ്ഞത് പാസ്റ്റർ സാം ജോർജ്ജ് പ്രസിഡന്റായിരുന്നപ്പോഴാണ്. ആര്യപ്പള്ളിൽ.....ന്റെ മകളും കൊടുന്തറ ഉമ്മച്ചന്റെ കൊച്ചുമകളുമായ മോളിയാണ് ഭാര്യ.

## പാ. ഷിബു ശാമുവേൽ



പാസ്റ്റർ സി.വി ശാമുവേലിന്റെയും ഏലിയാമ്മ ശാമുവേലിന്റെയും മകൻ. മുംബൈ യൂണിവേഴ്സിറ്റിയിൽ കമ്പ്യൂട്ടർ സയൻസിൽ മാസ്റ്റേഴ്സ് നേടിയ താൻ പായിപ്പാട് ന്യൂ ഇന്ത്യാ ബൈബിൾ കോളജിലും മിസ്സൗറി ബെറിയൻ യൂണിവേഴ്സിറ്റിയിലും വേദപഠനം നടത്തി. കൗൺസിലിംഗ് സൈക്കോളജിയിൽ പി.എച്ച്.ഡിയും നേടി.

8 വർഷം കാന്റൺ കാൽവറി ഏജി ശുശ്രൂഷകനായിരുന്നു. പ്രസംഗകനും എഴുത്തുകാരുമാണ് 2003-ൽ നോർത്തമേരിക്കൻ റൈറ്റേഴ്സ് ഫോറം അവാർഡ് ലഭിച്ചിട്ടുണ്ട്. ഫാമിലി കൗൺസിലിംഗും യൂത്ത് കൗൺസിലിംഗും ചെയ്യുന്ന ഇദ്ദേഹം ഇപ്പോൾ ഫിലെദൽഫിയ പെന്തെക്കോസ്തൽ ചർച്ച് ഓഫ് ഗോഡ് ഡാളസിന്റെ ശുശ്രൂഷകനാണ്.

ഭാര്യ: സൂസൻ, മക്കൾ: അലൻ, ഏഞ്ചല.

**PH: 586 360 4780**
**Email: ssamuel2006@yahoo.com**

## പാസ്റ്റർ ജോൺസൺ സഖര്യാ



പാസ്റ്റർ വൈ സഖര്യയുടെ മൂത്തമകനായ പാസ്റ്റർ പാസ്റ്റർ ജോൺസൺ സഖര്യാ 19-ാം വയസിൽ സുവിശേഷകനായി. 1969 - 70 വരെ മുളക്കുഴയിൽ വേദപഠനം നടത്തി. തുടർന്ന് മണ്ണൂർക്കോണം, ഒറ്റക്കൽ, പുനലൂർ, ഉള്ളൂർ, പിറവന്തൂർ, വെള്ളക്കൽ, കീക്കൊഴൂർ സഭകളിൽ ശുശ്രൂഷകനായി. 1988 -ൽ അമേരിക്കയിലെത്തി. Nacog വൈ. പ്രസിഡന്റ്, സെക്രട്ടറി, സിറ്റിവൈഡ് പ്രയർ ഫെലോഷിപ്പ് കോർഡിനേറ്റർ പദവികൾ വഹിച്ചിട്ടുണ്ട്. എഴുത്തുകാരൻ ആയി അറിയപ്പെടുന്ന ഇദ്ദേഹം മഞ്ചുളചിന്തകൾ എന്ന ഗ്രന്ഥത്തിന്റെ രചയിതാവും ചർച്ച് ഓഫ് ഗോഡ് റൈറ്റേഴ്സ് ഫോറം പ്രസിഡന്റുമാണ്. ഇപ്പോൾ ന്യൂഗാർലന്റ് സഭയുടെ ശുശ്രൂഷകൻ.

ഭാര്യ: മക്കൾ: പാസ്റ്റർ ഫിനോയി, പാസ്റ്റർ ഫിജോയി, ഫിന്നി, ഫ്ളോസി

Email: ministerjz@gmail.com

## ഷിബു തോമസ്



പൂവത്തൂർ കുര്യഞ്ചിറയിൽ കെ.ജെ തോമസ് - അന്നമ്മ ദമ്പതികളുടെ മകനാണ് ഇവാ. ഷിബു തോമസ്. ഒസ്മാനിയ യൂണിവേഴ്സിറ്റിയിൽ നിന്നും ബിരുദം നേടിയ താൻ അമേരിക്കയിൽ നിന്നും വേദശാസ്ത്രത്തിൽ ഡിപ്ലോമയും നേടി. ഭോപ്പാൽ കേന്ദ്രീകരിച്ച് ബിസിനസ് ചെയ്യുന്ന ഇദ്ദേഹം റിയൽ എസ്റ്റേറ്റ് രംഗത്തും ഇന്റീരിയർ ഡിസൈനിംഗ് രംഗത്തും മുൻനിരയിലാണ്. C. G. P. F പ്രസിഡന്റ്, മധ്യപ്രദേശ് ക്രിസ്ത്യൻ അസോസിയേഷൻ പ്രസിഡന്റ് ഐ. പി. സി. NRI കൗൺസിൽ ജോയിന്റ് സെക്രട്ടറി, ഐ. പി. സി. NR കൗൺസിൽ മെമ്പർ. ഭോപ്പാൽ PUPF സെക്രട്ടറി BJP മധ്യപ്രദേശ് കമ്മറ്റിയിൽ. ന്യൂനപക്ഷസെല്ലിലെ പ്രത്യേക ക്ഷണിതാവ് ഇങ്ങനെ വിവിധ ചുമതലകൾ വഹിക്കുന്നു. ഐ. പി. സി. ശാലേം ഡാളസ് സഭാംഗം. ഭാര്യ: മിനി. മക്കൾ: അലൻ (ക്രൈസ്റ്റ് ഫോർ ദി നേഷൻസിൽ വേദവിദ്യാർത്ഥി, അബിഗയ്ൻ.

**Email: shibuthomas@live.in**

# ലോഗോസ് മിനിസ്ട്രീസ് ഇൻ ഇൻഡ്യ

## പത്തനാപുരം, കേരള

## കൊയ്ത്തിനായി വിളഞ്ഞ വയലുകൾ

''ഇനി നാലുമാസം കഴിഞ്ഞിട്ടു കൊയ്ത്തുവരുന്നു എന്നു നിങ്ങൾ പറയുന്നില്ലയോ? നിങ്ങൾ തലപൊക്കി നോക്കിയാൽ നിലങ്ങൾ ഇപ്പോൾത്തന്നെ കൊയ്ത്തിനു വിളഞ്ഞിരിക്കുന്നതു കാണും എന്നു ഞാൻ നിങ്ങളോടു പറയുന്നു.''
യോഹന്നാൻ 4:35

തന്നെ സമീപിച്ച ജനങ്ങളോട് മാനസാന്തരപ്പെടുവാൻ യോഹന്നാൻ സ്നാപകൻ വിളിച്ചു പറഞ്ഞു. തന്റെ പിന്നാലെ കടന്നുവന്ന യേശുക്രിസ്തു ലോകത്തിന് മാനസാന്തരസന്ദേശം നൽകി തന്റെ ശുശ്രൂഷ ആരംഭിച്ചു. എല്ലായിടത്തും എല്ലാവരും മാനസാന്തരപ്പെടണമെന്നും ആരും നശിച്ചുപോകരുതെന്നും ഉള്ള ആഗ്രഹമാണ് ക്രിസ്തുവിന്റെ ശുശ്രൂഷയുടെ കാതൽ. തന്റെ കാന്തയാകുന്ന സഭയുടെ അംഗങ്ങളായി തീരുവാൻ സുവിശേഷത്തിലൂടെ ജനങ്ങളെ അവൻ ക്ഷണിക്കുകയാണ്. പാപികളായി നിത്യജീവൻ നഷ്ടപ്പെടുത്തുന്ന ജനതയ്ക്ക് വിടുതലിന്റെ സന്ദേശമാണ് ക്രിസ്തുവിന്റെ സുവിശേഷം. അതിനായി അവൻ കാൽവറി ക്രൂശിൽ പരമയാഗമായി തീർന്നു. ശത്രുക്കളായിരുന്നപ്പോൾ, അന്യരായിരുന്നപ്പോൾ നമ്മെ സ്നേഹിച്ചതാണ് ക്രിസ്തു സുവിശേഷത്തിന്റെ ആകെത്തുക. നമുക്ക് ലഭിച്ച രക്ഷയുടെ അനുഭവം മറ്റുള്ളവരിലേക്ക് പകരുവാനും നശിച്ചുപോകുന്ന ആത്മാക്കളെക്കുറിച്ച് ഭാരമുള്ളവരായി മറ്റുള്ളവരെ നേടുവാനും ഉള്ള വലിയ ദൗത്യം നമുക്കുണ്ട്. വിളവെടുപ്പിന് കാലം അതിക്രമിച്ചിരിക്കുന്ന വയൽ നമ്മുടെ ദർശനത്തിലുണ്ടാകണം. അത് നിമിത്തമുള്ള ആത്മഭാരവും നമ്മെ ഭരിക്കണം. തിടുക്കത്തോടെ അയച്ചവന്റെ വേല ചെയ്യുവാൻ ഉത്സുകരാകണം. ഈ ഒരു ദർശനമാണ് ലോഗോസ് മിനിസ്ട്രീസ് ഇൻ ഇൻഡ്യയുടെ രൂപീകരണത്തിന് കാരണമായത്. സമൂഹത്തിൽ അശരണരായവരെ സഹായിക്കുക, നിത്യജീവന്റെ സുവിശേഷം പ്രസംഗിക്കുക എന്നിവ നമ്മുടെ കടമയാണ്. നമുക്ക് ലഭിച്ച നന്മകളും അനുഗ്രഹങ്ങളും എല്ലാം മറ്റുള്ളവരുടെ അനുഗ്രഹത്തിന് കാരണമാകണം. ലോഗോസ് മിനിസ്ട്രിയുടെ പ്രവർത്തനങ്ങളിൽ പങ്കുചേരുവാൻ നിങ്ങളെ ക്ഷണിക്കുന്നു. ദൈവം ഏവരേയും അനുഗ്രഹിക്കട്ടെ.

ക്രിസ്തുവിൽ സ്നേഹപൂർവ്വം

പാസ്റ്റർ വിജി ചാക്കോ, ഡയറക്ടർ

## ലോഗോസ് സ്നേഹഭവൻ



സമൂഹത്തിലെ അശരണരായ കുട്ടികളെ ആവശ്യമായ ജീവിത സൗകര്യങ്ങൾ നൽകി ആത്മീയ ശിക്ഷണത്തിൽ വളർത്തിയെടുക്കുക എന്ന ലക്ഷ്യത്തോടെയാണ് ലോഗോസ് സ്നേഹഭവന് തുടക്കം കുറിച്ചത്. ഏഴ് കുട്ടികളുമായി 2014-ൽ ആരംഭിച്ച സ്നേഹഭവൻ തുടർന്നുള്ള വർഷങ്ങളിൽ കൂടുതൽ കുഞ്ഞുങ്ങളെ ഏറ്റെടുത്ത് പ്രവർത്തനം വിശാലമാക്കുവാനാണ് ലക്ഷ്യമിടുന്നത്. വിദ്യാഭ്യാസം, ഭക്ഷണം, വസ്ത്രം, നല്ല താമസസൗകര്യം എന്നിവ നൽകുന്നതോടൊപ്പം ആവശ്യമായ ആത്മീയ ശിക്ഷണം നൽകി ഭാവിയിൽ ഉത്തമ പൗരന്മാരായി തീരുവാനുള്ള അവസരമാണ് ലോഗോസ് സ്നേഹഭവൻ നൽകുന്നത്. ഇടുക്കി ജില്ലയിൽ നിന്നുള്ള കുട്ടികൾക്കാണ് പ്രവേശനത്തിന് മുൻഗണന നൽകുന്നത്. കൂടുതൽ വിവരങ്ങൾക്ക് ജനറൽ കോർഡിനേറ്റർ ഇവാ. സന്തോഷ് ചാക്കോയുമായി ബന്ധപ്പെടുക.

## ക്രൈസ്തവഗാന സിഡികൾ



ലോഗോസ് മിനിസ്ട്രീസ് ഇൻ ഇൻഡ്യയുടെ സംഗീത വിഭാഗമായ ലോഗോസ് മ്യൂസിക്സിന്റെ ചുമതലയിൽ ക്രൈസ്തവ സിഡികൾ പുറത്തിറക്കുന്നു. ഗാന രചയിതാവ് കൂടിയായ പാസ്റ്റർ വിജി ചാക്കോ രചിച്ച ഗാനങ്ങളും ഈ സിഡികളിൽ ഉൾപ്പെടുത്തിയിരിക്കുന്നു. വിടുതലിൻ കരങ്ങൾ, നിത്യമാം സ്നേഹം, മാറാത്ത സ്നേഹം, മാറാത്ത സഹായി, മാറാത്ത സ്നേഹിതൻ, തുടങ്ങിയവയാണ് ലോഗോസ് മ്യൂസിക്സ് പുറത്തിറക്കിയിരിക്കുന്ന സി. ഡി.കൾ.

## കൂടുതൽ വിവരങ്ങൾക്ക്

LOGOS MINISTRIES IN INDIA
Chenkilath Salem House
Pathanapuram, Kollam Dist
PH: 828 -116 - 8282

VIJI CHACKO
Logos Ministries
3970 Embassy way
Lilburn, GA 30047, USA

Email: vijishiny3@yahoo.com

## പാസ്റ്റർ വിജി ചാക്കോ

## (ഡയറക്ടർ)



പാസ്റ്റർ വിജി ചാക്കോ

**1965-ൽ** ജനിച്ച പാസ്റ്റർ വിജി ചാക്കോ ഹരിയാന ഗ്രേയ്സ് ബൈബിൾ കോളജിലും ന്യൂ ലൈഫ് ബിബ്ളിക്കൽ സെമിനാരിയിലുമായി വേദപഠനം നടത്തി. 1987-ൽ ബീഹാറിലെ റാഞ്ചിയിൽ ഗ്രാമീണരുടെ ഇടയിൽ പ്രവർത്തിച്ചു. തുടർന്ന് ബാംഗ്ലൂരിൽ 1988 - ൽ എത്തി.പാസ്റ്റർ ദത്തോസ് ചെറിയാനോടൊപ്പം പ്രവർത്തിച്ചു. 1989-ൽ പാസ്റ്റർ മാത്യു എം. ചെറിയാന്റെ മകൾ ഷൈനിയെ വിവാഹം ചെയ്തു. 1992 - ൽ അമേരിക്കയിലെത്തി. അറ്റ്ലാന്റാ ക്രിസ്ത്യൻ അസംബ്ലിയിലെ വർഷിപ്പ് ലീഡറായ പാസ്റ്റർ വിജി ചാക്കോ അനേക ക്രൈസ്തവ ഗാനങ്ങളുടെ രചയിതാവ് കൂടിയാണ്. 1987-ൽ തനിക്ക് ദൈവം നൽകിയ ദർശന പ്രകാരം ആരംഭിച്ചതാണ് ലോഗോസ് മിനിസ്ട്രീസ് ഇൻ ഇൻഡ്യ. ലോഗോസ് മിനിസ്ട്രിയുടെ ഡയറക്ടറായി പ്രവർത്തിക്കുന്ന പാസ്റ്റർ വിജി ചാക്കോയുടെ ഭാര്യ: ഷൈനി ചാക്കോ

മക്കൾ : ജെൻസീൻ, ജയ്സൺ, ജാസ്മിൻ

മരുമകൻ: ജിജോ, കൊച്ചുമകൻ: ജെരമിയ

## ലോഗോസ് മ്യൂസിക്സ്

### പത്തനാപുരം



പാസ്റ്റർ സന്തോഷ് ചാക്കോ ഗാനം ആലപിക്കുന്നു

ക്രൈസ്തവഗായകനും സുവിശേഷകനുമായ സന്തോഷ് ചാക്കോ നേതൃത്വം നൽകുന്ന ലോഗോസ് മ്യൂസിക്സ് ഇന്ന് ഏറെ പ്രശസ്തമായിക്കഴിഞ്ഞിരിക്കുന്നു. കൺവൻഷനുകൾ, ക്രൂസേഡുകൾ, വിവാഹം, ശവസംസ്കാരം തുടങ്ങിയ ശുശ്രൂഷകളിൽ സംഗീതശുശ്രൂഷ നിർവ്വഹിക്കുന്ന ലോഗോസ് മ്യൂസിക്സ് സുവിശേഷീകരണരംഗത്തും ശക്തമായ മുന്നേറ്റമാണ് നടത്തുന്നത്. സുവിശേഷീകരണം ലാക്കാക്കി വിവിധയിടങ്ങളിൽ പരസ്യയോഗവും ടീമിന്റെ ചുമതലയിൽ നടത്തപ്പെടുന്നു. പ്രത്യേകിച്ച് ഇടുക്കി ജില്ലയിൽ പരസ്യയോഗം നടത്തുവാൻ ആഗ്രഹിക്കുന്നവർക്ക് ടീമിന്റെ സൗജന്യസേവനം ലഭ്യമാണ്. താല്പര്യമുള്ളവർക്ക് ബന്ധപ്പെടാം. ഫോൺ 8281168282



പാസ്റ്റർ വിജി ചാക്കോ കുടുംബത്തോടൊപ്പം

## ഡോ.കോര സംസാരിക്കുന്നു



1. ജനറൽ കൺവൻഷനു പ്രസംഗിക്കാൻ ആഗ്രഹമുണ്ട്. ഞങ്ങൾ എന്തു ചെയ്യണം. **– ചെറിയാൻ ബാബു മുളക്കുഴ**

*ഈ സീസണിൽ പ്രസംഗിച്ച കൺവൻഷനുകളുടെ നോട്ടീസ് കോരയ്ക്കു ബോധിച്ചു. വിവരക്കേട് പ്രസംഗിക്കുന്നവരെക്കൂടെ ഒഴിവാക്കിയാൽ നന്ന്.*

2. കുമ്പനാട്ട് നോക്കുകൂലി പ്രശ്നം ഉണ്ടായത് കോര അറിഞ്ഞില്ലേ. **– സുബിൻ കുമ്പനാട്**

*ഓരോരുത്തനുമുള്ള കൂലി കൊടുക്കുവാൻ ഒരുവൻ വരുന്നുണ്ട്. അന്ന് നോക്കുകൂലിക്കാരനും കൂലികിട്ടാതിരിക്കില്ല.*

3. ഐ. പി. സിക്കു പിന്നാലെ ചർച്ച് ഓഫ് ഗോഡിലും നേതൃത്വത്തിനെതിരെ വിശ്വാസികൾ കോടതിയിൽ. കോര എന്തു പറയുന്നു. **– മോൻസി മുളക്കുഴ**

*ദർശനം നഷ്ടപ്പെട്ട നേതൃത്വവും വിശ്വാസികളും പെന്തെക്കോസ്തിന് 'അലങ്കാരമാകുമ്പോൾ' കോര മൗനം പാലിക്കുന്നു.*

## ഭാരവാഹികളെ തിരഞ്ഞെടുത്തു



**ന്യൂയോർക്ക്:** ഇൻഡ്യാ പെന്തെക്കോസ്ത് ദൈവസഭ നോർത്ത് അമേരിക്കൻ ഈസ്റ്റേൺ റീജിയന്റെ യുവജന സംഘടനയായ പി.വൈ.പി.എ വാർഷിക സമ്മേളനം നവംബർ 23 ഞായറാഴ്ച വൈകിട്ട് എൽമണ്ടിലുള്ള ശാലോം പെന്തെക്കോസ്തൽ ടാബർനാക്കിൾ ചർച്ച് ഓഡിറ്റോറിയത്തിൽ നടന്നു. 2015 – 2017 വർഷത്തേക്കുള്ള പുതിയ ഭാരവാഹികളെ തിരഞ്ഞെടുത്തു. ഭാരവാഹികൾ: ബ്രദർ സാമുവേൽ തോമസ് (പ്രസിഡന്റ്), ബ്രദർ റോബിൻ വർഗീസ് (വൈസ് പ്രസിഡന്റ്), ബ്രദർ കോശി സിജു. ജോൺ (സെക്രട്ടറി), ബ്രദർ സ്റ്റാൻലി സാമുവേൽ (ജോയിന്റ് സെക്രട്ടറി), ബ്രദർ ഏബ്രഹാം മോനീസ് ജോർജ് (ട്രഷറാർ), സിസ്റ്റർ ഹൈറീസ് ജേക്കബ് (വി.ബി.എസ് കോർഡിനേറ്റർ), ജോൺസി കുമ്പനാട് (മീഡിയ കോർഡിനേറ്റർ) എന്നിവർ തിരഞ്ഞെടുക്കപ്പെട്ടു. ഐ.പി.സി. ഈസ്റ്റേൺ റീജിയൻ സെക്രട്ടറി പാസ്റ്റർ ജോസഫ് വില്യംസ് തിരഞ്ഞെടുപ്പ് ക്രമീകരണങ്ങൾക്ക് നേതൃത്വം നൽകി. ബ്രദർ ജോർജ് സാമുവേൽ അദ്ധ്യക്ഷത വഹിച്ചു. റവ. ഇട്ടി ഏബ്രഹാം അനുഗ്രഹ പ്രാർത്ഥന നടത്തി. പി.വൈ.പി.എ ജനറൽ സെക്രട്ടറി പാസ്റ്റർ സാം പനച്ചയിൽ, പ്രിൻസൺ ഏബ്രഹാം എന്നിവർ ആശംസ സന്ദേശം നൽകി.

## തയ്യൽ പരിശീലനകേന്ദ്രം ഉദ്ഘാടനം




**നെന്മാറ:** ഗ്രേസ് ഗ്ലോബൽ ഔട്ട് റിച്ച് മിനിസ്ട്രീസിന്റെയും ഐ. പി. സി. മലബാർ മിഷൻ ബോർഡിന്റെയും ഐ. പി. സി. നെന്മാറ സെന്ററിന്റെയും സംയുക്താഭിമുഖ്യത്തിൽ ആരംഭിച്ച തയ്യൽ പരിശീലന കേന്ദ്രത്തിന്റെ ഉദ്ഘാടനം പവർവിഷൻ ചെയർമാൻ പാസ്റ്റർ കെ. സി. ജോൺ നിർവ്വഹിച്ചു. പാസ്റ്റർ സാം ദാനിയേൽ അദ്ധ്യക്ഷത വഹിച്ചു. പാസ്റ്റർ ജിമ്മി കുര്യാക്കോസ് ആശംസകൾ നേർന്നു. മിഷൻ ബോർഡ് സെക്രട്ടറി സുവി. സജി മത്തായി കാതേട്ട് സ്വാഗതവും ട്രഷറാർ ജയിംസ് വർക്കി നന്ദിയും പറഞ്ഞു. വയനാട് പുൽപ്പള്ളിയിലും തയ്യൽ പരിശീലനം നടക്കുന്നു. സൗത്ത് ഫ്ലോറിഡ ഐ. പി. സി. പാസ്റ്റർ കെ. സി. ജോണും കുടുംബവുമാണ് പരിശീലന കേന്ദ്രങ്ങൾക്ക് സാമ്പത്തിക സഹായം നൽകി വരുന്നത്.

## മാതാപിതാക്കൾ അറിയാൻ

## കുഞ്ഞുങ്ങളുടെ പഠനവും ഭാവിയും



**ബിനു വടശ്ശേരിക്കര**

**M.sc**ക്ക് റാങ്ക് വാങ്ങിച്ച് പത്രത്തിൽ ഫോട്ടോ വന്നപ്പോൾ ആളുകൾ എല്ലാം കരുതി ഇവളാണ് മിടുക്കി. അയലത്തുക്കാർ വിരൽ ചൂണ്ടി പറഞ്ഞു; 'കണ്ടോ, അവളെ നോക്ക്, നീ പഠിച്ചിട്ട് എന്താ കിട്ടിയത്? എം.എസിക്ക് റാങ്ക് വാങ്ങിയതിനാൽ ജീവിതം രക്ഷപ്പെട്ടു എന്ന് നാട്ടുകാർ കരുതി എന്നാൽ അവൾ ജീവിതത്തിൽ എങ്ങും എത്തിയില്ല.

അപ്പോൾ പഠനത്തിലെ ജയം അല്ല ജീവിത വിജയം എന്ന് സാരം. ചില മാതാപിതാക്കളെങ്കിലും മക്കൾക്ക് പഠനത്തിലെ ജയത്തെ ജീവിത വിജയമാക്കി ചിത്രീകരിക്കാറുണ്ട്. എസ്സ്.എസ്സ്.എൽ.സിക്ക് A+വാങ്ങിയതു കൊണ്ടോ +2ന് A+ വാങ്ങിയതു കൊണ്ടോ നമ്മുടെ കുഞ്ഞുങ്ങളുടെ ജീവിതം വിജയിച്ചു എന്ന് അർത്ഥമാകുന്നില്ല. ഇനിയും ബഹുദൂരം താണ്ടാനുണ്ട്. ജീവിതയാത്രയിൽ ഞാൻ കണ്ടുമുട്ടിയ ചിലരെങ്കിലും ശരാശരി പഠനം കൊണ്ട് ജീവിതത്തിൽ വലിയ പടവുകൾ കടന്നുവന്നതാണ്. പലരോട് ഞാൻ ചോദിച്ചു; "എങ്ങനെ ഇത്രത്തോളം ഉയർന്നു". ഒറ്റ ഉത്തരം "എന്റെ ദൈവം എന്നെ ഇവിടെ വരെ എത്തിച്ചു" – നമുക്കുള്ള മാനുഷിക യോഗ്യതകൾക്ക് അപ്പുറത്ത് നമ്മെ എത്തിക്കുവാൻ ദൈവത്തിന് കഴിയും. ആ ബോധ്യം മാതാപിതാക്കളിൽ ഉണ്ടാകണം.

**ദൈവകരങ്ങളിൽ ഭാവി സുരക്ഷിതം**

മക്കളെ കുറിച്ച് വലിയ സ്വപ്നങ്ങൾ നെയ്തുകൂട്ടുന്നവരാണ് എല്ലാ മാതാപിതാക്കളും. സ്വന്തം കുഞ്ഞുങ്ങൾ വാനോളം ഉയർന്നാലും അസൂയ ഇല്ലാത്തവർ മാതാപിതാക്കൾ തന്നെ. എന്നാൽ കുഞ്ഞുങ്ങളുടെ ഭാവി മംഗളകരമാക്കാൻ നമ്മുടെ അദ്ധ്വാനവും പ്രയത്നവും മാത്രം മതിയാകുമോ? കുഞ്ഞുങ്ങളുടെ ഭാവിയെ കുറിച്ച് വ്യക്തമായ ഒരു ധാരണ ദൈവത്തിനു ഉണ്ട്. അവർ ആരായി തീരണം എന്നതിന്റെ 'ബ്ലൂപ്രിന്റ്' ദൈവം തയ്യാറാക്കിയിട്ടുണ്ട്. മാതാപിതാക്കൾ ചെയ്യേണ്ടത് ദൈവവഴികളിൽ, ഉത്തരവാദിത്തം ഉള്ളവരാക്കി, അവരെ വളർത്തുക എന്നത് മാത്രം. ദൈവമാണ് തലമുറയെ ഉയർത്തുന്നതും വളർത്തുന്നതും.

മക്കൾക്ക്, നാം ആഹാരം നൽകുന്നു, ദൈവം ആരോഗ്യം നൽകുന്നു; നാം അറിവ് നൽകുന്നു; ദൈവം ജ്ഞാനം നൽകുന്നു; നാം മരുന്ന് നൽകുന്നു; ദൈവം സൗഖ്യം നൽകുന്നു.

ഇങ്ങനെ പലതും; നാം നൽകുന്നത് തലമുറയ്ക്ക് എത്രത്തോളം പ്രയോജനകരമായതാണെന്ന് വിലയിരുത്തണം. പലരും അപ്പം നൽകുന്നു എന്നാൽ 'ജീവന്റെ അപ്പം" നൽകുവാൻ മറന്നുപോകുന്നു.

**പഠിക്കേണ്ടത് പഠിക്കുക**

സ്കൂളിനെക്കാളും വലിയ പാഠശാല ജീവിതമാണ്. ജീവിച്ച് പഠിക്കുവാൻ തലമുറയെ അനുവദിക്കുക.. സ്കൂളിലും കോളജിലും പഠിക്കുന്നത് കുഞ്ഞുങ്ങളെ വലിയവരാക്കുകയില്ല, മറിച്ച് ജീവിതം ജീവിച്ചു പഠിക്കുന്നവർ മാത്രമേ ജീവിതത്തിൽ ഉയരുകയുള്ളൂ... "എന്റെ മാതാവ് എന്നെ അദ്ധ്വാനിക്കുവാൻ പഠിപ്പിച്ചു, അതായിരുന്നു എന്റെ വിജയം" എന്നത് എബ്രഹാം ലിങ്കന്റെ വാക്കുകളാണ്.

കഠിനാദ്ധ്വാനം കൂടാതെ വിജയമില്ലെന്നും, ജീവിതം അലസമായി കളയേണ്ട ഒന്നല്ല എന്ന് തിരിച്ചറിയുകയും ഇന്നത്തെ തലമുറക്കാവശ്യമാണ്.

"ബാല്യത്തിൽ നുകം ചുമുക്കുന്നത് പുരുഷനാണെന്ന്" എന്ന ബൈബിൾ വചനങ്ങൾ നാം മറക്കരുത്. ജീവിതം ഒന്നേയുള്ളൂ... അത് നന്നായി വിനിയോഗിക്കണം.....

## അമേരിക്കൻ വിശേഷം

**രാജൻ ആര്യപ്പള്ളിൽ ചെയർമാൻ**



## ഭീകരവാദവും വർണ്ണവിവേചനവും

**ക**ഴിഞ്ഞാഴ്ചയിൽ ലോകത്തെ നടുക്കിയ പ്രധാന സംഭവമായിരുന്നു പാകിസ്ഥാനിലെ സൈനീക സ്കൂളിൽ തീവ്രവാദികൾ നടത്തിയ കൂട്ടക്കുരുതി. നിഷ്കളങ്കരായ കുരുന്നുകളെ കുരുതി കൊടുത്ത തീവ്രവാദികൾ ഇതുകൊണ്ട് എന്ത് നേടി? ലോകത്തിലെ തീവ്രവാദികളുടെ പ്രധാനകേന്ദ്രങ്ങളിലൊന്ന് പാകിസ്ഥാൻ ആണെന്നത് പരസ്യമായ രഹസ്യമാണ്. അതിർ ലംഘിച്ച് ഭാരതഭൂമിയിലും ഭീകരവാദം നടത്തുവാൻ പാകിസ്ഥാൻ പ്രോത്സാഹിപ്പിക്കുന്നുവെന്നത് കാലങ്ങളായിയുള്ള യാഥാർത്ഥ്യമാണ്. പാൽ കൊടുത്തു വളർത്തിയ കൈക്ക് തന്നെ തിരിഞ്ഞുകൊത്തുകയാണ് ഭീകരന്മാർ. ലോകമനസ്സാക്ഷിയെ ഞെട്ടിച്ച സംഭവമായിരുന്നു പാകിസ്ഥാനിൽ നടന്നത്. ഇതിൽ നിന്നും പാഠം ഉൾക്കൊണ്ട് മുന്നോട്ടുപോയാൽ ആ രാഷ്ട്രം രക്ഷപ്പെടും. ലോകരാജ്യങ്ങളെല്ലാം തന്നെ തീവ്രവാദികളുടെ ഭീഷണിയെ ഭയക്കുന്നുണ്ട്. മതത്തിന്റെ പേരിൽ നടത്തുന്ന ഈ വെറിക്കൂത്ത് അംഗീകരിക്കുവാൻ മരവിക്കാത്ത മനസ്സാക്ഷിയുള്ള ആർക്കും കഴിയുകയില്ല.

കറുത്തവർഗ്ഗക്കാർക്കെതിരെ വർണ്ണവിവേചനം നടക്കുന്നുവെന്നും വംശീയ വർഗ്ഗീയ വ്യത്യാസം കാട്ടുന്നുവെന്നും ഉള്ള ആരോപണം അമേരിക്കയെ പിടിച്ചുകുലുക്കി. പോലീസ് നടപടികളിൽ ചില കറുത്ത വർഗ്ഗക്കാർ കൊല്ലപ്പെട്ടതിലുള്ള പ്രതിഷേധം പല സ്റ്റേറ്റുകളിലും കറുത്ത വർഗ്ഗക്കാരെ തെരുവുകളിലെത്തിച്ചു. പ്രതിഷേധ റാലികളും വഴിതടയലുമൊക്കെ തുടർച്ചയായി അരങ്ങേറി. എങ്ങും സമാധാനം ഇല്ലാത്ത സാഹചര്യം ലോകമെങ്ങും ഭയപ്പാടിന്റെ നാളുകളാണ് എന്ന് തോന്നിപ്പോകും.

## ബൈബിൾ സൊസൈറ്റി ഓഫ് ഇന്ത്യാ ദേശീയ സ്റ്റാഫ് സമ്മേളനം



**നാ**ലു വർഷത്തിൽ ഒരിക്കൽ മാത്രം നടക്കുന്ന ബൈബിൾ സൊസൈറ്റി ഓഫ് ഇന്ത്യാ ദേശീയ സ്റ്റാഫ് സമ്മേളനത്തിന്റെ ഒരു സെക്ഷൻ കുമ്പനാട് ഇന്ത്യാ ബൈബിൾ കോളജ് IGO ക്യാമ്പസിൽ വെച്ച് 2014 നവംബർ 23 ഞായറാഴ്ച നടന്നു. കേരളത്തിൽ വെച്ച് ആദ്യമായാണ് ഇത്തരം ഒരു സമ്മേളനം നടന്നത്.ബൈബിൾ സൊസൈറ്റി ഓഫ് ഇന്ത്യാ ജനറൽ സെക്രട്ടറി റവ. മാണി ചാക്കോയുടെ നേതൃത്വത്തിൽ സമ്മേളനത്തിൽ പങ്കെടുത്ത മുഴുവൻ സ്റ്റാഫും ഭാരവാഹികളും ഒരു ദിവസം ഇന്ത്യാ ബൈബിൾ കോളജ് IGO ക്യാമ്പസിൽ ചെലവഴിക്കുകയും ഒരു സെക്ഷൻ നടത്തുകയും ചെയ്തു. ഐ.ബി.സി അഡ്മിനിസ്ട്രേറ്ററും ബി.എസ്.ഐ. വൈസ്പ്രസിഡന്റുമായ മിസ്സിസ് സ്റ്റാർലാ ലൂക്ക് പ്രതിനിധിസംഘത്തെ സ്വാഗതം ചെയ്തു. "ഒത്തു ചേർന്ന് വചനവുമായി ലോകത്തെ സന്ധിക്കാം" (Together Impacting the World with the Word) എന്ന വിഷയത്തെ കുറച്ച് പാസ്റ്റർ റ്റി. വൽസൻ ഏബ്രഹാം പ്രസംഗിച്ചു. ഈ സമ്മേളനം ഐ.ബി.സി യെയും ബി.എസ്.ഐയെയും സംബന്ധിച്ചിടത്തോളം ഒരു ചരിത്ര സംഭവമാണ്.

## മണക്കാല ശാലേം ഐപിസി പ്ലാറ്റിനം ജൂബിലി നിറവിൽ

**അടൂർ:** മണക്കാല ഐപിസി ശാലേം സഭ അതിന്റെ ചരിത്രവഴികളിൽ മുക്കാൽ നൂറ്റാണ്ട് പിന്നിടുന്നു. 1940ൽ ചുരുക്കം ചില വിശ്വാസികളുമായി ആരംഭിച്ച സഭ, ഐപിസി യുടെ പ്രധാന സഭകളിൽ ഒന്നായി വളർന്നു. സുവിശേഷീകരണ ജീവകാരുണ്യ മേഖലകളിൽ വിവിധ പ്രവർത്തനങ്ങൾ നടത്തുവാൻ സഭയ്ക്ക് ഇതിനകം കഴിഞ്ഞിട്ടുണ്ട്. ഒരു വർഷം നീണ്ടു നിൽക്കുന്ന ജൂബിലി പ്രവർത്തനങ്ങളുടെ ഭാഗമായി യുവജന സമ്മേളനം, ജീവകാരുണ്യ പ്രവർത്തനങ്ങൾ ജൂബിലി കൺവൻഷൻ, സുവനീർ പ്രകാശനം എന്നിവ നടക്കും.

പ്ലാറ്റിനം ജൂബിലി കൺവൻഷൻ ഡിസംബർ 24–27 വരെ മണക്കാല ജംഗ്ഷനു സമീപമുള്ള കുറുമ്പിൽ ഭവനാങ്കണത്തിൽ നടക്കും. പാസ്റ്റർ ബഞ്ചമിൻ വർഗീസ് ഉദ്ഘാടനം ചെയ്യുന്ന കൺവൻഷനിൽ പാസ്റ്റർമാരായ ജോയി പാറയ്ക്കൽ, ഷാജു സി. ജോസഫ്, കെ.ജെ. തോമസ്, സിസ്റ്റർ അഞ്ജലി പോൾ എന്നിവർ പ്രസംഗിക്കും. ഹെവൻലി ബീറ്റ്സ് ഗാനശുശ്രൂഷ നിർവഹിക്കും.

ഡിസംബർ 25ന് ഉച്ചകഴിഞ്ഞ് 3.30 ന് നടക്കുന്ന ജൂബിലി സമ്മേളനത്തിൽ സഭാനേതാക്കൾ, ആന്റോ ആന്റണി എം.പി., ചിറ്റയം ഗോപകുമാർ എം.എൽ.എ., ജനപ്രതിനിധികൾ എന്നിവർ പങ്കെടുക്കും. സമ്മേളനത്തിൽ വച്ച് ഭവന സഹായം, വിവാഹ സഹായം, വിദ്യാഭ്യാസ സഹായം എന്നിവ വിതരണം ചെയ്യും.

## നിത്യതയിൽ



### പാസ്റ്റർ അനിൽ ജോർജ് (46)

**അടൂർ:** ചന്ദനപ്പള്ളി ഐ.പി.സി. ശുശ്രൂഷകനായ പാസ്റ്റർ അനിൽ ജോർജ് (46) ഡിസംബർ 6–ന് കർത്തൃ സന്നിധിയിൽ ചേർക്കപ്പെട്ടു സംസ്കാരം ഡിസംബർ 9–ന് സഭാസെമിത്തേരിയിൽ പാസ്റ്റർ ഫിലിപ്പ് പി.തോമസ് നടത്തി. ഭവനത്തിൽ നടന്ന ശവസംസ്കാര ശുശ്രൂഷകൾക്ക് പാസ്റ്റർ മാത്യു ജോൺ നേതൃത്വം നൽകി. പാസ്റ്റർമാരായ ഫിലിപ്പ് പി.തോമസ്, പി.സി.ചെറിയാൻ, തോമസ് ഫിലിപ്പ് (പായിപ്പാട്) തോമസ് വർഗീസ് എന്നിവർ വചനശുശ്രൂഷ നിർവ്വഹിച്ചു.

ഭാര്യ: പെരുവാ നെല്ലിക്കാതുരുത്തേൽ ജോളി, മകൻ: ജോസഫ് അനിൽ



### പാസ്റ്റർ ജോൺ സി ജോൺ

**ഫ്ളോറിഡ:** മാവേലിക്കര ചൗക്കയിൽ കുടുംബാംഗം പാസ്റ്റർ ജോൺ സി. ജോൺ (അച്ചൻകുഞ്ഞ്–63) ഫ്ളോറിഡയിൽ നിര്യാതനായി. ഫ്ളോറിഡയിലെ പ്രമുഖ സഭകളിലൊന്നായ ഒർലാന്റോ ഐ. പി. സി. ചർച്ചിന്റെ സഹശുശ്രൂഷകനും മിഷണറിയുമായിരുന്നു. ഭാര്യ: മറിയാമ്മ. മക്കൾ: ഡെന്നി ജോൺ, ഡാനി ജോൺ. സംസ്കാര ശുശ്രൂഷ തിങ്കളാഴ്ച രാവിലെ 9ന് ഒർലാന്റോ ഐ. പി. സി. സഭയുടെ (11551 State Road 535, Orlando) ചുമതലയിൽ ആരംഭിച്ച് 12.45ന് വുഡ്ലോൺ മെമ്മോറിയൽ പാർക്ക് സെമിത്തേരിയിൽ സംസ്കാരം നടത്തി.



### ഉതുപ്പ് ഏബ്രഹാം (കുഞ്ഞച്ചൻ–90)

**മീനടം:** കാവാലച്ചിറ ഐ.പി.സി. ഫിലദൽഫിയ സഭാംഗമായ മീനടം ചിറയ്ക്കാട്ടേൽ ഉതുപ്പ് ഏബ്രഹാം (കുഞ്ഞച്ചൻ–90) ഒക്ടോബർ 24ന് കർത്തൃ സന്നിധിയിൽ ചേർക്കപ്പെട്ടു. സംസ്കാരം 29ന് പയ്യപ്പാടി ഐ. പി.സി സെമിത്തേരിയിൽ പാസ്റ്റർ പി.എ. മാത്യു നിർവ്വഹിച്ചു. ഭവനത്തിൽ നടന്ന ശുശ്രൂഷകളിൽ പാസ്റ്റർമാരായ സാജു ജോസഫ്, കെ.ഇ. തോമസ്, ജയിസ്, ജോൺസഖറിയ, സുധീർ വർഗീസ് തുടങ്ങിയവർ പ്രസംഗിച്ചു. പാസ്റ്റർ ബിനോയ് ഈപ്പൻ ശുശ്രൂഷകൾ നിയന്ത്രിച്ചു.

ഭാര്യ: തോട്ടയ്ക്കാട് മാമ്മൂട്ടിൽ മറിയാമ്മ, മക്കൾ: ജോയ്, ജോർജ്ജുകുട്ടി, റോയ്മോൻ, മോളി, അമ്മാൾ, ലൈസാമ്മ, മരുമക്കൾ: പരേതനായ പി.കെ. മത്തായി, സി.കെ.കുരുവിള, പി.വി. കുറിയാക്കോസ്, സാലി, ജോളി, ജെസി.

## കൊച്ചുവർത്തമാനം





**പാസ്റ്റർ ബിജു ജോയി തുവയൂർ**
**ഗൾഫ് എഡിറ്റർ**

### "മാറിപോയ പ്രോഗ്രാം ഷീറ്റ്"

**ജോ**ർജച്ചായന്റെ മരണം സഭാ ജനങ്ങളെയും തന്നെ ഒരിക്കലെങ്കിലും പരിചയപ്പെട്ടിട്ടുള്ളവരെയും വല്ലാതെ വേദനിപ്പിച്ച തരത്തിലായിരുന്നു. ജോലി സ്ഥലത്തും– സാമൂഹിക ബന്ധങ്ങളിലും – സഭയിലും സാക്ഷ്യവും വിശ്വസ്തതയും പുലർത്തിയ ആ ദൈവ ഭക്തന്റെ ഓർമകൾ എന്നും നിലനിൽക്കതക്കതായിരുന്നു. മരിച്ച ശേഷം ഭക്തനും, വിശുദ്ധനും, ഉപദേശിയുമൊക്കെ ആകുന്ന–ആക്കുന്ന അനേകർ ഉണ്ട്. എന്നാൽ ജീവിച്ചിരിക്കെ തന്നെതാൻ ദൈവപൈതലിന്റെ സകല മാന്യതയും മര്യാദയും ഉള്ളവനായിരുന്നു. ചില മരണവീടുകളിൽ പറയുന്ന സാക്ഷ്യങ്ങളും പ്രസംഗങ്ങളും കേൾക്കുമ്പോൾ സ്വർഗ്ഗം കുനിഞ്ഞുനോക്കും– അയാൾ തന്നെയോ മരിച്ചത് എന്ന്. മരിച്ചവരെ കുറ്റം പറഞ്ഞതല്ല എങ്കിലും അവർക്കില്ലാതിരുന്ന ഗുണങ്ങൾ വർജ്ജിക്കാതിരിക്കുന്നല്ല നല്ലത്. "കണ്ടാൽ മിണ്ടാതെ പോയിട്ടുള്ളവരും" അനുഭവങ്ങൾ അയവിറക്കുന്നതു കേൾക്കുമ്പോൾ – മരിച്ചവർ എഴുന്നേറ്റുവരാൻ സാദ്ധ്യതയുണ്ട്. എന്നാൽ–ജോർജ്ജച്ചായന്റെ കാര്യം അങ്ങനെയല്ലായിരുന്നു– ഏവർക്കും പ്രിയങ്കരൻ– എന്നാൽ സഭാ കേന്ദ്രമായും– ഉന്നതൻമാരുമായും വേണ്ട പോലെ അത്ര അടുപ്പമോ– മറ്റോ ഉണ്ടായിരുനിനല്ല എന്നതു വാസ്തവം. അതും തനിക്കധികം ഗുണമായി– സ്വന്തം സഭയിൽ വേണ്ടും പോലെ ബന്ധമോ അവിടെയുള്ള ദൈവദാസനോടോ ദൈവജനത്തോടോ കരുതലോ ഇല്ലാത്ത ചിലർ കേന്ദ്രത്തിലെ 'പിടിപാടു'കാരും 'സ്വന്തക്കാരും' ആയിരിക്കുന്നത് കണ്ടിട്ടുണ്ട്. 'സാറന്മാരെ' സ്വാധീനിച്ച് അല്ലറ ചില്ലറ നൽകി പ്രധാനികളായി വിലസുന്നവർ– സ്വന്തസഭയിൽ സാക്ഷ്യമോ സ്നേഹമോ ഇല്ലെങ്കിലും– പൊതുസമ്മേളനങ്ങളിൽ കാശെറിഞ്ഞ് പേരെടുക്കുന്നവർ– കർത്താവു പറഞ്ഞു 'നിങ്ങൾക്ക് പ്രതിഫലം' കിട്ടിപ്പോയി – ലഭിക്കുന്ന സമയമെല്ലാം തന്റെ സഭയിൽ ശുശ്രൂഷ നടത്തിയിട്ടുള്ളവരേ "വേണ്ടും പോലെ" കൈകാര്യം ചെയ്തിട്ടുള്ളവർ– മറക്കാതിരിക്കട്ടെ 'അഗ്നിജ്വാലക്കൊത്ത **കണ്ണുള്ളവൻ**' എല്ലാം അറിയുന്നു സ്തോത്രം. ഒരു ദൈവപൈതൽ ഒന്ന് തന്റെ കുടുംബത്തിൽ ദൈവഭക്തനായിരിക്കണം– തന്റെ ലോക്കൽ സഭയിൽ സാക്ഷ്യവും, കരുതലും ഉള്ളവനായിരിക്കണം എന്നത് ഏറെ പ്രധാന്യമുള്ള കാര്യം തന്നെ. വിഷയത്തിലേക്ക് വരാം– അച്ചായന്റെ ശവസംസ്കാര ശുശ്രൂഷയിൽ അനുശോചനപ്രവാഹത്തിന് ഇടയ്ക്കാണ് ഒരു 'റവ' കടന്നു വന്നത്– മാനിക്കാതിരിക്കാൻ കഴിയില്ല– മാനിക്കണമല്ലോ– നടത്തിപ്പുക്കാർ മാനിച്ചു പിന്നീടാണ് കളി– 2മക്കൾ മാത്രമുള്ള അച്ചായന്റെ 4 മക്കളേയും അദ്ദേഹം അറിയും ഏകദേശം രണ്ടു വർഷം മുമ്പ് മരിച്ച സഹധർമ്മിണിക്ക് വേണ്ട "ആശ്വാസം" നൽകുവാൻ മരണം അറിഞ്ഞ സമയം മുതൽ നമ്മുടെ 'റവ' പ്രാർത്ഥിച്ചു കൊണ്ടിരിക്കുന്നു– അമ്മാമ്മയുടെ മൊബൈലിലേക്ക് വിളിച്ചിരുന്നു– കിട്ടിയില്ല 'ഭാഗ്യം' എന്റെ കർത്താവേ ആകയൽപ്പ നേരം കൊണ്ട് ജനത്തെ അദ്ദേഹം സതംബ്ദരാക്കി കളഞ്ഞു. എന്തു സംഭവിച്ചെന്നറിയേണ്ടേ 'ആ ദിവസത്തെ മൂന്നാമത്തെ 'ശവമടക്ക്' പരിപാടിയാണത് "പ്രോഗ്രാ ഷീറ്റ്" മാറിയതാണ് കാരണം. 'ശുശ്രൂഷ' കഴിഞ്ഞപ്പോൾ പ്രീയപ്പെട്ട ആരോ കാര്യം അറിയിച്ചു "റവ"യെ പിന്നെ ആരും അവിടെ കണ്ടതുമില്ല– പ്രീയരെ '100' പാഴ്വാക്കുകളെക്കാൾ നല്ലത് 5 നല്ലതും സത്യവുമായ വാക്കുകളല്ലേ? ദൈവം നമ്മെ സഹായിക്കട്ടെ.

## 01 33–ാം പെന്തക്കോസ്തുകോൺഫ്രൻസ് .....

ഉദ്ദേശിക്കുന്ന നാഷണൽ വിബിഎസ്സ്, മാധ്യമ പ്രവർത്തകരേയും പത്രപ്രതിനിധികളേയും ഉൾക്കൊള്ളിച്ചുകൊണ്ടുള്ള മീഡിയാകോൺഫ്രൻസ് എന്നിവ കോൺഫ്രൻസ് ചരിത്രത്തിലെ പ്രഥമസംരംഭങ്ങളായിരിക്കും. 2015 ജൂലൈ മാസം 2 മുതൽ 5 വരെ നടത്തപ്പെടുന്ന പ്രസ്തുത സമ്മേളനത്തിന്റെ വിവിധ പ്രവർത്തനങ്ങൾക്ക് നേതൃത്വം നല്കുന്നതിനായി വിപുലമായ കർമ്മസമിതിയേയും പ്രതിനിധി സമ്മേളനം തിരഞ്ഞെടുത്തു. അതനുസരിച്ച് താഴെ പറയുന്ന വ്യക്തികൾ നിയുക്തമേഖലകളിലെ പ്രവർത്തനങ്ങൾക്ക് നേതൃത്വംവഹിക്കും.

പാസ്റ്റർ ടോമിജോസഫ്, ബ്രദർ ഫിൽസൺ തോമസ്സ് (പ്രാർത്ഥന), ജോൺ ഐസെക്ക് (മീഡിയ), ഡോ. ജോൺ വർഗ്ഗീസ്സ് (ഗതാഗതം), ജെയിംസ് മുളവന (പബ്ലിസിറ്റി), സാംസൺ തോമസ്സ് (സംഗീതം), സൈമൺ പണിക്കർ (രജിസ്ട്രേഷൻ), ജോൺ മത്തായി (പബ്ലിക് റിലേഷൻ), രാജു ഏബ്രഹാം (ആഹാരം), ജെയിംസ് ജോർജ്ജ് (താമസം)

33–ാമതു സമ്മേളനത്തിന് ആതിഥേയത്വമുള്ള ഗ്രീൻവിൽ പട്ടണം ചെറുതും വലുതുമായ ഒട്ടനവധി പർവ്വതങ്ങൾ നിരയിടുന്ന മനോഹരമായ ഭൂപ്രകൃതികൊണ്ടും നിരവധി വിനോദസഞ്ചാരകേന്ദ്രങ്ങളുടെ സാമിപ്യത്താലും അനുഗ്രഹീതമാണ്. കേരളത്തിന്റെ മലയോര ഗ്രാമങ്ങളെ ഓർപ്പിക്കുന്ന ഈ ഭൂപ്രദേശം മലയാളികളിൽ ഗൃഹാതുരസ്മരണകൾ ഉണർത്തുമെന്നതിൽ സംശയമില്ല. ലോകം കണ്ട ഏറ്റവും വലിയ മിഷനറി വര്യനായഡോ. ബില്ലി ഗ്രഹാമിന്റെ പേരിലുള്ള പ്രസിദ്ധമായ ലൈബ്രറി ക്രൈസ്തവരെ ഒരു ആത്മീയ സമ്മേളനമെതിലുപരി, ഇവിടെയുള്ളവിശ്വാസിസമൂഹത്തിന്റെ വർഷാവർഷമുള്ള ഒത്തുചേരലിന്റെയും പരിചയം പുതുക്കലിന്റെയും സമ്മേളനം കൂടിയാണ് ഈ കോൺഫ്രൻസ്.

പതിവുപോലെ ഇത്തവണയും സ്വദേശീയവും വിദേശീയവുമായ നിരവധി കർത്തൃദാസന്മാർ യോഗത്തിന്റെ വിവിധ സെക്ഷനുകളിൽ ദൈവവചന പ്രഘോഷണം നിർവ്വഹിക്കും. പാസ്റ്റർ ബിനുജോൺ (നാഷനൽ കവീനർ), ബ്രദർ ടോം വർഗ്ഗീസ്സ് (നാഷണൽ സെക്രട്ടറി), ബ്രദർ റെജി ഏബ്രഹാം (നാഷണൽ ട്രഷറാർ), ബ്രദർ ബിജോ തോമസ്സ് (നാഷണൽ യൂത്ത്കോർഡിനേറ്റർ), ബ്രദർ നെബു സ്റ്റീഫൻ (ജനറൽകോർഡിനേറ്റർ) എന്നിവരുടെ നേതൃത്വത്തിൽ 33മതു സമ്മേളനത്തിന്റെ വിപുലമായ ക്രമീകരണങ്ങൾ പുരോഗമിച്ചുവരുന്നു.

## 02 വേദപഠനം.....

വും ജീവനും നാവിന്റെ അധികാരത്തിൽ ഇരിക്കുന്നു. മരണകരമായ വിഷം നിറഞ്ഞതാണ് ദൂഷണം.

ദൂഷണം എന്ന വാക്ക് തിരുവചനത്തിൽ കാണുന്നത് ഏഷണിക്കാർ, ദൂഷകന്മാർ എന്നി വാക്കുകളിലൂടെയാണ്, മറ്റുള്ളവരെപ്പറ്റി അവർ കേൾക്കാതെ അവരുടെ കുറ്റങ്ങളും കുറവുകളും മറ്റുള്ളവരുടെ ചെവിയിൽ എത്തിച്ചു കൊടുക്കുന്നവരാണ് ഏഷണിക്കാർ. ദൂഷണം, പരദൂഷണം ഇവയൊക്കെ മറ്റുള്ളവരുടെ പോരായ്മകൾ ആ പ്രശ്നത്തിന്റെയും പരിഹാരത്തിന്റെയും ഭാഗമല്ലാത്ത ഒരാളോടു പറയുക എന്നാണ്. തെറ്റായ ഉദ്ദേശത്തോടെ ഒരാളെപ്പറ്റി സംസാരിക്കുന്നത്, അത് ശരിയാണെങ്കിലും കെട്ടുകഥയാണെങ്കിലും ദൂഷണമാണ്. യാക്കോബ് പറയുന്നു, സഹോദരന്മാരേ അന്യോന്യം. ദുഷിക്കരുത് യാക്കോ:4:11. റോമാ ലേഖനത്തിൽ പൗലോസ് നിരത്തുന്ന കൊടും പാപികളുടെ കൂട്ടത്തിൽ പരദൂഷകരും ഉൾപ്പെടുന്നു. "അവർ സകല അനീതിയും ദുഷ്ടതയും അത്യാഗ്രഹവും ദുർബുദ്ധിയും നിറഞ്ഞവർ.... കുരുളക്കാർ, ഏഷണിക്കാർ, ദൈവദ്വേഷികൾ, കനിവറ്റവർ റോമ:1:29–30. ഇതെല്ലാം ബൈബിൾ ശക്തമായി വിമർശിക്കുന്നുയെങ്കിലും പലരുടെയും ഒഴിവു സമയ വിനോദമായി പരദൂഷണം അവശേഷിക്കുന്നു. ചിലർ പരദൂഷണം ഉപയോഗിക്കുന്നത് കൂട്ടുക്കാരെ അകറ്റുവാൻ വേണ്ടിയാണ്, സദൃശ്യ:16:28. ചിലപ്പോൾ ദുരുദ്ദേശ്യമൊന്നും കാണില്ല, ഒരു നേരമ്പോക്കെന്ന നിലയിലായിരിക്കും പരദൂഷണം പറയുന്നത്. പക്ഷെ ഫലം ഒന്നു തന്നെ. ഉറ്റസ്നേഹിതരെ അകറ്റിക്കളയാൻ ഇതിനു കഴിയും. കൂടാതെ മനസ്സുകളെ മുറിവേൽപ്പിക്കുവാനും സാധിക്കും. സദൃശ്യ:18:8. നമ്മെപ്പറ്റി മറ്റുള്ളവർ മോശമായി സംസാരിച്ചു എന്നറിയുമ്പോൾ നിങ്ങൾക്കെന്തു തോന്നും. പറഞ്ഞവർക്കു ഒരു സ്വാദു ഭോജനം കഴിച്ചതുപോലെ തോന്നുമായിരിക്കുക എന്നാൽ അത് ഹൃദയങ്ങളെയും മനസ്സിനെയും മുറിവേൽപ്പിക്കും, മാത്രമല്ല അത് കോപമുളവാക്കുകയും വഴക്കുകൾക്കും കാരണമാവുകയും ചെയ്യുന്നു. പിശാചിനെ ബൈബിൾ വിശേഷിപ്പിക്കുന്നത് ദൂഷകൻ എന്നാണ്. കാരണം സഹോദരന്മാരെ കുറ്റം ചുമത്തുന്ന അപവാദി എന്നാണ് വെളി:12:10. അപ്പോൾ പിശാചിന്റെ സ്വാധീനത്താലും സഹായത്താലും ഹുമനയൊസും അലെക്സന്തരും ദൂഷണം പറഞ്ഞു പരത്തുന്നവരാണ്. എന്നാൽ അവർ ദൂഷണം പറയാതിരിക്കുവാൻ പൗലോസ് അവരെ സാത്താനെ ഏല്പിച്ചിരിക്കുന്നു എന്നു പറഞ്ഞപ്പോൾ സഭയുടെ കൂട്ടായ്മയിൽ നിന്നും പുറത്താക്കിയിരിക്കുന്നു.

## വൈവാഹികം

പെന്തെക്കോസ്ത് യുവതി 25 വയസ്സ് 163cm, ഇരുനിറം ഇടത്തര കുടുംബം B.Tech IT Working വിദേശത്തോ സ്വദേശത്തോ ജോലിയിലുള്ള യുവാക്കളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചന ക്ഷണിക്കുന്നു.

Email: adoreyoufather@gmail.com
**ഫോൺ: 9526047177**

## 43–ാമത് കൺവൻഷനും സംഗീതവിരുന്നും

**ആലപ്പുഴ:** ഐ.പി.സി. ആലപ്പുഴ വെസ്റ്റ് സെന്ററിന്റെ 43–ാമത് സെന്റർ കൺവെൻഷനും സംഗീതവിരുന്നും 2015 ജനുവരി 7 മുതൽ 11 വരെ നടത്തപ്പെടും. സെന്റർ ശുശ്രൂഷകൻ പാസ്റ്റർ എബ്രഹാം ജോർജ് ഉദ്ഘാടനം നിർവ്വഹിക്കും. പാസ്റ്റർമാരായ ഫിലിപ്പ് പി.തോമസ്, ഷിബു നെടുവേലിൽ, വി.ഒ വർഗ്ഗീസ്, ഷാജു സി.ജോസഫ്, ടിനു ജോർജ്, വി.വൈ. തോമസ് എന്നിവർ പ്രസംഗിക്കും. 7–ാം തീയതി മുതൽ 10–ാം തീയതി വരെ വൈകിട്ട് 6 മണി മുതൽ 9 വരെ പൊതുയോഗം 9–ാം തീയതി രാവിലെ 10ന് ഉപവാസ പ്രാർത്ഥനയും, 2ന് സഹോദരി സമാജ വാർഷികവും, 10–ാം തീയതി 2.30 മുതൽ സൺണ്ടേസ്കൂൾ, പി.വൈ.പി.എ സംയുക്ത വാർഷികം എന്നിവ ആലപ്പുഴ നഗരചത്വരത്തിൽ വെച്ച് നടത്തപ്പെടുന്നു. 11–ാം തീയതി ഞായർ രാവിലെ 8.30 മുതൽ 1 വരെ സംയുക്ത ആരാധനയും തിരുവത്താഴ ശുശ്രൂഷയും ആലപ്പുഴ ഐശ്വര്യ ആഡിറ്റോറിയത്തിൽ വച്ച് നടത്തപ്പെടും. സ്പിരിച്ചുവൽ വേവസ് അടൂർ ഗാനശുശ്രൂഷ നിർവ്വഹിക്കും. പാസ്റ്റർ ഷിജു സാമുവേൽ, ബ്രദർ വെസ്ലി പി.എബ്രഹാം എന്നിവർ പബ്ലിസിറ്റി കൺവീനർമാരായി പ്രവർത്തിക്കുന്നു.

## രജതജൂബിലി കൺവൻഷൻ

**കറുകച്ചാൽ:** ഐ. പി. സി. കറുകച്ചാൽ സെന്റർ രജതജൂബിലി കൺവൻഷൻ 2015 ഫെബ്രുവരി 3 മുതൽ 8 വരെ പനയമ്പാല ശാലോം കൺവൻഷൻ സെന്ററിൽ നടക്കും. ഉദ്ഘാടനം പാസ്റ്റർ റ്റി. എ. ചെറിയാൻ (സെന്റർ മിനിസ്റ്റർ). പൊതുയോഗം എല്ലാ ദിവസവും വൈകിട്ട് 6 മുതൽ 9.30 വരെ. പാസ്റ്റർമാരായ സാം ജോർജ്ജ്, വർഗീസ് ഏബ്രഹാം, ബാബു ചെറിയാൻ, വിൽസൺ ജോസഫ്, പി. സി. ചെറിയാൻ, എം. എം. മാത്യു, ജോൺ തോമസ് എന്നിവർ പ്രസംഗിക്കും.

ശുശ്രൂഷക സമ്മേളനം, സോദരി സമാജം, പി. വൈ. പി. എ., സണ്ടേസ്കൂൾ വാർഷിക സമ്മേളനം, സ്തോത്ര ശുശ്രൂഷ, സാംസ്കാരിക സമ്മേളനം എന്നിവയും ഞായറാഴ്ച സംയുക്ത ആരാധനയും ഉണ്ടായിരിക്കും. സാംസ്കാരിക സമ്മേളനത്തിൽ പ്രമുഖ വ്യക്തികൾ പങ്കെടുക്കും. ഹാർവെസ്റ്റ് വർഷിപ്പേഴ്സ് ഗാനശുശ്രൂഷ നിർവ്വഹിക്കും. പാസ്റ്റർമാരായ റ്റി. എ. ചെറിയാൻ, സണ്ണി കറുകച്ചാൽ, ജോൺ വർഗ്ഗീസ് എന്നിവർ നേതൃത്വം നൽകും.

## ധ്യാനം

# കഴുതകൾ കാണാതായി; ശൌൽ രാജാവായി...?



ഷൈജു ഡാനിയേൽ അടൂർ
shyjudani@gmail.com

മാനത്തോടിരിക്കുന്ന മനുഷ്യൻ വിവേകഹീനനായാൽ നശിച്ചുപോകുന്ന മൃഗങ്ങൾക്കു തുല്യനത്രേ എന്ന കോരഹ് പുത്രന്മാരുടെ പാട്ടിൽ ദർശനം നഷ്ടപ്പെട്ടാൽ ഒരു മനുഷ്യന് സംഭവിക്കുന്ന അധഃപതനത്തിന്റെ മുന്നറിയിപ്പാണ്. ദൈവം നിർത്തിയിരിക്കുന്ന ഇടങ്ങളിലെ അവിശ്വസ്തതയും അലസതയും അവിവേകവും അഹങ്കാരവും അനുസരണമില്ലായ്മയും അജ്ഞതയും ഒരുവനെ നയിക്കുന്നത് അപ്രതീക്ഷിത തകർച്ചകളിലേക്കായിരിക്കും. അവനു പിന്നീട് അവിടെ ലഭിച്ച മാനം എന്നന്നേക്കുമായി അപമാനത്തിനു ഹേതുവാകും. "ഇവനാകുന്നു എന്റെ ജനത്തെ ഭരിപ്പാനുള്ളവൻ" എന്ന് ഒരുപക്ഷെ യിസ്രയേൽ ഗോത്രങ്ങളിൽ ഏറ്റവും ചെറുതായ ബെന്യാമീൻ ഗോത്രത്തിലെ ഏറ്റവും ചെറിയ കുടുംബത്തിലെ ആളായ നിന്നെകുറിച്ച് പറയാൻ പ്രവാചകനോട് ദൈവത്തിനു ദൂതുമുണ്ടാകും. പക്ഷെ അതിന്റെ അർത്ഥം എല്ലാ ദൈവനിഷേധങ്ങൾക്കും പിന്തുണ നൽകി ആയുഷ്ക്കാലം മുഴുവൻ തുടരാൻ അനുവധിക്കുമെന്നല്ല അതിനെതിരെ ഒരു പ്രതികരണം ദൈവത്തിൽ നിന്നും ഉണ്ടാകും!!

ധനികനായ കീശിന്റെ വീട്ടിൽ നിന്നും കഴുതകളെ കാണാതായി. അവയെ തിരഞ്ഞുപിടിച്ചു തിരികെ കൊണ്ടുവരുവാൻ കീശ് തന്റെ മകനെ തന്നെ അയയ്ക്കുന്നു. ദാസി ദാസന്മാർ അനവധിയായുള്ള ഈ ധനിക ഭവനത്തിൽ നിന്നും കേവലം കഴുതകൾ കാണാതായാൽ അവയെ കണ്ടെത്തുന്നതിനു യൌവനവും കോമളത്വവുമുള്ള തന്റെ മകനെ തന്നെ പറഞ്ഞയക്കണമായിരുന്നോ എന്ന് നമ്മിൽ ഉളവാകുന്ന സ്വാഭാവിക സംശയം പ്രസക്തമല്ല. എന്തെന്നാൽ ഈ കഴുതകൾ കാരണമാകണം കർത്താവ് കണ്ടിട്ടില്ലാത്തവനെ എത്തിക്കേണ്ടിടത്തു എത്തിക്കുവാൻ. (ജീവിതത്തിൽ സംഭവിക്കുന്ന എല്ലാ നഷ്ടങ്ങൾക്ക് പിറകിലും നമ്മക്കായി മറഞ്ഞിരിക്കുന്ന ഒരു ദൈവോദ്ദേശം ഉണ്ടായിരിക്കും). ശൌലിനെ രാജാവാക്കുവാൻ കീശിന്റെ വീട്ടിൽ നിന്നും അവന്റെ കഴുതകളോട് വീട് വിട്ട് ഇറങ്ങാൻ ദൈവമാവശ്യപ്പെട്ടപ്പോൾ വിവേകമില്ലാത്ത ഈ മൃഗങ്ങൾ അനുസരണമുള്ളവരായി!! മിണ്ടാപ്രാണികളുടെ അനുസരണം ഒന്നുമല്ലാത്തവനെ രാജാവാക്കിയെങ്കിൽ മാന്യനായ രാജാവിന്റെ അനുസരണക്കേട് എല്ലാമുള്ള തന്നെ ഒന്നുമല്ലാതാക്കി. ദൈവത്തിന്റെ കൽപ്പനകളോടുള്ള നമ്മുടെ സമീപനമാണ് നമ്മിലെ വിവേകത്തെ നിർണ്ണയിക്കുന്നത്. ദൈവീക നിയമങ്ങളോടുള്ള നമ്മുടെ അനുസരണം തുടരുമ്പോൾ ആണ് നമ്മിൽ വിവേകം നിലനിൽക്കുന്നത്. നിനക്കാത്ത നേരങ്ങളിൽ വന്നു ചേരുന്ന അധികാരങ്ങൾക്കും മാന്യതകൾക്കും സ്ഥിരത ഉണ്ടാകുന്നത് ദൈവത്തോടൊപ്പം ചേർന്നുനിന്നു കൊണ്ട് നാം അവിടുത്തെ പ്രമാണങ്ങളുടെ സംരക്ഷകരായും ദൈവത്തിന്റെ സർവ്വാധിപത്യത്തിനു കീഴ്പ്പെടുന്നവരായും തുടരുന്ന സമയത്തോളം മാത്രമായിരിക്കും.

കേവലം കഴുതകളെ പോലും നമ്മുടെ ഉയർച്ചക്കായി ദൈവം ഉപയോഗിച്ചു എന്നു വരാം. അത് പക്ഷെ ശമുവേലിന്റെ അടുക്കലോളം നമ്മെ എത്തിക്കുന്നതിന് വേണ്ടി ആയിരിക്കും. അവിടെ എത്തിയാൽ ശമുവേലാകും കാര്യങ്ങൾ ചെയ്യുക. തൈലപാത്രത്തിലെ അഭിഷേക തൈലം തലയിലേക്ക് പകർന്നു കൊണ്ട് ദൈവം കരുതിവച്ചിരുന്ന പ്രഥമരാജത്വം ശമുവേലിലൂടെ അവിടെ വച്ച് കൈവരും. എന്നാൽ പിന്നീടങ്ങോട്ട് രാജാവായവന്റെ യാത്രകൾ എല്ലാം ദൈവത്തിന്റെ നിരീക്ഷണത്തിൽ ആയിരിക്കും. കഴുതയെ തേടിയിറങ്ങിയ കീശിന്റെ മകൻ എന്ന നിലയിൽ നിന്നും ഒരു സമൂഹത്തെ മുഴുവൻ നയിക്കുന്ന യിസ്രായേലിന്റെ രാജാവായിട്ടാണ് പിന്നീടങ്ങോട്ട് ദൈവം കാണുന്നത്. അതുകൊണ്ട് തന്നെ സാധാരണക്കാരന്റെ തീരുമാനങ്ങൾ ആകാൻ പാടില്ല അഭിഷേകത്തോടെ നിയമനം ലഭിച്ചവനിൽ നിന്നും ഉണ്ടാകേണ്ടത്. അവിവേകം മൃഗത്തോട് ചേർന്ന് നിൽക്കുമ്പോൾ ദൈവത്താൽ ലഭ്യമായ പദവി വിവേകത്തിൽ ആണ് സ്ഥിരപ്പെട്ടിരിക്കുന്നത്. സീയോനിൽ ഇട്ടിരിക്കുന്ന ക്രിസ്തുയേശു എന്ന മൂലക്കല്ലിൽ വിശ്വസിച്ചതിനാൽ നമുക്ക് കൈവന്ന മാന്യത ദൈവത്തോടും അവിടുത്തെ നിയമങ്ങളോടുമുള്ള അപക്വസമീപനങ്ങൾകൊണ്ടും അനുസരണക്കേടിന്റെ അവിവേകപ്രവർത്തികൾകൊണ്ടും കൈവിട്ടു കളയുമ്പോൾ നാം കേവലം മൃഗതുല്യരായി അധഃപതിക്കുകയാണ്. ദൈവം അനുവദിക്കാത്തത് ചെയ്യുവാൻ ഉള്ള അനുമതിയല്ല അനർഹമായി ലഭിച്ച രാജത്വം. പ്രവാചകന്മാർക്കും പുരോഹിതന്മാർക്കും വേർതിരിക്കപ്പെട്ടതിലെക്കുള്ള രാജാവിന്റെ കൈകടത്തൽ കനത്ത നാശത്തിലേക്കാണ് ആണ് അവനെ നടത്തിയത്. അനുവധിച്ചിട്ടുള്ളതിനും അപ്പുറമായി അധികാരത്തിന്റെ മറവിൽ നാം നടത്തുന്ന എല്ലാ അനധികൃത കൈകടത്തലുകളെയും ദൈവം ചോദ്യം ചെയ്യും. നമുക്ക് ലഭിച്ചു എന്നവകാശപ്പെടുന്ന ആത്മീക അധികാരത്തിന്റെ പേരിൽ ദൈവവചന പരിധി വിട്ടുകൊണ്ട് നാം തന്നെ രൂപപെടുത്തിയെടുത്ത നവവെളിപ്പാടുശുശ്രൂഷകളുടെ പിന്നിലെ വചനാടിസ്ഥാനം ആരായുന്നത് നന്നായിരിക്കും. നമ്മെ ഈ മഹത്തായ ദൈവകൃപയിലേക്ക് ദൈവം കൊണ്ടുവന്നു അവിടുന്ന് നമുക്ക് നൽകിയ ശുശ്രൂഷകളും താലന്തുകളും കഴിവുകളും വചനപാണ്ഡിത്യവും ഒക്കെ ദൈവവും തിരുവെഴുത്തും നിഷേധിക്കുന്നതിനെ ചെയ്യാനാണ് വിനിയോഗിക്കുന്നത് എങ്കിൽ നാം വലിയ അപകടത്തിന്റെ വക്കിലാണ്. ഏതറ്റം വരെ നമ്മെ ഉയർത്താനും എത്ര ഉന്നതങ്ങളിൽ നിന്നും നമ്മെ വലിച്ചിറക്കാനും ദൈവത്തിനും കഴിയും. നമ്മെ രാജാവാക്കാൻ വിവേകമില്ലാത്ത കഴുതകളെ ദൈവം ഉപയോഗിക്കാം.... രാജാവായവൻ അവിവേകി ആയാൽ അവനെ കഴുതയെപോലെ ആക്കാനും ദൈവത്തിനാകും!!!

## അനുഭവം



സൂസൻ ജോസഫ്, ദുബായ്

ഒരുപാടു നിറങ്ങൾ ചാലിച്ച സ്വപ്നങ്ങളും പ്രതീക്ഷകളുമായി ഞാനുമൊരു പ്രഭാതത്തിന്റെ സൽക്കാരത്തിനു തുടക്കമിട്ടു... ആകാശംമുട്ടെ ഉയർന്നു നിൽക്കുന്ന ഭംഗിയുള്ള കെട്ടിടങ്ങളും റോഡിനിരുവശങ്ങളിലുള്ള വിവിധ വാഹനങ്ങളും ആംബുലൻസുകളും...മഞ്ഞനിറമുള്ള ബസ്സിലെ സ്കൂൾ വിദ്യാർത്ഥികളും തിരക്കേറിയ വഴികളിലൂടെ ജോലിസ്ഥലങ്ങളിലേക്ക് യാത്ര തുടരുന്നവരും ഒക്കെയായി എന്റെ പ്രഭാതകാഴ്ചകൾ.

വിസ്തൃതവും ആകർഷണീയവുമായ രീതിയിൽ പടുത്തുയർത്ത ദുബായ് എയർപോർട്ടിലെ ശീതീകരിച്ച മുറിയിൽ അത്യാഹിത വിഭാഗത്തിൽ ജോലി ചെയ്യുമ്പോൾ അനേക ജീവതങ്ങളുടെ അവസ്ഥ നേരിട്ടറിയുവാൻ എനിക്കു കഴിഞ്ഞിട്ടുണ്ട്. കണ്ണുനീരോടെ യാത്രയയപ്പു നൽകുന്നവർ, യാത്ര ചെയ്യാൻ തയ്യാറെടുക്കുന്നവർ, രുചിയുടെ വൈവിധ്യങ്ങളാൽ ആകർഷണീയമായ റെസ്റ്റോറന്റുകളിൽ നിന്നും ഭക്ഷണം ആസ്വദിക്കുന്നവർ, വിസയില്ലാതെ കസേരകളിൽ ഇരുന്നു നേരം വെളുപ്പിക്കുന്നവർ, രോഗത്തിന്റെ കാഠിന്യംകാരണം യാത്ര തുടരാൻ കഴിയാത്തവർ, ടിക്കറ്റോ വിസയോ ഒന്നും വേണ്ടാതെ തങ്ങളുടെ അവസാന ദേശത്തേക്ക് യാത്രയാകേണ്ടി വരുന്നവർ...ഓരോ മുഖങ്ങളിലും നിഴലിക്കുന്ന വിവിധഭാവ പകർച്ചകൾ ഞാൻ ശ്രദ്ധിച്ചുകൊണ്ടേയിരുന്നു. അനൗൺസ്മെന്റിന്റെ ശബ്ദം കാതുകളിൽ എത്തിയപ്പോൾ ഞാനും ഈ മരുഭൂമിയുടെ നടുവിലുയരുന്ന ആരാധനയുടെ സ്വർഗ്ഗീയ നിമിഷങ്ങൾ ഓർത്തു പോയി....

കുഞ്ഞുങ്ങളില്ലാത്ത അഞ്ചുവർഷങ്ങൾ ജീവിതത്തിലെ വർണ്ണങ്ങളുടെ നിറം കെടുത്തിയ ആരാധനയുടെ നിറവാർന്ന നിമിഷങ്ങളിൽ ഞാനും കരഞ്ഞു പ്രാർത്ഥിച്ചു. ബാലന്റെ നിലവിളികേട്ട് മരുഭൂമിയിൽ ഉറവതുറന്നു കൊടുത്ത സർവ്വശക്തനായ ദൈവം മക്കളില്ലാതിരുന്ന എന്നെയും മക്കളുടെ സന്തോഷം അനുഭവിക്കുന്ന മാതാവാക്കിത്തീർത്തു. ആഴിയുടെ അലകൾ ജീവതത്തിലേക്കാഞ്ഞടിച്ച നിമിഷങ്ങൾ... ഒരു മാസത്തോളം നീണ്ടുനിന്ന രക്തസ്രാവം. ശക്തമായ ആരാധനയുടെ നിമിഷങ്ങളിൽ ഞാനും ഹൃദയം തകർന്നു നിലവിളിക്കുമ്പോൾ അവനിൽ നിന്നു പുറപ്പെട്ട ശക്തിയെ ഞാനും തിരിച്ചറിഞ്ഞു. ഓപ്പറേഷൻ കൂടാതെ സുഖമാകാത്ത ഗർഭാശയത്തിലെ മുഴ അപ്രത്യക്ഷമായി, രക്തസ്രാവം നിലച്ചു. അവൻ മശിഹ എന്ന് ഞാൻ തിരിച്ചറിഞ്ഞു.

ജീവിതത്തിലെ ധന്യമായ നിമിഷങ്ങൾ എന്റെ മനസ്സിലൂടെ കടന്നു പോയി... സായാഹ്നത്തിന്റെ വൈകിയവേളയിൽ തിരികെ ഭവനത്തിലേക്കു യാത്ര ചെയ്യുമ്പോൾ ഞാനോർത്തു. സന്തോഷങ്ങളും പരിഭവങ്ങളും ഒക്കെയായി ഓരോ ദിവസങ്ങൾ കൊഴിഞ്ഞു പോകുന്നു. കൃപയാൽ അതെ ജീവിതത്തിന്റെ വിമാനം യാത്ര തുടരുകയാണ്.

## ലേഖനം

# ഹോരേബിലെ പാറ



ഷീനാ ടോമി

നിശ്ശൂന്യതയുടെ ആഴങ്ങളിൽ മുങ്ങിത്താഴുന്ന അവസ്ഥകളെ വചനാടിസ്ഥാനത്തിൽ ചിന്തിക്കുമ്പോൾ മനസ്സിലാവുന്നത്, നിറഞ്ഞ ഒന്നിനെ മാത്രമേ ശൂന്യമാകുവാൻ സാധിക്കത്തുള്ളൂ.... ശൂന്യമായിരിക്കുന്നതിനെ മാത്രമേ നിറക്കാനും കഴിയൂ... നിറയ്ക്കുന്നത് "എല്ലാറ്റിലും എല്ലാം നിറയ്ക്കാൻ കഴിവുള്ളവനും" ശൂന്യമാക്കുന്നത് "ശൂന്യമാക്കുന്ന മ്ലേഛതയുടെ പിതാവും" എന്ന വ്യത്യാസം മാത്രം...

"അപ്പത്തിന്റെ ഭവനത്തിൽ" നിന്നും നിറഞ്ഞ അവസ്ഥയിൽ പുറപ്പെട്ടു പോയി ഒഴിഞ്ഞവളായി മടങ്ങി വന്ന നവോമി.. ചിലപ്പോൾ ഉടയവൻ ആക്കി വെച്ചിരിക്കുന്ന ക്ഷാമാവസ്ഥയിൽ പിടിച്ചു നിൽക്കാനാവാതെ ദൈവഹിതമല്ലാത്ത ഇടങ്ങളിലേക്ക് ദേശാടനം ചെയ്യുമ്പോൾ നഷ്ടമാകുന്നത് സ്വന്തം ജീവിതം തന്നെയായിരിക്കും... എന്നാൽ എല്ലാവരാലും ഉപേക്ഷിക്കപ്പെട്ടു പുറമ്പറമ്പിൽ എറിയപ്പെട്ട് ആരാലും ശ്രദ്ധിക്കപ്പെടാതെ കിടന്ന വെറും പാത്രങ്ങളെ ശുദ്ധീകരിച്ച് വക്കോളം നിറച്ച് മാനപാത്രങ്ങളാക്കി തീർക്കുന്നതും സൃഷ്ടാവിന്റെ കരവിരുത്...

"അനന്തരം യിസ്രായേൽ മക്കളുടെ സംഘം സീൻ മരുഭൂമിയിൽ നിന്നു പുറപ്പെട്ടു, യഹോവയുടെ കല്പനപ്രകാരം ചെയ്ത പ്രയാണങ്ങളിൽ രെഫീദീമിൽ എത്തി പാളയമിറങ്ങി; അവിടെ ജനത്തിന്നു കുടിപ്പാൻ വെള്ളമില്ലായിരുന്നു. ജനത്തിന്നു അവിടെ വെച്ചു നന്നാ ദാഹിച്ചതു കൊണ്ടു ജനം മോശെയുടെ നേരെ പിറുപിറുത്തു. ഞങ്ങളും മക്കളും ഞങ്ങളുടെ മൃഗങ്ങളും ദാഹം കൊണ്ടു ചാകേണ്ടതിന്നു നീ ഞങ്ങളെ മിസ്രയീമിൽ നിന്നു കൊണ്ടുവന്നതു എന്തിനു എന്നു പറഞ്ഞു. മോശെ യഹോവയോടു നിലവിളിച്ചു. ഈ ജനത്തിന്നു ഞാൻ എന്തു ചെയ്യേണ്ടു? അവർ എന്നെ കല്ലെറിവാൻ പോകുന്നുവല്ലോ എന്നു പറഞ്ഞു. യഹോവ മോശെയോടു യിസ്രായേൽ മൂപ്പന്മാരിൽ ചിലരെ കൂട്ടിക്കൊണ്ടു നീ നദിയെ അടിച്ച വടിയും കയ്യിൽ എടുത്തു ജനത്തിന്റെ മുമ്പാകെ കടന്നു പോക. ഞാൻ ഹോരേബിൽ നിന്റെ മുമ്പാകെ പാറയുടെ മേൽ നിൽക്കും; നീ പാറയെ അടിക്കേണം; ഉടനെ ജനത്തിന്നു കുടിപ്പാൻ വെള്ളം അതിൽ നിന്നു പുറപ്പെടും എന്നു കല്പിച്ചു".പുറപ്പാട് 17:1-6

ചുട്ടുപൊള്ളുന്ന മരുഭൂമിയിൽ കാലങ്ങളായ് തറഞ്ഞു കിടക്കുന്ന പാറ... നടവഴിയരുകിൽ ചിലപ്പോൾ കാലിനിടർച്ചയായ്... അല്ലെങ്കിൽ നടന്നു തളർന്നു വരുന്ന പഥികർക്കൊരത്താണിയായ്... അൽപനേരം ഇരുന്നാശ്വസിക്കാൻ കൊള്ളാകുന്ന ഒരു ഇരിപ്പിടമായ്... നാളുകളായ് ആയിരിക്കുന്നിടത്ത് നിന്ന് അനങ്ങാനാവാതെ... എന്തിനോ വേണ്ടി ഉള്ള അവസാനിക്കാത്ത കാത്തിരുപ്പ്... നിയോഗമെന്തെന്നറിയാതെ... ഒരു വേള ജീവിതത്തിന്റെ അർത്ഥമെന്തെന്നറിയാതെ... ഇരുന്നാശ്വസിച്ചവർ പിന്നീടൊരിക്കലും ഓർക്കാനിടയില്ലാതെ... കണ്ടും കാണാതെയും അനേകർ കടന്നു പോയ... ചിലപ്പോൾ വികൃതിക്കുട്ടികളുടെ അടിയും ചവിട്ടുമേറ്റ്... ശാപമോക്ഷം കാത്ത്...

നമ്മുടെ മേൽ നിൽക്കേണ്ട ഒരുവൻ തക്കസമയത്തു നമ്മുടെ മേൽ വെളിപ്പെടുമ്പോൾ, ആർക്കാണോ നമ്മെക്കൊണ്ട് ആവശ്യമായിരിക്കുന്നത് അവർക്ക് വേണ്ടി കുതിച്ചു ചാടുന്ന നീരുറവകളെ പുറപ്പെടുവിക്കാൻ ഓരോ വ്യക്തിയെക്കുറിച്ചും ദൈവത്തിനു പദ്ധതിയുണ്ട്. നീ ആയിരിക്കുന്ന ഇടത്ത് 'അവൻ' എത്തിച്ചേരുന്നതിന് ഒരു സമയം നിശ്ചയിച്ചിട്ടുണ്ട്... സ്വയം തകർക്കപ്പെടുന്ന, അടിയേൽക്കുന്ന അവസ്ഥയാണ് മുന്നിലുള്ളത്...എന്നാൽ അതിന്റെ പരിണിതഫലം അനേകർക്ക് പ്രയോജനമായിതീരുകയാണ്... മഹാദൈവത്തെ നീ ചുമക്കുകയാണ്....

ശൂന്യതയിൽ നിന്ന് ഒരു മാത്ര കൊണ്ട് നിറവിലേക്ക്... കാത്തിരിക്കണമെന്ന് മാത്രം... വില കൊടുക്കണമെന്ന് മാത്രം...അതിനപ്പുറം അനന്തിത്യമായ ഭാഗ്യപദവിയിലേക്ക്...സ്വർഗ്ഗത്തിൽ എന്നേക്കും സ്ഥിരമായിരിക്കുന്ന വചനത്തിൽ നിന്റെ നാമം ലോകമുള്ള കാലത്തോളം...തലമുറകളുടെ സ്മൃതിപഥത്തിൽ നിന്റെ സ്മരണ അനശ്വരമായ കയ്യൊപ്പായി അവശേഷിക്കുമ്പോൾ... ഹോരേബിലെ പാറയേ... നിന്റെ ജന്മം സഫലമായി...കൃതാർത്ഥനായി.

# ഉപവാസപ്രാർത്ഥന

**കളത്തിൽപ്പടി:** ബെഥേൽ ഏ.ജി. സഭയുടെ ആഭിമുഖ്യത്തിൽ 2014 ഡിസംബർ 25 മുതൽ 31 വരെ ഉപവാസപ്രാർത്ഥനയും വിടുതൽ ശുശ്രൂഷയും താന്നിക്കൽപ്പടിയിലുള്ള ആരാധനാലയത്തിൽ വെച്ച് നടത്തപ്പെടുന്നു. പാസ്റ്ററമാരായ ക്ലെമന്റ്, ബെന്നി ഫിലിപ്പ്, പി,എ. ഐസക്ക്, സന്തോഷ് ജോൺ, സജി വില്ലംചിറ, സുവി. റോയി സി.പുന്നൻ തുടങ്ങിയവർ പ്രസംഗിക്കും. പാസ്റ്റർ സജി ജേക്കബ് നേതൃത്വം നൽകും.

മാധ്യമവിചാരം

# ആക്രിരത്ന അവാർഡ് വരുന്നു സൂക്ഷിക്കുക



അനിൽ കൊടിത്തോട്ടം
9495733727

പെന്തെക്കോസ്തിൽ സംഘടനകളുടെ എണ്ണത്തിന് പഞ്ഞം ഒന്നുമില്ല. പെന്തെക്കോസ്തൽ പ്രസ് അസോസ്സിയേഷൻ, ക്രിസ്ത്യൻ പ്രസ് കൗൺസിൽ, പെന്തെക്കോസ്തൽ ഇന്റർ ചർച്ച് കൗൺസിൽ, പെന്തെക്കോസ്തൽ കൗൺസിൽ ഓഫ് ഇൻഡ്യാ ഇങ്ങനെ നിരവധി അന്തർ സഭാസമിതികൾ. ഇതിന്റെയൊക്കെ ഭാരവാഹികളെ ആര് എപ്പോൾ എവിടെ വെച്ച് എന്ത് മാനദണ്ഡപ്രകാരം തെരഞ്ഞെടുക്കുന്നുവെന്നോ അതിന്റെ നയവും പരിപാടികളും എന്താണെന്ന് രേഖാമൂലമുള്ള യാതൊരു നിലപാടുകളും അറിഞ്ഞുകൂടാ. നല്ല കൃപാവരപ്രാപ്തരുണ്ടെങ്കിൽ പ്രാർത്ഥിച്ച് കണ്ടുപിടിക്കണം.

പി. സി. ഐ. എന്ന പെന്തെക്കോസ്തൽ കൗൺസിൽ ഓഫ് ഇൻഡ്യാ ചില കൺവൻഷനുകളും യൂണിറ്റ് രൂപീകരണങ്ങളും സാമൂഹ്യ സേവന പരിപാടികളും ചെയ്യുന്നുവെന്ന് അറിയാം. പി. ഐ. സി. സി. ചില വർഷങ്ങൾക്കു മുമ്പ് ഏതാണ്ടുകാര്യങ്ങളെ അപലപിക്കാൻ തയ്യാറായതു ഒഴിച്ചാൽ പ്രത്യേകിച്ചെന്തെങ്കിലും ചെയ്യുന്നതായി അറിയില്ല. പി. ഐ. സി. സി. എന്ന പെന്തെക്കോസ്തൽ ഇന്റർ ചർച്ച് കൗൺസിൽ 'അപലപിക്കുന്ന'തിന്റെ അപ്പുറത്ത് പൊതുകാര്യ പ്രസക്തമായ ഒന്നും നടത്തിയിട്ടില്ല. പാസ്റ്റർ കെ. സി. ജോണിന്റെ നേതൃത്വത്തിൽ റ്റി. ജെ. ശാമുവേൽ, ഒ. എം. രാജുകുട്ടി തുടങ്ങിയ സഭാനേതാക്കന്മാരുടെ കൂട്ടുത്തരവാദിത്വത്തോടെ വർഷങ്ങൾക്ക് മുമ്പ് ശാരോൻ ഓഡിറ്റോറിയത്തിൽ ഒത്തുകൂടി പത്തുലക്ഷം വിശ്വാസികളുടെ ശക്തിപ്രകടനം തിരുവനന്തപുരം സെക്രട്ടറിയേറ്റ് നടയ്ക്കലേക്ക് നടത്താൻ പദ്ധതിയിട്ടിരുന്നു. മാധ്യമങ്ങളുടെ ക്രിയാത്മക ഇടപെടൽ നിമിത്തം പദ്ധതി പാളി. പെന്തെക്കോസ്തൽ പ്രസ് അസ്സോസിയേഷൻ ഓഫ് ഇന്ത്യ പിറവികൊണ്ട് നാളിതുവരെയും സംഘടനയെ ഇലന്തൂർ കുഞ്ഞും നിലമ്പൂർ കുട്ടിയും പോക്കറ്റിലിട്ട് കൊണ്ടു നടക്കുകയായിരുന്നു. പണ്ടൊക്കെ വീടുകളുടെ വിസ്തൃതി കൂട്ടാൻ ഒരു വശത്തായി ചായ്പ്പ് അഥവാ ചാർത്ത് എന്ന പേരിൽ ഒരു പണി നടത്തുക പതിവുണ്ടായിരുന്നല്ലോ. ഇത്തരം ഒരു ചായ്പ് പി. പി. എ. ഐയ്ക്കുമുണ്ടായി. ആ ചാർത്തിന്റെ പേരാണ് സർഗ്ഗസമിതി! ഏതെങ്കിലും വിദേശമലയാളികൾക്ക് അപകർഷതാബോധം കൂടുമ്പോൾ ഒന്നു മഹാനായാൽ കൊള്ളാം എന്നു തോന്നും. അവർ പണം മുടക്കി ഒരു അവാർഡ് അല്ലെങ്കിൽ ആദരിക്കൽ ചടങ്ങ് സംഘടിപ്പിക്കും. ഇത്തരം പൊങ്ങച്ച സാമ്രാട്ടുകൾ തങ്ങളുടെ ഇംഗിതം നിറവേറ്റാൻ വ്യഗ്രത കാട്ടുമ്പോൾ അവരെ സഹായിക്കലാണ് സർഗ്ഗവും അസ്സോസിയേഷനും നിർവ്വഹിക്കുന്നത്.

സർഗ്ഗസമിതി ഒരിക്കൽ അവാർഡ് കൊടുത്ത വിവരം അതിന്റെ ഉപാദ്ധ്യക്ഷൻ അറിയുന്നത് പത്രം വായിച്ചപ്പോഴാണ് എന്നറിയുമ്പോൾ പരിപാടിയുടെ കോമാളിത്തരം വായനക്കാർക്ക് ബോധ്യം വരുമല്ലോ. ഇത്തരം സംഘടനകൾ ഇപ്പോൾ നിലനിൽക്കുന്നത് ആരെങ്കിലും സഭാനേതാക്കന്മാർ പത്രസമ്മേളനം വിളിക്കുമ്പോഴാണ്. പി. പി. എ. ഐ.യുടെ സമിതി അംഗങ്ങളായി മുഖ്യധാരയിൽ നിന്ന് മൂന്നു പത്രങ്ങളെയുള്ളൂ. മുമ്പൊരിക്കൽ അതിന്റെ ട്രഷറാറെ പെരുവഴിയിലിട്ട് തല്ലിച്ചതക്കുമ്പോൾ ഒരു പ്രസ്താവന പോലും അസ്സോസിയേഷൻ നടത്തിയില്ല. പെന്തെക്കോസ്ത് മാധ്യമങ്ങൾ എന്നാൽ, മണിക്കുറിനനുസൃതമായി നിലപാടുകൾ മാറ്റിമാറ്റി പിച്ചുംപേയും പുലമ്പുന്ന 'മരുപ്പിച്ചും' ദുരുപദേഷ്ടക്കന്മാർ കർത്താവിനെ ഒറ്റിക്കൊടുത്ത് സമാഹരിക്കുന്ന വെള്ളിനാണയ തുട്ടുകളുടെ കിലുകിലാരവം കണ്ട് ഹല്ലേല്ലുയ്യാ മൊഴിയുന്ന 'കുട്ടിപ്പത്ര'വുമാണ് എന്ന് നേതാക്കന്മാരെ അടുത്തകാലം വരെ തെറ്റിദ്ധരിപ്പിക്കാൻ ഇവർക്കായി. എന്നാൽ പെന്തെക്കോസ്ത് തനിമയ്ക്കുവേണ്ടിയോ അതിന്റെ പ്രചരണത്തിനുവേണ്ടിയോ നിലക്കൊള്ളാതെ അധികാരത്തിന്റെ ഇടനാഴികൾ തമ്പടിച്ച് നേതാക്കന്മാർക്ക് സ്തുതിപാടിയും വിടുപണി ചെയ്തും സഭഗാത്രത്തെ മലിനമാക്കിയ മഹതിയാം ബാബിലോൺ ദാസന്മാർ ഇപ്പോൾ നേരിടുന്ന തിരിച്ചടി സ്വാഭാവികമാണ്. അവർ പറഞ്ഞതൊക്കെ ഫലിതമായി. ആശിച്ചതൊക്കെ കൈവിട്ടുപോയി. ഇവരുടെ മാധ്യമമൊഴികൾക്ക് വിലയില്ലാതായി. പിന്നെ എങ്ങനെപിടിച്ചു നിൽക്കുന്നുവെന്നാകും. അമേരിക്കൻ മലയാളികൾക്കിടയിലെ ഊമസാഹിത്യ വിഭാഗം തലവൻ മഹോദ്രപം സാംകുട്ടിയെപ്പോലെ അർദ്ധരാത്രിക്ക് കുടപിടിക്കുന്ന ചില അല്പന്മാർ ഉള്ളിടത്തോളം കാലം ഇവറ്റകൾ നിലനിൽക്കും. മഹോദ്രപം കുട്ടിയെക്കുറിച്ച് അനിവാര്യമായ ചില വസ്തുതകൾ ശേഖരിച്ചുവരുന്നു. ഊമക്കത്തുകളുടെ പ്രഭവ കേന്ദ്രം അച്ചായന്റെ വിളപ്പിൻ ശാലയ്ക്കു സമാനമായ ഹൃദയമാണെന്നും ബോധ്യപ്പെട്ട സ്ഥിതിക്ക് അച്ചായൻ കേരളത്തിൽ എത്തുന്ന മുറയ്ക്ക് ബാക്കി എഴുതാം.

മാധ്യമവിചാരത്തിൽ സംഘടനകളെക്കുറിച്ച് എഴുതാൻ കാരണം തിരുവല്ലയിൽ അടുത്തിയിടെ നടന്ന ഒരു പത്രസമ്മേളനമാണ്. സമ്മേളനത്തിന് ആമുഖം പറഞ്ഞ് പ്രസ് അസ്സോസിയേഷൻ കാര്യദർശി പരിപാടി അപ്പാടെ വിഴുങ്ങാൻ ശ്രമിക്കുകയാണ്. ജേണലും ജാലകവും ഉൾപ്പെടെ ഇതരപത്രങ്ങൾ ഇങ്ങനെയൊരു അസ്സോസിയേഷൻ നിലവിലില്ലാത്ത വിവരം ചൂണ്ടിക്കാട്ടി. സംഘടനയില്ലെങ്കിൽ പിന്നെ എന്ത് കാര്യദർശി?

പി. പി. എ. ഐ. നിലവിലില്ലെന്ന് ആരു പറഞ്ഞു. പെന്തെക്കോസ്തിലെ ഏതു സംഘടനയും നിലനിൽക്കാൻ ഒരു നിമിഷം മതി. അതിന് ആർക്കെങ്കിലും ഒരു ആക്രിരത്ന അവാർഡ് കൊടുക്കുകയോ പൊന്നാട എന്ന പേരിൽ ഒരു കണ്ടം തുണി ജഡത്തെ പുതപ്പിക്കുകയോ അതുമല്ലെങ്കിൽ കാണ്ടാമലിൽ ഒരു സുവിശേഷവിരോധി ചീത്തപ്പറഞ്ഞതിൽ പ്രതിഷേധിക്കുകയോ ചെയ്താൽ മതി. സംഘടന ലൈവാക്കിയെടുക്കാം. ഇതൊക്കെ പാരവാഹികൾക്ക് അറിയാഞ്ഞിട്ടല്ല (അവർക്കിതേ അറിയൂ). എവിടെ സമയം കിട്ടാൻ? സ്വവർഗ്ഗരതിക്കാരെ പോപ്പ് സ്വീകരിക്കാൻ ആഹ്വാനം മുഴക്കിയ സ്ഥിതിക്ക് ഇവിടെ അത്തരക്കാരുണ്ടെങ്കിൽ പോപ്പിന്റെ തട്ടകത്തിലെത്തിക്കാൻ വഴിതിരയുകയാണ് ഒരുവൻ. ആരാണവൻ? അവൻ മരുപ്പച്ചകൾ തേടുകയാണ്. കനത്ത ചൂടിൽ അല്പം തണുപ്പേറ്റ് ബെല്ലി ഡാൻസ് കാണാൻ അവൻ നമ്മെ ക്ഷണിക്കുകയാണ്. അതുകൊണ്ട് സമയമില്ല. പറ്റുമെങ്കിൽ അമേരിക്കയിൽ ഒരു പാസ്റ്ററാകാനുള്ള പതിനെട്ടാമത്തെ അടവ് പയറ്റുന്ന തിരക്കിലാണ്. അമിതകൃപാകൃത്തിപ്പുകാർ, കള്ളപ്രവാചകന്മാർ, അന്തിക്രിസ്തു തുടങ്ങിയ ആർക്കും പെന്തെക്കോസ്ത് ചാപ്പ കുത്തി ക്ലീൻ ചിറ്റ് നൽകാൻ കഴിയുംവിധം ഐ. പി. സി. ഭരണഘടന എങ്ങനെ മാറ്റിമറിക്കാം എന്ന ആലോചന പാളിപ്പോയ നാണക്കേടിൽ നിന്ന് തടിയൂരാൻ അപരൻ പണിപ്പെടുകയാണ്. പി. പി. എ. ഐ.യിലെ ചെറുകിട കുടിയാന്മാരുടെ അവസ്ഥയാണ് ഏറ്റവും പരിതാപകരം. ഏമാന്മാർക്ക് പുറകിൽനിന്ന് ഉവ്വ് ഉവ്വ് എന്ന് മൊഴിഞ്ഞ് പഞ്ചപുച്ഛമടക്കി നിന്ന് അവരും മടുത്തു. എന്തൊരു സർഗ്ഗാത്മകത!

---

കണ്ടതും കേട്ടതും

# "കൊടിത്തോട്ടത്തിലൂടെ പാണ്ടനാടുവരെ..."

ജയ്മോഹൻ അതിരുങ്കൽ, 9567759748

കുറെക്കാര്യങ്ങളെഴുതും. എഴുതി അയച്ചുകഴിയുമ്പോഴാണു 'വേണ്ടായിരുന്നു' എന്നു തോന്നാറ്. പ്രഭാവർമ്മയുടെ മനോഹരമായൊരു കവിതയുണ്ട്. അതിന്റെ പേരും 'വേണ്ടായിരുന്നു' എന്നാണ്. രക്ഷിക്കപ്പെട്ടവർ വായിച്ചാലും, കുറ്റബോധമുളവാക്കുന്ന ഒരു കവിതയാണത്. അതിലെ ചില വരികൾ താഴെക്കൊടുക്കുന്നു (പ്രഭാവർമ്മ, വയലാർ പുരസ്ക്കാരജേതാവാണ്).

വേണ്ടായിരുന്നു പ്രിയമുള്ള
യൊരാളെടേറ്റം
ദൂരം നടിച്ചു വഴിമാറി
നടന്ന കാലം!
വേണ്ടായിരുന്നു ഹൃദയം
നിറയുന്ന സ്നേഹം
കാണാൻ മടിച്ചു
കനിവറ്റു കഴിഞ്ഞ കാലം!

ഇതുപോലെയാണു കഴിഞ്ഞ ചില ലക്കങ്ങളിലായി നടന്നു വരുന്ന എഴുത്തു'കുത്തുകൾ'. അവ വായിക്കുന്നവർക്കു തോന്നുമായിരിക്കും, അനിൽ കൊടിത്തോട്ടവും ഞാനുമായി അത്ര രസത്തിലല്ലെന്ന്. ഞങ്ങൾ തമ്മിൽ വല്ലപ്പോഴുമേ കാണാറുള്ളൂ. എങ്കിലും, കണ്ടു കഴിഞ്ഞാൽപ്പിന്നെ, 'പിരിയാബന്ധമാണിതു യുഗകാലം വരെ'യുമെന്നതുപോലെയാണ്. പല വിഷയങ്ങളെക്കുറിച്ചു ദീർഘനേരം ഞങ്ങൾ തമ്മിൽ സംസാരിക്കാറുണ്ട്. അങ്ങനെ മുഷിച്ചിലില്ലാതെ സംസാരിക്കാൻ കഴിയുന്നവർ വിരളമാണ്. റ്റി. എസ്. ബാലൻ സാർ, എം. വി. ചാക്കോ സാർ എന്നിവരുമായി മണിക്കൂറുകളോളം ഞാൻ സംസാരിച്ചിട്ടുണ്ട്. പാസ്റ്റർ പി. ജി. മാത്യൂസ്, സുവിശേഷകൻ സി. വി. ഫിലിപ്പോസ് (സൈക്കിളുപദേശി) എന്നിവരുമായും അങ്ങനെ സംസാരിക്കാറുണ്ട്. കാനമച്ചന്റെ സംസാരം കേട്ടിരിക്കാനാണ് എനിക്കിഷ്ടം. വളരെ അർത്ഥവത്തായ കാര്യങ്ങൾ, തന്മയത്വത്തോടെ അച്ചൻ പറയുന്നതു കേട്ടു ഞാൻ 'രഞ്ജിച്ചിരുന്നിട്ടു'ണ്ട്.

ബോംബെയിൽ വെച്ചാണു കൊടിത്തോട്ടത്തിന്റെ പ്രസംഗം ഞാൻ ആദ്യമായി കേൾക്കുന്നത്. എനിക്കിഷ്ടപ്പെട്ടു, പലരോടും ഞാനതു പറയുകയും ചെയ്തു. അദ്ദേഹമൊരു രാഷ്ട്രീയനിരീക്ഷകനാണ്. എനിക്കാണെങ്കിൽ, രാഷ്ട്രീയത്തോട് അത്ര താത്പര്യമില്ല. അദ്ദേഹത്തിന് ആധുനിക കവിത (കഥ-വിത) ഇഷ്ടമാണെന്നു പറയുന്നു. എനിക്കതു കണ്ടുകൂടാ (ഗദ്യമെങ്ങനെയാണു കവിതയാകുന്നത്?). ക്ലാസിക്കൽ ഗാനങ്ങൾ ഇഷ്ടപ്പെടുന്നയാളാണു കൊടിത്തോട്ടം. എനിക്കു മെലഡികളും ക്ലാസിക്കലും ഒരുപോലെ ഇഷ്ടമാണ്. അനിലിന്റെ എഴുത്ത് എനിക്കിഷ്ടമാണെന്നു മുൻപുതന്നെ ഈ പംക്തിയിൽ ഞാനെഴുതിയിട്ടുണ്ട്. പിന്നെ, എഴുത്തിൽ എനിക്കു പിടിക്കാതെ വരുന്നതു ചിലപ്പോൾ കാണും. അന്നേരമാണ് എലീഹൂവിനെപ്പോലെ ഞാൻ മറുപടിയെഴുതുന്നത്.

ചില വർഷങ്ങൾക്കുമുമ്പ്, 'ഗലീലിയോയെ തൂക്കിക്കൊന്നു' എന്നൊരു പരാമർശം 'ക്രൈസ്തവചിന്ത'യിൽ അനിൽ എഴുതിക്കണ്ടു. അതു വായിച്ചു 'ചൂടു പിടിച്ച' ഞാൻ, ഒരു തിരുത്ത് എഴുതി അയച്ചു. 'ഗലീലിയോയെ തൂക്കിക്കൊന്നില്ല' എന്ന തലക്കെട്ടായിരുന്നു ഞാനതിനു നൽകിയത്. പത്രാധിപർ ചെയ്ത പണി കേൾക്കണോ? 'അനിലിന്റെ പരാമർശം തെറ്റ്' എന്നുകൂടി അതിന്റെ തുടക്കത്തിൽ വെച്ചുപിടിപ്പിച്ചു. പത്രാധിപരുടെ അവകാശത്തിൽ കൈകടത്താനൊക്കില്ലല്ലോ. ഉള്ളതിനെ ഇല്ലായ്മയാക്കാനും, ഇല്ലാത്തതിനെ ഉള്ളതുപോലെ വിളിച്ചു വരുത്താനും കഴിവുള്ള അത്ഭുതജീവികളാണു പത്രാധിപന്മാർ. എന്റെ വിവാഹം കഴിഞ്ഞപ്പോൾ, അതിനെക്കുറിച്ച് ഒന്നെഴുതിക്കൊടുക്കാൻ ഒരു പത്രാധിപർ സ്നേഹത്തോടെ ആവശ്യപ്പെട്ടു. ഒരു കാർട്ടൂണിന്റെ അകമ്പടിയോടെ ആ കുറിപ്പു പ്രസിദ്ധീകരിച്ചു (ആ പത്രത്തിൽ അന്നു മുടങ്ങാതെ കാർട്ടൂൺ വരയ്ക്കുന്നുണ്ടായിരുന്നു). പക്ഷേ, എന്റെ കുറിപ്പിൽ ഇങ്ങനെയൊരു കൂട്ടിച്ചേർക്കൽ കൂടിയുണ്ടായിരുന്നു: "എന്റെ കാർട്ടൂണുകൾ ആരും ശ്രദ്ധിക്കാതിരുന്നപ്പോൾ, അതു പ്രസിദ്ധീകരിക്കാൻ താത്പര്യം കാട്ടിയ..." എന്തൊരു കള്ളം! എന്റെ കാർട്ടൂണുകൾ കുറഞ്ഞതു രണ്ടു പ്രസിദ്ധീകരണങ്ങളിലെങ്കിലും അതിനുമുമ്പു വന്നിട്ടുണ്ട്. ഇങ്ങനെയുള്ള പത്രാധിപന്മാരുടെകൂടെയാണ് എഴുത്തുകാരും മറ്റും സഹകരിച്ചുപോകുന്നത്.

ജെയ്സ് പാണ്ടനാടിന്റെ എഴുത്തു കൊള്ളാം. ആദ്യമൊക്കെ, വായിക്കാനുള്ള പ്രേരണ അത്രത്തോളമില്ലായിരുന്നുവെന്നാണ് എന്റെ തോന്നൽ. അദ്ദേഹത്തിന്റെ പ്രസംഗങ്ങൾ ഞാനങ്ങനെ കേട്ടിട്ടില്ല. ഒരു ക്ലാസിൽ സംബന്ധിച്ചിട്ടുണ്ട്. ഇനി ജെയ്സിന്റെ പ്രസംഗങ്ങൾ കേൾക്കണമെന്നാഗ്രഹിക്കുന്നു.

കഴിഞ്ഞ ലക്കത്തിലെ എന്റെ കുറിപ്പു 'വികാരപരമായിപ്പോയില്ലേ'യെന്ന സംശയം അനിൽ പ്രകടിപ്പിച്ചിരുന്നു. ശരിയാണ്. അത് എഴുതാതിരിക്കാൻ ആഗ്രഹിച്ചിരുന്നു. എന്റെ പേരിനെക്കുറിച്ചെഴുതി എന്നെ 'ഊതി'യതുകൊണ്ടാണ് (അങ്ങനെയൊരു പ്രയോഗം, പരിഹാസത്തെക്കുറിക്കാൻ, നാട്ടുമ്പുറങ്ങളിലുണ്ടല്ലോ). അത്രയുമെഴുതിപ്പോയത്. ബാക്കിക്കാര്യങ്ങളൊക്കെ അവഗണിക്കാവുന്നവയായിരുന്നു. ഒരു കാർട്ടൂൺകൊണ്ടു മറുപടി നൽകാൻ കഴിയുന്നിടത്ത്, ഇത്രയും സമയം ചെലവിട്ട് എഴുതേണ്ടതുണ്ടോയെന്നു ചിന്തിക്കാറുണ്ട്. കാർട്ടൂണിലൂടെ കാര്യങ്ങൾ പറഞ്ഞുകൊണ്ടിരുന്നപ്പോൾ, ഒറ്റക്കുഞ്ഞുപോലും (വരയ്ക്കാനുപാതികമായി) പ്രതികരണമെഴുതിയിട്ടില്ല! (മെസഞ്ചറിൽ വന്ന രണ്ടെണ്ണമൊഴികെ). കാർട്ടൂണുകളെ (കാർട്ടൂണിസ്റ്റുകളെ) അനിൽ വിലയിരുത്തിയതു ശരിയാണ്. ഇന്നേയ്ക്കു മുപ്പതു വർഷം മുമ്പ്, ഞാൻ യേശുദാസന് ഒരു കത്തയച്ചിരുന്നു. കാർട്ടൂൺ വരയിൽ പരിശീലനം കിട്ടാൽ വല്ല വഴിയുമുണ്ടോയെന്നായിരുന്നു ആ കത്തിൽ ഞാൻ എഴുതിച്ചോദിച്ചത്. അതിനദ്ദേഹം മറുപടി അയച്ചു. കാർട്ടൂൺ അക്കാഡമിയുടെ പ്രസിഡന്റായിരുന്ന (അന്ന്) ശിവറാമിന്റെ മേൽവിലാസം അയച്ചു തന്നു. പക്ഷേ ശിവറാമിനു കത്തയച്ചിട്ടു മറുപടിയൊന്നും കിട്ടിയില്ല. കിട്ടിയിരുന്നെങ്കിൽ, ചിലപ്പോൾ ഏതെങ്കിലും പ്രസിദ്ധീകരണത്തിലെ രാഷ്ട്രീയ കാർട്ടൂണിസ്റ്റാകുമായിരുന്നു. (യാതൊരു പരിശീലനവും കാർട്ടൂണിങ്ങിൽ കിട്ടിയിട്ടില്ല. അതിനുള്ള സാഹചര്യമില്ലായിരുന്നു).

യേശുദാസന്റെ കാർട്ടൂണുകളെക്കുറിച്ചു പറയുമ്പോൾ, "ന: ബ്രൂയാൽ സത്യം അപ്രിയം" എന്ന പഴഞ്ചൊല്ലാണ് ഓർമ്മ വരുന്നത് (എനിക്കു സംസ്കൃതമറിഞ്ഞുകൂടായെങ്കിലും, 'അപ്രിയസത്യം പറഞ്ഞുപോകരുതെ'ന്നാണ് ഇതിന്റെ അർത്ഥമെന്നു തോന്നുന്നു). സത്യമേ പറയാവൂ; പക്ഷേ അനിഷ്ടമായ സത്യം പറയരുത്. കഴിഞ്ഞ കുറെ വർഷങ്ങളായി ഏറ്റവുമധികം ചർച്ച ചെയ്യപ്പെടുന്ന കാർട്ടൂണിസ്റ്റ് ഗോപീകൃഷ്ണനാണ്. പക്ഷേ, ഞണ്ടിന്റെ കൈകാലുകൾപോലെ ആളുകളുടെ കൈയും കാലും വരയ്ക്കുന്നതു കാണുമ്പോൾ ഒരിഷ്ടക്കേടു തോന്നും. മുഖമെല്ലാം കൃത്യമാണ്; ആശയവും മികച്ചതാണ്. അതേ ശൈലി തന്നെയാണു സാക്കീർ ഹുസൈനും സുജിത്തും വരയ്ക്കുന്ന കാർട്ടൂണുകൾക്കുമുള്ളത്. സുജിത്തിന്റെ കഥാപാത്രങ്ങൾ കൈകാലുകൾ മടക്കിവെച്ചിരിക്കുന്നതു കണ്ടാൽ, കെട്ടിടം പണിക്കു കമ്പി വളച്ചുവെച്ചിരിക്കുന്നതുപോലെയാണു തോന്നാറ്. സ്വാഭാവികരീതിയിലുള്ള വരയാണ് എനിക്കിഷ്ടം. ഗോപീകൃഷ്ണന്റെ കാർട്ടൂണുകൾ പകർത്തിവരച്ച്, സംസ്ഥാന സ്കൂൾ യുവജനോത്സവങ്ങളിൽ സമ്മാനം നേടിയ വിരുതനും 'വിരുതി' യുമുണ്ട്. പാവം വിധികർത്താക്കളെക്കുറിച്ചോർത്തു സഹതപിക്കാനേ കഴിയൂ. നിരീക്ഷണപാടവമില്ലാത്ത ആളുകളെയൊക്കെപ്പിടിച്ചാൽ ഇതൊക്കെയല്ലേ സംഭവിക്കൂ? കാർട്ടൂണുകളെക്കുറിച്ചും കാർട്ടൂണിസ്റ്റുകളെക്കുറിച്ചും കുറെ എഴുതാനുണ്ട് അത് ഇനിയൊരു ലക്കത്തിലാകാമെന്നു കരുതുന്നു.

കൊടിത്തോട്ടവും പാണ്ടനാടും ഇന്നു തിരക്കുള്ള പ്രസംഗകരാണ്, എഴുത്തുകാരുമാണ്. ആ നിലയിൽ മുന്നോട്ടു പോകുന്നതിനു കർത്താവ് അവർക്കു കൃപ ചെയ്യട്ടെ.

MOB: 9447368795
beljourn@gmail.Com
beljourn.com/ www.bjournal.org
VOL 07, ISSUE 24

BELIEVERS JOURNAL

BELIEVERS JOURNAL
P. O. BOX NO. 31, MANJADI P.O
THIRUVALLA, KERALA - 689 105

Publishing Date
25/12/2014

RNI. NO. KERMAL/2008/26530 | POSTAL REG. NO. KL/7LA/225/2012-14

# ഡാളസ്സിലെ പെന്തെക്കോസ്ത് സഭകളിലൂടെ...

## ബ്രദർ ബാബു കൊടുന്തറ



കുമ്പനാട് കൊടുന്തറ കെ.സി ചാക്കോയുടെയും കുഞ്ഞമ്മ ചാക്കോയുടെയും മകനായ ബ്രദർ ബാബു കൊടുന്തറ ഐ.പി.സി ജനറൽ കൗൺസിൽ അംഗം ആണ്. ഉദ്യോഗാർത്ഥം 1976-ൽ കുവൈറ്റിൽ എത്തിയ ഇദ്ദേഹം 1992 -ൽ അമേരിക്കയിലെത്തി സൗത്ത് ഫ്ളോറിഡ ഐ.പി.സി. സഭയുടെ സെക്രട്ടറി, ട്രഷറാർ പദവികളും റീജിയൻ കൗൺസിൽ അംഗവുമായിരുന്നു. മികച്ച സംഘാടകനായ ഇദ്ദേഹം 20-ാമത് PCNAK ട്രഷറർ, 4-ാമത് ഐ.പി.സി. ഫാമിലി കോൺഫറൻസ് സെക്രട്ടറി പദവികൾ വഹിച്ചിട്ടുണ്ട്. ഇപ്പോൾ ഡാളസ്സിൽ താമസിക്കുന്നു.

ഭാര്യ: ഏലിയാമ്മ, മക്കൾ: ഗ്രേയ്സ്, ഗ്ലോറി, മേഴ്സി.

Email: jmathew1234@aol.com.

## ബെന്നി ജോൺ



മാവേലിക്കര വഴുവാടി വെള്ളാവിൽ എബനേസറിൽ പാസ്റ്റർ പി.എം ജോൺ - മറിയാമ്മ ദമ്പതികളുടെ മകൻ. ഡിഗ്രി പഠനശേഷം നാട്ടിൽ മെഡിക്കൽ റെപ്പായി ജോലി ചെയ്തു 1985-ൽ ദോഹയിലെത്തി. 1988 മുതൽ USA-യിൽ, PYCD കോർഡിനേറ്റർ ഐ.പി.സി. മിഡ്വെസ്റ്റ് റീജിയൺ പി.വൈ.പി.എ. ട്രഷറർ, റീജിയൻ ജോ. സെക്രട്ടറി, 7-ാമത് ഐ.പി.സി. ഫാമിലി കോൺഫറൻസ് സെക്രട്ടറി, 30-ാമത് പിസിനാക്ക് ട്രഷറർ പദവികൾ വഹിച്ചു. നിലവിൽ ഐ.പി.സി. ജനറൽ കൗൺസിൽ അംഗമായ ഇദ്ദേഹം കാൽവറി പെന്തക്കൊസ്തൽ ചർച്ച് അംഗം ആണ്.

ഭാര്യ: ആലീസ്, മക്കൾ: ജാസ്മിൻ, അലൻ, ഏരൻ

**Email: mvelikarabenny@yahoo.com**

## കുര്യൻ മാത്യു (ഗുഡ്ന്യൂസ്)



ഗുഡ്ന്യൂസ് വീക്കിലി ചെയർമാനായിരുന്ന കോട്ടയം വാകത്താനം പോളച്ചിറ ശാലേമിൽ വി.എം മാത്യുവിന്റെയും ആനി മാത്യുവിന്റെയും മകൻ. പഠനശേഷം നാട്ടിൽ ബിസിനസ് ചെയ്തുവരവെ 1992-ൽ സൗദി അറേബ്യയിലെത്തി. ജനറൽ ഇലക്ട്രിക്കൽസ് ഈസ്റ്റേൺ റീജിയൺ ഓപ്പറേഷൻസ് മാനേജരായിരുന്നു. ഇപ്പോൾ അമേരിക്കയിലും സൗദിയിലുമായി താമസിച്ച് ബിസിനസ് ചെയ്യുന്നു. ഐ.പി.സി. സൗദി റീജിയൺ സെക്രട്ടറി ജനറൽ കൗൺസിൽ അംഗം, ഗുഡ്ന്യൂസ് ഡയറക്ടർ, ശാലേം ട്രാക്ട് സൊസൈറ്റി വൈസ് പ്രസിഡന്റ് (ഓവർസീസ്), ഐ.പി.സി. എഡ്യൂക്കേഷണൽ & വെൽഫെയർ സൊസൈറ്റി ഓഫ് നോർത്ത് അമേരിക്കയുടെ വൈസ് ചെയർമാൻ (ഡവലപ്പ്മെന്റ്) തുടങ്ങിയ പദവികൾ വഹിക്കുന്നു.

ഭാര്യ: ലില്ലി കുര്യൻ, മക്കൾ: ക്രീസ്, സ്റ്റീവ്.

Email:kmato2@gmail.com

## കോരുത് പി ബേബി



മാവേലിക്കര അറുന്നൂറ്റിമംഗലം പുന്നയ്ക്കൽ തെക്കേതിൽ ഗീവർഗ്ഗീസ് - മേരിക്കുട്ടി ദമ്പതികളുടെ രണ്ടാമത്തെ മകനാണ് കോരുത് പി ബേബി. എഞ്ചിനിയറിംഗ് പഠനം പൂർത്തികരിച്ച ഇദ്ദേഹം 1982 -ൽ അമേരിക്കയിലെത്തി. ഐ.പി.സി. എബനേസർ ഫുൾഗോസ്പൽ അസംബ്ലിയുടെ സ്ഥാപകരിലൊരാളായ ഇദ്ദേഹം 40 -ൽ അധികം രാജ്യങ്ങൾ സന്ദർശിച്ചിട്ടുണ്ട്. പ്രഭാഷകനായ ഇദ്ദേഹം 20 വർഷം സഭയുടെ സെക്രട്ടറിയായിരുന്നു. കോരത്ത് ഗ്ലോബൽ മിനിസ്ട്രീസ്, കോരത്ത് ഇൻവെസ്റ്റേഴ്സ് എന്നിവയുടെ പ്രസിഡന്റാണ്.

ഭാര്യ: ശോശാമ്മ കോരുത്, മക്കൾ: ബെസ്റ്റിൻ, ജിൻസി

Email: mrbaby66@yahoo.com

## പാസ്റ്റർ സി. വി. ശാമുവേൽ



അതിരുങ്കൽ ചക്കുതറയിൽ കുടുംബാംഗം. പഠനശേഷം അഹമ്മദാബാദിൽ ജോലി ചെയ്തു. 1973നു കൽക്കട്ടയിൽ ആദ്യ ചർച്ച് ഓഫ് ഗോഡ് സഭ ആരംഭിച്ചു. തുടർന്ന് ജംഷഡ്പൂരിൽ ശുശ്രൂഷകനായി. വീണ്ടും ഗുജറാത്തിൽ മടങ്ങിയെത്തിയ താൻ ജാംനഗർ, അങ്കലേശ്വർ, ബറുച്ച്, മോർബി, മുംബൈ വാശി, അംബർനാ് സഭകളുടെ ശുശ്രൂഷകനായി. 1993-ൽ അമേരിക്കയിലെത്തിയ താൻ ഡിട്രോയ്റ്റിൽ ഐ. പി. എ. സഭയുടെ അസോസിയേറ്റ് പാസ്റ്ററായി പ്രവർത്തിച്ചു. ഇപ്പോൾ ഡാളസിൽ താമസിക്കുന്നു. ഭാര്യ: ഏലിയാമ്മ. മക്കൾ: ഷാജി, ജസ്സി, പാസ്റ്റർ ഷിബു സാമുവേൽ.

## ഏബ്രഹാം ബേബി (സാബു)



മാവേലിക്കര അറുന്നൂറ്റിമംഗലം പുന്നയ്ക്കൽ തെക്കേതിൽ ഗീവർഗ്ഗീസ്-മേരിക്കുട്ടി ദമ്പതികളുടെ മകനായ സാബു 1990 -ൽ അമേരിക്കയിലെത്തി. ഐ.പി.സി. എബനേസർ ഫുൾഗോസ്പൽ അസംബ്ലിയുടെ സെക്രട്ടറിയാണ് ഇപ്പോൾ. PYCD- യുടെ കോർഡിനേറ്ററായി പ്രവർത്തിച്ചിട്ടുള്ള ഇദ്ദേഹം സഭയുടെ മലയാളം വർഷിപ്പ് ലീഡറായും പ്രവർത്തിച്ചിട്ടുണ്ട്. മികച്ച സംഘാടകൻ. റാന്നി കപ്പമാമ്മൂട്ടിൽ ബിനുവാണ് ഭാര്യ. മകൻ: ജെബ്സൺ.

Email: sabubinu@hotmail.com

## ബ്രദർ വെസ്ലി മാത്യു



ഗുഡ്ന്യൂസ് വീക്കിലി ചെയർമാനായിരുന്ന കോട്ടയം വാകത്താനം പോളച്ചിറ ശാലേമിൽ വി.എം മാത്യുവിന്റെയും ആനി മാത്യുവിന്റെയും ഇളയ മകനാണ്. ഡാളസിൽ താമസിച്ച് ബിസിനസ്സ് രംഗത്ത് പ്രവർത്തിക്കുന്ന വെസ്ലി മാധ്യമരംഗത്തും സജീവസാന്നിധ്യമാണ്. ശാലേം ട്രാക്റ്റ് സൊസൈറ്റി, ഗുഡ് ന്യൂസ് ചാരിറ്റബിൾ ട്രസ്റ്റ്, മലബാർ മിഷൻ എന്നിവയുടെ ചുമതലക്കാരിൽ പ്രധാന പങ്കുവഹിക്കുന്ന വെസ്ലി തൂലികാ ടി. വി.യിലെ ഗസ്റ്റ് റൂം പ്രോഗ്രാമിന്റെ അവതാരകൻ കൂടിയാണ്.

ഭാര്യ: പ്രിയ മാത്യു

മക്കൾ: ആഞ്ചലിന, ആൻഡ്രൂ

Email: weslymathew@gmail.com

## ബ്രദർ സാം മാത്യു



കൊല്ലം ജില്ലയിലെ കുന്നത്തൂർ (തുരുത്തിക്കര സ്വദേശിയായ) ബ്രദർ സാം മാത്യു കഴിഞ്ഞ 20 വർഷമായി ഡാളസിൽ താമസിക്കുന്നു. ഫിസിഷ്യൻ അസിസ്റ്റന്റായി ജോലി ചെയ്യുന്ന ബ്രദർ സാം മാത്യു എഴുത്തുകാരനും സംഘാടകനുമാണ്. ഐ.പി.സി. ഹെബ്രോൻ ഡാളസ് യൂത്ത് ഡയറക്ടർ, പി.വൈ.സി.ഡി. മീഡിയ കോർഡിനേറ്റർ, തൂലിക ടി.വി. വീക്ക്‌ലി ന്യൂസ് അവതാരകൻ എന്നീ നിലകളിൽ പ്രവർത്തിക്കുന്ന ഇദ്ദേഹം കേരളാ പെന്തെക്കോസ്തൽ റൈറ്റേഴ്സ് ഫോറം നാഷണൽ ട്രഷറാർ, മിഡ്വെസ്റ്റ് റീജിയൻ പി.വൈ.പി.എ. പ്രസിഡന്റ്, പി.സി.എൻ.എ.കെ, മിഡ്വെസ്റ്റ്, പി.വൈ.സി.ഡി. സ്മരണികളുടെ എഡിറ്റർ എന്നീ ചുമതലകളും വഹിച്ചിട്ടുണ്ട്.

ഭാര്യ- ലിജി, മക്കൾ : ജാസ്മിൻ, ജോഷ്വാ

Email: iwitness76@gmail.com




Printed & Published by Peter Mathew Owned By M.V. Philip Mekkattu House, Payippad P.O, Alappuzha- 690 556, Samkutty Mathew Koipurath House, Makkapuzha.P.O., Ranni,PTA - 689 676, Peter Mathew, Valliyathu House, Kallumkal P.O., Thiruvalla, PTA- 689 111. Published From P.B. No. 8, R.S.P.O.Thiruvalla, Pin: 689 111 Pathanamthitta (Dist) & Printed at Cochin Printech Pvt Ltd., Udyogamandal P.O., Ernakulam Dist. Kerala, Editor - Samkutty Mathew.